KOTTAYAM PUBLIC LIBRARY

Call No. M297 Acc. No 95663

Author മുഹമ്മദ് ടി

Title ഇസ്ലാമിലെ സാമ്പത്തിക പ്രശ്നങ്ങൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

94б

KOTTAYAM PUBLIC LIBRARY
45663

# ഇസ്‌ലാമിലെ നവോത്ഥാന പ്രസ്ഥാനങ്ങൾ

ടി. മുഹമ്മദ്

NATIONAL BOOK STALL
S.P.C.S. LTD.
BR. KOTTAYAM.

I. P. H. പ്രസിദ്ധീകരണം NO. 41

# ISLAMILE NAVOTHANA PRASTHANANGAL

ഒന്നാം പതിപ്പ് കോപ്പി 2000

*Price Re: 1/=*

*Author: T. Muhammed*

*Printed at Prabodhanam Press*
*Marikunnu, Calicut*

*Published by:-*
**Islamic Publishing House,**
**Marikunnu, Calicut**
October 1964

1963 ഒടുവിലും 1964 ആദ്യത്തിലും ചേന്ന ജമാഅത്തെ ഇസ്ലാമി കേരള ശാഖയുടെ മേഖലാ സമ്മേളനങ്ങളിൽ ഒരു പ്രബന്ധ രൂപത്തിൽ അവതരിപ്പിച്ചതാണിത്. പുസ്തകരൂപം നല്കിയപ്പോാം ഇതിൽ പുതിയ ചില അദ്ധ്യായങ്ങാം കൂട്ടിച്ചേത്ത് പരിഷ്കരിച്ചിരിക്കുന്നു.. ചരിത്രത്തിന്റെ ഓരോ ഘട്ടത്തിലും പുനരാവിർഭവിച്ച ഇസ്ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ സവിശേഷ സ്വഭാവങ്ങാം ഈ ഗ്രന്ഥത്തിൽ മൊത്തമായെങ്കിലും പ്രകാശിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

സഹൃദയരുടെ സ്നേഹപൂർവ്വമായ ഉപദേശ നിർദ്ദേശങ്ങാം സ്വാഗതം ചെയ്യപ്പെടും.

—ഗ്രന്ഥകർത്താ

# വിഷയവിവരം


| | | പുറം |
|---|---|---|
| 1 | പീഠിക | 1 |
| 2 | ഇരുപതാം നൂററാണ്ടിലെ മനുഷ്യൻ | 3 |
| 3 | വിപ്ലവാത്മകമായ പരിവർത്തനങ്ങൾ | 5 |
| 4 | പ്രവാചകമിഷ്യൻ | 7 |
| 5 | 'ഹിക്മത്ത്' | 10 |
| 6 | നൂഹ് നബി | 12 |
| 7 | ഇബ്രാഹീം നബി | 13 |
| 8 | യൂസുഫ് നബി | 16 |
| 9 | മൂസാനബി | 17 |
| 10 | ശുഐബ് നബി | 18 |
| 11 | ഈസാനബി | 19 |
| 12 | മുഹമ്മദ് നബിയുടെ സമുദ്ധാരണം | 28 |
| 13 | ഇസ്ലാമിക പരിഷ്കർത്താക്കളും പരിഷ്കരണവും | 35 |
| 14 | അബൂബക്കർ സിദ്ദീഖ് | 39 |
| 15 | ഖുലഫാഉർറാശിദുകൾക്കുശേഷം | 40 |
| 16 | ഉമറുബ്നു അബ്ദിൽഅസീസ് | 41 |
| 17 | നാലുഇമാമുകൾ | 44 |
| 18 | ഇമാം ഗസ്സാലി | 47 |
| 19 | ശൈഖുൽഇസ്ലാം ഇബ്നുതൈമിയ്യ: | 51 |
| 20 | ശൈഖ് അഹ്മദ് സർഹിന്ദി | 55 |
| 21 | ശാഹ് വലിയ്യുല്ലാഹിദ്ദഹ്ലവി | 58 |
| 22 | ശൈഖ് മുഹമ്മദുബ്നു അബ്ദുൽവഹ്ഹാബ് | 66 |
| 23 | സയ്യിദ് അഹ്മദും ശാഹ് ഇസ്മാഈലും | 70 |
| 24 | അഭിനവയുഗത്തിന്റെ സവിശേഷത | 85 |

PUBLIC LIBRARY KOTTAYAM

## പീഠിക

ഇസ്ലാമിക പ്രബോധനത്തിന്ന മനുഷ്യോല്പത്തിയുടെ പാരമ്പര്യമുണ്ടെന്നു നാം വിശ്വസിക്കുന്നു. ഒരു ദൈവിക മാർഗ്ഗദർശനവുമായാണ് ആദിമ മനുഷ്യൻ ഇയ്യുലകത്തിലാഗതനായത്. എന്നാൽ, കാലാന്തരേണ മനുഷ്യൻ ആ ദിവ്യപന്ഥാവിൽനിന്നും വ്യതിചലിക്കാൻ തുടങ്ങി. തദവസരം അവനെ ഉദ്ധരിക്കേണ്ടതിനായി ഉദ്ധാരകന്മാരെ അല്ലാഹു നിയോഗിച്ചു. അവരെയാണ് നാം 'പ്രവാചകന്മാർ' എന്നോ, 'ദൂതന്മാർ' എന്നോ വിളിക്കുന്നത്. പ്രവാചകനിയോഗപരമ്പര വളരെ കാലത്തോളം തുടർന്നുപോന്നു. അങ്ങനെ മുഹമ്മദ് മുസ്തഫാ, അഹ്മദ് മുജ്തബാ(സ) തിരുമേനിയെക്കൊണ്ട് ആ പരമ്പരയ്ക്കു വിരാമമിടപ്പെട്ടിരിയ്ക്കുകയാണ്. ഇനി പുതിയൊരു പ്രവാചകനോ നവീനമായൊരു ദൈവസന്ദേശമോ പ്രതീക്ഷിക്കാനില്ല. അന്ത്യപ്രവാചകർക്ക് ശേഷം സമുദായ സമുദ്ധാരണചുമതല അവിടുത്തെ 'ഉമ്മത്തി'നെയാണ് അല്ലാഹു വഹിപ്പിച്ചിരിയ്ക്കുന്നത്. 'ഉമ്മത്ത് മുസ്ലിമഃ' (മുസ്ലിം സമുദായം) എന്ന പേരിൽ തിരുനബി (സ) ഈ ജമാഅത്തിനെ സംഘടിപ്പിച്ചതിൻെറ ഉദ്ദേശ്യവും അതത്രെ. അവർക്ക് മാർഗ്ഗദർശനത്തിന്നായി പരിശുദ്ധ

ഖുർആനും തിരുനബിയുടെ ജീവിതചര്യയും യഥാതഥ മായി അല്ലാഹു നിലനിർത്തിയിരിക്കുന്നു. 1400 ഓളം വത്സരങ്ങളായി മുസ്ലിംകളിലെ മഹാവ്യക്തികൾ ആ ഭാരിച്ച ചുമതല നിർവ്വഹിച്ചുവരുന്നു. ജനജീവിതത്തിൽ നുഴഞ്ഞുകയറിയ 'ജാഹിലിയ്യത്ത്'കളെയും 'ബിദ്അത്ത്' കളെയും തുത്തുമാററി, തൽസ്ഥാനത്ത് ഇസ്ലാമികാചാ രങ്ങളെയും സുന്നത്തുകളെയും പുനസ്ഥാപിക്കുകയെന്നാ ണ് സമുദായ സമുദ്ധാരണംകൊണ്ടിവിടെ വിവക്ഷിച്ചി ട്ടുള്ളത്. മഹത്തും ബൃഹത്തുമായ ഈ മാനവ സേവന ത്തിന്നായി ഓരോ ചരിത്രഘട്ടത്തിലും നബിമാരല്ലാത്ത പരിഷ്കർത്താക്കളെ ഈ ഉമ്മത്തിൽ അല്ലാഹു നിയോഗിച്ചു കൊണ്ടിരിക്കുകയെന്നത് അവൻെറ ഒരു സുന്നത്താ (നടപടിക്രമം)ണ്. ഈ സംഗതി അന്ത്യപ്രവാചകർ ദീർഘദർശനം ചെയ്തിട്ടുമുണ്ട്:

ان الله يبعث على راس كل ماة سنة من يجدد لهذه الامة امر دينها

(ഓരോ നൂററാണ്ടിൻെറയും തലക്കൽ, ഈ സമുദായത്തി ന് അതിൻെറ ദീൻകാര്യത്തെ നവീകരിയ്ക്കുന്നവരെ അല്ലാഹു നിയോഗിയ്ക്കുന്നതായിരിയ്ക്കും, തിർ!)

ഇസ്ലാമിൻെറ നവോത്ഥാനം എന്ന മഹത്തായ ലക്ഷ്യത്തെ മുമ്പിൽവച്ചു സംഘടിച്ചു പ്രവർത്തിയ്ക്കുന്ന അധുനാതന ഇസ്ലാമിക പാർട്ടിയത്രെ 'ഇന്ത്യൻ ജമാഅ ത്തെ ഇസ്ലാമി!' ജമാഅത്തെ ഇസ്ലാമി കേരളശാഖയുടെ ഈ മേഖലാ സമ്മേളനത്തിൽ, കഴിഞ്ഞകാലത്തെ ഇസ്ലാ മിക പ്രബോധന ചരിത്രത്തിലേയ്ക്കൊന്നെത്തിനോക്കു ന്നതു് ഉചിതമായിരിയ്ക്കുമെന്നു കരുതുന്നു. ഈ പ്രബന്ധം കൊണ്ടുദ്ദേശിച്ചതും അതത്രെ. സമയം തീരെ പരിമിത

മായിരിക്കയാൽ സവിസ്തരമായ വിശകലനം സാധ്യമല്ല· കേവലമൊരു മിന്നലോട്ടം നടത്താനേ തല്ക്കാലം മുതിരുന്നുള്ളു. അതിനുമുമ്പായി ആധുനികയുഗത്തിൻെറ സവിശേഷതയെപ്പററി ഇവിടെയൊരു സൂചന നല്കിക്കൊള്ളട്ടെ.

## ഇരുപതാം നൂററാണ്ടിലെ മനുഷ്യൻ

അസംഖ്യം കഴിവുകളുടെ ഒരത്ഭുതപ്രപഞ്ചമത്രെ ഇരുപതാം നൂററാണ്ടിലെ മനുഷ്യൻ. അവൻെറ സിദ്ധി അജയ്യമാണ്; അവൻെറ പുരോഗതി അപ്രതിരോധ്യമാണ്!

ഇന്നു, മനുഷ്യൻെറ കൈകൾക്കു വലിയ വലിയ യന്ത്രങ്ങൾ ചലിപ്പിയ്ക്കുവാൻ കഴിവുണ്ട്; അവൻെറ കാലുകൾക്കു ശബ്ദവേഗത്തിൽ ആഗോളപ്രദക്ഷിണം ചെയ്യുവാൻ കരുത്തുണ്ട്. അവൻെറ കണ്ണുകൾ അതിമാത്രം സൂക്ഷ്മമായ പരമാണുവിനെപ്പോലും നോക്കിക്കാണുന്നു. അവൻെറ കാതുകൾ ആയിരമായിരം കാതങ്ങൾക്കപ്പുറത്തുനിന്നും വാർത്താ-ഗാനങ്ങൾ കേൾക്കുന്നു. പാരാവാരത്തിൻെറ വിരിമാറു പിളർന്നു, മത്സ്യത്തെപ്പോലെ അവൻ ഊളിയിടുന്നു. വിഹായസ്സിൻെറ വക്ഷസ്സ് ഭേദിച്ച്, പക്ഷിയെപ്പോലെ അവൻ പക്ഷം വിരുത്തി കുതിച്ചുയരുന്നു.

മനുഷ്യനെസ്സംബന്ധിച്ചിടത്തോളം വിദൂരത ഇന്നൊരു പ്രശ്നമല്ല. വൻകരകൾ തമ്മിലുള്ള ഗതാഗതബന്ധം എത്രയോ മുമ്പുതന്നെ അവൻ സ്ഥാപിച്ചുകഴിഞ്ഞു. ഗോളാന്തര ഗതാഗതം പോലും അവനിന്നു സാധിതപ്രായമായിവരികയാണ്. മനുഷ്യൻെറ വിദ്യയും

യും സിദ്ധിയും കൂമ്പടഞ്ഞിട്ടില്ല; ഉത്തരോത്തരം വളൎന്നു വികസിക്കുകയാണ്. പ്രകൃതി അവന്റെ മുമ്പിൽ ഓച്ഛാനിച്ചുനില്ക്കുന്നു. പ്രപഞ്ചകൎത്താവ് ആദ്യമേ പറഞ്ഞു:

هُوَ الَّذِي خَلَقَ لَكُمْ مَا فِي الْأَرْضِ جَمِيعًا — البقرة

(ഭൂലോകത്തുള്ള സമസ്തവും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചിട്ടുള്ളവനത്രെ അല്ലാഹു! 2: 29)

وَسَخَّرَ لَكُمْ مَا فِي السَّمٰوَاتِ وَمَا فِي الْأَرْضِ جَمِيعًا مِنْهُ — الجاثية

(പ്രപഞ്ചത്തിൽ സ്ഥിതിചെയ്യുന്നതൊക്കെയും, അല്ലാഹു തന്റേതെന്ന നിലയിൽ നിങ്ങൾക്കു വിധേയമാക്കിച്ചെയ്തിരിക്കുന്നു. 45: 15)

وَسَخَّرَ لَكُمُ الْفُلْكَ لِتَجْرِيَ فِي الْبَحْرِ بِأَمْرِهِ وَسَخَّرَ لَكُمُ الْأَنْهَارَ،
وَسَخَّرَ لَكُمُ الشَّمْسَ وَالْقَمَرَ دَائِبَيْنِ وَسَخَّرَ لَكُمُ اللَّيْلَ وَالنَّهَارَ،
وَآتَاكُمْ مِنْ كُلِّ مَا سَأَلْتُمُوهُ، وَإِنْ تَعُدُّوا نِعْمَةَ اللهِ لَا تُحْصُوهَا

ابراهيم

(തന്റെ ആജ്ഞാനുസൃതം സമുദ്രത്തിൽ ഓടേണ്ടതിനായി കപ്പലിനെ അല്ലാഹു നിങ്ങൾക്കു വിധേയമാക്കി. നദികളേയും അവൻ നിങ്ങൾക്കു വിധേയങ്ങളാക്കി. സന്തതചാരികളായിക്കൊണ്ട് സൂൎയ്യചന്ദ്രന്മാരെയും അവൻ നിങ്ങൾക്കു വിധേയങ്ങളാക്കി. രാപ്പകലുകളെയും നിങ്ങൾക്കവൻ വിധേയങ്ങളാക്കി. നിങ്ങളാവശ്യപ്പെട്ടതൊക്കെയും അവൻ നിങ്ങൾക്കു പ്രദാനം ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹം എണ്ണുന്നപക്ഷം നിങ്ങൾ തിട്ടപ്പെടുത്തുന്നതല്ല 14 32 34)

ഉപര്യുക്തങ്ങളായ വിളംബരങ്ങളുടെ പൊരുൾ തികച്ചും സാക്ഷാല്ക്കരിക്കുകയാണ് അഭിനവ മനുഷ്യൻ. ഭൗതികവിദ്യകളിലൂടെയും ശാസ്ത്രീയ സിദ്ധികളിലൂടെയും അവനിന്നു സാധിച്ചിട്ടുള്ള നേട്ടങ്ങൾ സീമാതീതമത്രെ. ആകപ്പാടെ നോക്കിയാൽ, ഭൂഗോളമിന്നു ഒരു കൊച്ചു ഗ്രാമംപോലെയും, മുന്നൂറിൽപരം കോടിവരുന്ന മനുഷ്യ മഹാജനസംഖ്യയും ആ ഗ്രാമത്തിൽ വസിക്കുന്ന ഒരു കുടുംബം പോലെയും ഇതരേതരം അടുത്തിരിയ്ക്കുയാണ്. എന്നാൽ, ആരംഭത്തിലേ ഈ നിലയിലായിരുന്നുവോ മനുഷ്യൻ?

## വിപ്ലവാത്മകമായ പരിവർത്തനങ്ങൾ

മനുഷ്യൻ എക്കാലത്തും ഒരേ നിലയിലായിരുന്നില്ലെന്നു അവൻെറ ഭൂതകാലചരിത്രം വിളിച്ചോതുന്നു. ഒരു ഘട്ടത്തിൽ അവനീ ലോകത്ത് തനി പ്രാകൃതനായി ജീവിതം നയിച്ചിട്ടുണ്ട്. കേവലം പ്രകൃതിദത്തമായ പദാർത്ഥങ്ങളെ ആശ്രയിച്ചായിരുന്നു, അന്നവൻെറ ജീവസന്ധാരണം. അതുകൊണ്ടുതന്നെ അവൻെറ ജീവിത പ്രശ്നങ്ങൾ തുലോം ലളിതവുമായിരുന്നു. പ്രകൃതി വിഭവങ്ങൾ, അതായത്, ഫലമൂലാദികളും അരുവിയാറുകളിലെ വെള്ളവും മരങ്ങളുടെ ഇലയും. ഏതൊരിടത്തും സുലഭമായികിട്ടും. അന്നത്തെ പ്രാകൃതയുഗത്തിൽ നിന്നും ഇന്നത്തെ പരിഷ്കൃത യുഗത്തിലേയ്ക്കു് മനുഷ്യൻ പ്രയാണം ചെയ്തെത്തിയത് എത്രയെത്ര പരിവത്തന ദശകളെ പിന്നിട്ടിട്ടാണെന്നോ!

മനുഷ്യ ചരിത്രത്തിൽ വിപ്ലവാത്മകമായ നിരവധി പരിവത്തനഘട്ടങ്ങൾ കടന്നു പോയിട്ടുണ്ട്. ജീവിതത്തിൻെറ ഏതെങ്കിലുമൊരു വശത്ത് മാത്രമല്ല പ്രസ്തുത

മാററങ്ങൾ സംഭവിച്ചുള്ളു; പ്രത്യുത, ഉപജീവനം, വേഷം, ഭാഷ, അധിവാസം, വിദ്യാഭ്യാസം, മതം, ആചാരം, തത്വചിന്ത, സംസ്കാരം, നാഗരികത, സാമൂഹ്യ സംവിധാനം, സമ്പദ്‌വ്യവസ്ഥ, ഭരണസമ്പ്രദായം, നീതിന്യായക്രമം എന്നുവേണ്ട, ജീവിതത്തിൻെറ ഏതേതു തുറകളിലും വമ്പിച്ച മാററങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. ആ മാററങ്ങളെ ആസ്പദമാക്കിയാണ്, ചരിത്രകാരന്മാർ മനുഷ്യചരിത്രത്തെ വിവിധഘട്ടങ്ങളായി തരം തിരിച്ചിട്ടുള്ളത്. സുപ്രശസ്ത ചരിത്രകാരനായ മോർഗൻ അതിനെ, കാടന്മാരുടെ കാലം (*Savagery*), അപരിഷ്കൃതരുടെ കാലം (*Barbarism*), നാഗരിക കാലം (*Civilization*) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി തിരിച്ചിരിയ്ക്കുന്നു. (1)

മനുഷ്യൻെറ അടിസ്ഥാനജീവിതപ്രശ്നം എക്കാലത്തും ഒന്നാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. എന്നാൽ, പ്രായോഗികജീവിതത്തിൽ, ഓരോ ചരിത്രഘട്ടത്തിലും ഓരോതരം പ്രശ്നങ്ങളാണ് മുഴച്ചു നിന്നിരുന്നതെന്നു നമുക്ക് കാണ്മാൻ കഴിയും. അതതു കാലത്തിൻെറ താല്പര്യങ്ങൾക്കൊത്ത് പ്രശ്നങ്ങൾ മാറിമാറി വരുന്നു. കേവലമായ പ്രകൃതി വിഭവങ്ങളെടുത്ത് ഭുജിച്ചിരുന്ന കാലത്ത് മനുഷ്യൻെറ ജീവിതപ്രശ്നം വളരെ സരളമായിരുന്നുവെന്നു സൂചിപ്പിച്ചുവല്ലൊ. മനുഷ്യൻ പരിഷ്കൃത ജീവിതത്തിലേയ്ക്കു പാദമൂന്നിയതോടെ അവൻെറ പ്രശ്നം പെരുകാനും സങ്കീർണ്ണത പ്രാപിയ്ക്കാനും തുടങ്ങി. ഈ മാററത്തിനൊത്ത് ജീവിതരംഗങ്ങളിലെല്ലാം തദനുരൂപമായ പരിവർത്തനങ്ങളുളവായി. ചരിത്രത്തിൻെറ മാർക്സിയൻ വീക്ഷണപ്രകാരം, "സാമ്പത്തിക

---

(1) 'മനുഷ്യൻ' കെ. ദാമോദരൻ പേ: 55

ഘടനയാണ് പശ്ചാത്തലത്തിലുള്ള സാമൂഹ്യബന്ധങ്ങളുടെയും ആശയങ്ങളുടെയും സ്ഥാപനങ്ങളുടെയും അടിത്തറ. നിർദ്ദിഷ്ടമായ ഒരടിത്തറമേലുയർന്നുവരുന്ന സാമൂഹ്യാശയങ്ങളും (രാഷ്ട്രീയവും നീതിന്യായപരവും തത്വജ്ഞാനപരവും മതപരവും മററുമായ ആശയങ്ങൾ) സ്ഥാപനങ്ങളും (ഭരണകൂടം, പള്ളി മുതലായവ) സംഘടനകളും (രാഷ്ട്രീയ പാർട്ടികൾ തുടങ്ങിയവ) ആണ് സമുദായത്തിലെ ഉപരിഘടന!" (2)

പ്രസ്തുത ചരിത്രവീക്ഷണത്തെ ഇസ്ലാം പൊതുവിൽ അംഗീകരിക്കുന്നില്ലെങ്കിലും, മനുഷ്യൻെറ സാമൂഹ്യബന്ധങ്ങളിലും അവയുടെ അടിത്തറയിലും ഉപരിക്കൂടത്തിലും കാലോചിതമായ മാററങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത അതൊരിയ്ക്കലും നിഷേധിച്ചിട്ടില്ല. എന്നല്ല, ഇത്തരം മാററങ്ങളെ തുടർന്നാണ് 'ഹക്കീമും' 'അലീമു'മായ അല്ലാഹു വിവിധ ചരിത്രഘട്ടങ്ങളിൽ, വിവിധ ജനപദങ്ങൾക്ക് വേറെവേറെ വേദങ്ങളും നിയമസംഹിതകളും അവതരിപ്പിച്ചുകൊണ്ടിരുന്നത്.

## പ്രവാചകന്മാരുടെ മിഷ്യൻ

ഒററ വാക്കിൽപറഞ്ഞാൽ സമുദായ സമുദ്ധാരണമായിരുന്നു, പ്രവാചകന്മാരുടെ മിഷ്യൻ. അതായത് നിലവിലിരുന്ന ജനജീവിതത്തിൽ തകർന്നു വഷളായിക്കഴിഞ്ഞ വശങ്ങളെ സംസ്കരിച്ചു വളർത്തുകയും, മനുഷ്യരെ ആത്മീയമായും ഭൗതികമായും ഉത്തേജിപ്പിക്കുകയും ചെയ്യുക. ഈ നിലയ്ക്കു നോക്കിയാൽ എല്ലാ ഓരോ പ്രവാചകൻെറയും അടിസ്ഥാനപ്രബോധനം ഒന്നുതന്നെയാണെങ്കിലും അവരുടെ കർമ്മനയങ്ങൾ കാലോചിതമായി

(2) ചരിത്രത്തിൻെറ ഭൗതികവ്യാഖ്യാനം പേ: 222

വ്യത്യസ്തങ്ങളായിരുന്നുവെന്നു കാണാം. അടിസ്ഥാന പ്രബോധനത്തിൻെറ ഏകീഭാവത്തെപ്പററി അല്ലാഹു ഇങ്ങനെ അരുൾചെയ്തിരിക്കുന്നു:

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا

الطَّاغُوتَ - النحل

(എല്ലാ ഓരോ ജനപദത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. 'അല്ലാഹുവിനു ഇബാദത്ത് ചെയ്യുക, താഗൂത്തിനെ (ദൈവവിരുദ്ധ ശക്തികൾക്കനുസരണം കാണിക്കുന്നതിനെ) പരിത്യജിക്കുക,' (എന്നതായിരുന്നു അവരുടെ ദൗത്യം.) 16: 36)

എന്നാൽ ഈ ദൗത്യത്തിൻെറ വിശദാംശങ്ങളിലും ഇബാദത്തിൻെറ രൂപങ്ങളിലും ജീവിതത്തിൻെറ നിയമസംഹിതകളിലും ആദർശം പ്രബോധനം ചെയ്യുന്നരീതികളിലും പ്രായോഗിക പ്രശ്നങ്ങൾക്കു നിവാരണം കാണുന്ന മാർഗ്ഗങ്ങളിലും മററും കാലോചിതവും സന്ദർഭാനുസൃതവുമായ മാററങ്ങൾ വരുത്തപ്പെട്ടിരുന്നു. ഇബാദത്തുകളുടെ രൂപവ്യത്യാസത്തെപ്പററി അല്ലാഹു പറയുന്നത് നോക്കുക:

لِكُلِّ أُمَّةٍ جَعَلْنَا مَنْسَكًا هُمْ نَاسِكُوهُ - الحج

(ഓരോ സമുദായത്തിനും ഓരോ ആരാധനാമാർഗ്ഗമാണ് നാം നിശ്ചയിച്ചിട്ടുള്ളത്. ആ മാർഗ്ഗമവലംബിച്ച് ആരാധന നടത്തുന്നവരാകുന്നു അവർ. 22: 6)

നിയമസംഹിതകളിലും കർമ്മമാർഗ്ഗങ്ങളിലുമുള്ള അന്തരത്തെപ്പററി അല്ലാഹു പറയുന്നു:

لِكُلٍّ جَعَلْنَا مِنْكُمْ شِرْعَةً وَمِنْهَاجًا ــ المائدة

(നിങ്ങളിലോരോ വിഭാഗത്തിന്നും ഓരോ നിയമസംഹിതയും കർമ്മമാർഗ്ഗവും നാം നിശ്ചയിച്ചിരിക്കുന്നു. (5: 45)

ഇതേപ്രകാരംഓരോ ഉമ്മത്തിന്നും ഓരോ 'ഖിബ്ല' യും അഭിമുഖകേന്ദ്രവുമാണുണ്ടായിരുന്നത്:

لِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا ــ البقرة

(ഓരോരുത്തന്നും ഓരോ അഭിമുഖകേന്ദ്രമുണ്ട്. അതിനെ അഭിമുഖീകരിക്കുന്നവനത്രെ അവൻ. (2: 148)

തനതുഘട്ടത്തിലെ ജനജീവിതത്തിലുള്ളവായ വിഷമപ്രശ്നങ്ങൾക്കു വിധിനിർണ്ണായകമായ പരിഹാരം കാട്ടിക്കൊടുപ്പാൻ വേണ്ടിയും, ദൈവനിർദ്ദിഷ്ടമായ പരിഹാരം അംഗീകരിച്ചാലുള്ള മെച്ചങ്ങളെപ്പററി സന്തോഷവാർത്തയും, അതു തിരസ്കരിച്ചാലുള്ള വിനാശങ്ങളെപ്പററി മുന്നറിയിപ്പും കൊടുക്കേണ്ടതിനുവേണ്ടിയുമത്രെ പ്രവാചകന്മാരെയും അവരോടൊന്നിച്ചു വേദങ്ങളെയും അല്ലാഹു അയച്ചിരുന്നത്:

فَبَعَثَ اللهُ النَّبِيِّينَ مُبَشِّرِينَ وَمُنْذِرِينَ وَأَنْزَلَ مَعَهُمُ

الْكِتَابَ بِالْحَقِّ لِيَحْكُمَ بَيْنَ النَّاسِ فِيمَا اخْتَلَفُوا فِيهِ

ــ البقرة .

(ശുഭവൃത്താന്തവും മുന്നറിയിപ്പും നല്കുന്നവരായിക്കൊണ്ട് പ്രവാചകന്മാരെ അല്ലാഹു അയച്ചു. അവരോടൊപ്പം

യഥാർത്ഥ (പരിഹാരനിർദ്ദേശ)ത്തോടുകൂടി വേദത്തെയും അവൻ അവതരിപ്പിച്ചു, ജനങ്ങൾ തമ്മിൽ ഭിന്നിച്ചിട്ടുള്ള പ്രശ്നങ്ങളിൽ, അവരുടെ മദ്ധ്യേ വിധിനിർണ്ണായകമായ തീരുമാനം കല്പിയ്ക്കുവാൻ വേണ്ടി. (2: 213)

അല്ലാഹു ഇവിടെ ആദ്ധ്യാത്മിക പ്രശ്നമെന്നോ, ഭൗതിക പ്രശ്നമെന്നോ വ്യവച്ഛേദം ചെയ്തിട്ടില്ല. അതിനാൽ പൊതുവെ എല്ലാ ജീവിതപ്രശ്നങ്ങളും വിവക്ഷിതമാണെന്നു് നാം മനസ്സിലാക്കണം. അവയ്ക്കു ശരിയായ നിവാരണം വരുത്തി സമുദായത്തിൻ്റെ മനേതൃത്വം നല്കുകയാണ് പ്രവാചക ശിരോമണികൾ ചെയ്തത്. അതുകൊണ്ടാണ്, അവർക്ക് കിതാബോടൊപ്പം 'ഹുക്മും' (ശാസനാധികാരം) നല്കപ്പെട്ടിരുന്നത്:

أُولَئِكَ الَّذِينَ آتَيْنَاهُمُ الْكِتَابَ وَالْحُكْمَ وَالنُّبُوَّةَ — الأنعام

(നാം വേദവും ശാസനാധികാരവും പ്രവാചകത്വവും നല്കിയിട്ടുള്ളവരത്രെ അവർ (6: 89)

## 'ഹിക്മത്ത്'

'ഹുക്മ്' മാത്രമല്ല, 'ഹിക്മത്തും' നല്കപ്പെട്ടിരുന്നു, പ്രവാചകന്മാർക്ക്. (ഖു: 3: 81) ഹിക്മത്തോടും യുക്തിദീക്ഷയോടുംകൂടിയാണ് ജനങ്ങളെ സത്യപന്ഥാവിലേയ്ക്കു അവർ ക്ഷണിച്ചിരുന്നത്. അങ്ങനെ ചെയ്യുവാൻ സത്യപ്രബോധകർ അനുശാസിയ്ക്കപ്പെട്ടിട്ടുമുണ്ടു്:

ادْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ — النحل

(യുക്തിദീക്ഷയോടും സദുപദേശത്തോടുംകൂടി താങ്കളുടെ നാഥൻെറ മാർഗ്ഗത്തിലേയ്ക്കു (ജനങ്ങളെ) പ്രബോധനം ചെയ്യുക. (16: 125)

സമർത്ഥനായ ഒരു 'ഹക്കീം' (ഭിഷഗ്വരൻ) രോഗിയെ ശരിയ്ക്കും മുറയ്ക്കും പരിശോധിച്ച്, രോഗം നിർണ്ണയിച്ച്, അയാളുടെ ശരീരപ്രകൃതിയ്ക്കനുയുക്തമായ ഔഷധം നല്കുന്നു. ഇതേപ്രകാരം നിലവിലുള്ള സ്ഥിതിഗതികൾ വിശകലനം ചെയ്ത്, കാലത്തിൻെറ ആവശ്യവും സന്ദർഭത്തിൻെറ ഔചിത്യവും ആദർശത്തിൻെറ താല്പര്യവും കണക്കിലെടുത്ത്, ജനജീവിതത്തിൻെറ മർമ്മപ്രധാന വശങ്ങളെ ബാധിച്ചിട്ടുള്ള പ്രശ്നങ്ങൾക്കു മുൻഗണന നല്കുകയെന്നതു ഹിക്മത്തിൻെറ വിപുലമായ വിവക്ഷയിൽ പെട്ടതാകുന്നു. നൈമിഷികമായ താല്പര്യങ്ങളെ ച്ചൊല്ലി, 'ചായക്കോപ്പയിൽ കൊടുങ്കാററ് സൃഷ്ടിക്കുക' പ്രവാചകന്മാരുടെ നയമായിരുന്നില്ല. പക്ഷേ, മൗലികാദർശത്തിൻെറ അനിവാര്യതാല്പര്യങ്ങളിൽനിന്നു, നിലവിലുള്ള ജനജീവിതത്തെ സാരമായി ബാധിച്ചിട്ടുള്ള പ്രശ്നങ്ങളെസ്സംബന്ധിച്ച വശങ്ങൾക്കു പ്രാധാന്യം കല്പിക്കുകയും, അത്തരം പ്രശ്നങ്ങൾക്കു ദൈവനിർദ്ദേശത്തിൻെറ വെളിച്ചത്തിലുള്ള ഉത്തമ പരിഹാരം കാണിച്ചു കൊടുക്കുകയും ചെയ്യുകയെന്നത് പ്രവാചകന്മാർ സദാ ദീക്ഷിച്ചുപോന്ന ഒരു ഹിക്മത്തായിരുന്നു. മററു വാക്കുകളിൽ പറഞ്ഞാൽ, നിലവിലിരുന്ന സാമൂഹ്യഘടനയെ ദുഷിപ്പിയ്ക്കുന്ന, ധാർമ്മികവും വിശ്വാസപരവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ വശങ്ങൾക്കു പററിയ രോഗങ്ങൾക്കാണ് അവർ മുൻഗണന നല്കിയിരുന്നത്. അതിനാൽ അത്തരം പ്രശ്നങ്ങളെ കയ്യാളുന്നത് ഒരിസ്ലാമികപ്രബോധകൻെറ ആത്മീയ സ്പിരിററിനോ,

പരലോകമോക്ഷത്തിനോ ഒരിസ്സ്ലും ഹാനികരമല്ല. ചില ഉദാഹരണങ്ങളിലൂടെ ഈ സംഗതി നാം മനസ്സിലാക്കുക.

## നൂഹ്നബി

'ഫുറാത്തി' (യൂപ്രട്ടീസ്സി)ൻെറയും 'ദിജ്ലത്തി' (ടൈഗ്രീസ്സി)ൻെറയും തടങ്ങളിലധിവാസമുറപ്പിച്ചിരുന്ന ഒരു ശിക്ൻ സമുദായത്തിലാണ് 'അവ്വലുർറസൂലാ'യ (3) നൂഹ്നബി(അ) നിയുക്തനായത്. സാക്ഷാൽ ഏക ദൈവസിദ്ധാന്തത്തിൽനിന്നും വ്യതിചലിച്ച്, വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് തുടങ്ങി മരിച്ച മൺമറഞ്ഞ സാലിഹുകളുടെ പ്രതിമകൾ പ്രതിഷ്ഠിച്ച് പൂജിച്ചുവന്നിരുന്ന ആ ജനത ഉച്ചനീചത്വത്തെയും അസ്പൃശ്യതയെയും വലിയ പ്രാധാന്യത്തോടെയാണ് വച്ചുപുലർത്തിയിരുന്നത്. അതിനാൽ നൂഹി(അ)ൻെറ പ്രബോധനത്തിൽ ശിക്കിനെയും സൃഷ്ടിപൂജയെയും എതിക്കുന്നതോടൊപ്പം, പ്രസ്തുത സാമൂഹ്യാനീതിക്കെതിരായി ശബ്ദമുയർത്തുകയുമുണ്ടായി. നൂഹി(അ)ൻെറ അനുചരന്മാരിലധികവും താഴ്ന്ന ജാതിക്കാരായിരുന്നു. അവരെ അറപ്പോടും വെറുപ്പോടും അവജ്ഞയോടും കൂടിയാണ് നിലവിലുള്ള സമുദായ നേതൃത്വം വീക്ഷിച്ചിരുന്നത്. അവരെ ആട്ടിയകററണമെന്നും എങ്കിൽ മാത്രമേ നൂഹി(അ)ൻെറ ക്ഷണം തങ്ങൾ സ്വീകരിയ്ക്കുകയുള്ളവെന്നും സമുദായത്തിലെ ഉന്നത ജാതിക്കാരായ നേതാക്കന്മാർ ശഠിച്ചു. അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു:

---

(3) ഇമാം മുസ്ലിം 'ശഫാഅത്തി'ൻെറ അദ്ധ്യായത്തിലുദ്ധരിച്ച ഹദീസിൽ നൂഹി(അ)നെ 'അവ്വലുർറുസുൽ' (പ്രഥമദൂതൻ) എന്ന പേരിലാണ് അനുസ്മരിച്ചിരിക്കുന്നത്.

"നിങ്ങൾ അവിവേകം പറയുന്ന ഒരു ജനതയാണ്." (11: 29) "ആ സത്യവിശ്വാസികളെ ഞാനൊരിയ്ക്കലും ആട്ടിയകററുന്നതല്ല." (26: 114) അതിനാൽ അവർ നൂഹി(അ)നെ ഭീഷണിപ്പെടുത്തി:

لَئِنْ لَمْ تَنْتَهِ يَا نُوحُ لَتَكُونَنَّ مِنَ الْمَرْجُومِينَ

— الشعراء

(ഓ നൂഹ്, നീ അനുസരിച്ചില്ലെങ്കിൽ എറിഞ്ഞുകൊല്ലപ്പെടുമെന്നു സാരം. 26: 116)

എന്നാൽ അത്തരം ഭീഷണിയ്ക്കു വഴങ്ങുന്ന കൂട്ടത്തിലല്ലല്ലോ പ്രവാചകൻ. എല്ലാ എതിർപ്പുകളും ഭീഷണികളും തൃണവൽഗണിച്ചുകൊണ്ടു തൻെറ സാമൂഹ്യ സമത്വ സിദ്ധാന്തത്തിൽ പർവ്വതസമാനം ഉറച്ചു നില്ക്കുകയാണ് അദ്ദേഹം ചെയ്തത്. ഇതിൽനിന്നും നമുക്കു മനസ്സിലായി, ശിർക്കിനെന്നപോലെ നിലവിലുള്ള സാമൂഹ്യാസമത്വത്തിനും കടകവിരുദ്ധമായ ഒന്നായിരുന്നു നൂഹി(അ)ൻെറ തൗഹീദുപ്രസ്ഥാനമെന്നു്.

## ഇബ്രാഹീം നബി

നക്ഷത്രപൂജ നടത്തിയിരുന്ന ഒരു ജനസഞ്ചയത്തിലും ഒരു പ്രധാന പുരോഹിതൻെറ കുടുംബത്തിലുമാണ്, ഇബ്രാഹീംനബി (അ) ഭൂജാതനായത്. ബാബിലോണിലെ 'ഊർ' പട്ടണത്തെ കേന്ദ്രമാക്കി ആധിപത്യം വാണിരുന്ന ആ ജനത 'നന്നാർ' (ചന്ദ്രദേവൻ), 'ശമ്മദസ്' (സൂര്യഭഗവാൻ) തുടങ്ങിയ ജ്യോതിർഗ്ഗോളങ്ങളുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു പൂജിച്ചിരുന്നു. അതുപോലെ

അവർ ദൈവത്തിൻെറ അവതാരമെന്നനിലയ്ക്കു, ഭരണാധിപതി, നംറൂദിനെ റബ്ബായി ആരാധിച്ചിരുന്നു. നംറൂദിൻെറ സേ്വച്ഛാധിപത്യവും ആസറിൻെറ പൗരോഹിത്യവും തമ്മിൽ അവിശുദ്ധമായ ഒരു കൂട്ടുകെട്ടിലേപ്പെട്ടതായി ഇബ്രാഹീംനബി(അ)കണ്ടു. ആ കൂട്ടുകെട്ടായിരുന്നു ബാബിലോൺകാരുടെ ഭാഗധേയം നിയന്ത്രിച്ചിരുന്നത്.

അതിനാൽ യുക്തിന്യായത്തിലൂടെയും അനുഭവത്തിലൂടെയും ജ്യോതിർഗ്ഗോളങ്ങളുടെ അസ്വാതന്ത്ര്യതയും വിഗ്രഹങ്ങളുടെ നിസ്സഹായതയും തെളിച്ചുകൊണ്ടു ഇബ്രാഹീം(അ) ശിർക്കിൻെറ മുരട്ടിൽ കോടാലിവച്ചു. അതേപ്രകാരം വഴിപിഴപ്പിയ്ക്കുന്ന പൗരോഹിത്യത്തിൻെറയും മർദ്ദിച്ചമർത്തുന്ന സേ്വച്ഛാധിപത്യത്തിൻെറയും നേർക്കാഞ്ഞടിച്ചു. പുരോഹിതമുഖ്യനായ സ്വന്തം പിതാവിനെ അദ്ദേഹം ശാസിച്ചു: "അങ്ങും അങ്ങയുടെ ജനതയും പ്രത്യക്ഷമായ ദുർമ്മാർഗ്ഗത്തിൽ പതിച്ചതായി ഞാൻ കാണുന്നു." (6: 74) "എൻെറ പിതാവേ, അങ്ങേയ്ക്കു ലഭിച്ചിട്ടില്ലാത്ത യഥാർത്ഥ ജ്ഞാനം എനിയ്ക്കു ലഭിച്ചിരിയ്ക്കുന്നു. അതുകൊണ്ടു എന്നെ അനുഗമിയ്ക്കുക. ഞാനങ്ങയെ നേർമ്മാർഗ്ഗത്തിലേയ്ക്കു് നയിയ്ക്കാം." (19: 43) പിതാവ് അദ്ദേഹത്തെ ഭീഷണിപ്പെടുത്തി: "എൻെറ ദൈവങ്ങളെ നിരസിയ്ക്കുകയോ, ഇബ്രാഹീം! നീ (ഇതിൽ നിന്നും) വിരമിച്ചില്ലെങ്കിൽ ഞാൻ നിന്നെ എറിഞ്ഞു കൊല്ലും." (19: 46) നംറൂദിനെ ഇബ്രാഹീം നബി(അ) വെല്ലുവിളിച്ചതു ഇങ്ങനെയാണ്: "(എൻെറ നാഥനായ) അല്ലാഹു സൂര്യനെ കിഴക്കുനിന്നു കൊണ്ടുവരുന്നു. (നീ ഒരു റബ്ബാണെങ്കിൽ) അതിനെ പടിഞ്ഞാറുനിന്നും കൊണ്ടുവരിക." (2: 258) നംറൂദിൻെറ സേ്വച്ഛാധിപത്യം

ഈ വെല്ലുവിളിയുടെ മുമ്പിൽ മുട്ടുകുത്തി. തൻെറ പക്കൽ ന്യായമൊന്നുമില്ലാതായപ്പോൾ അയാൾ ആ ധീരാത്മാവിനെ അഗ്നികുണ്ഡത്തിലിട്ടു ദഹിപ്പിക്കുവാൻ നോക്കുകയാണുണ്ടായത്. പക്ഷെ ഒരു രോമത്തിനുപോലും ഹാനി വരുത്താതെ അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. ആകയാൽ ശിർക്കിൻെറ മാത്രമല്ല, അതിൻെറ അനിവാര്യ താല്പര്യങ്ങളിൽപ്പെട്ട, നിലവിലുള്ള പൗരോഹിത്യത്തിൻെറയും മനുഷ്യദൈവത്വത്തിൻെറയും മേൽപതിച്ച ശക്തിയേറിയ കവഞ്ചിയായിരുന്നു ഇബ്രാഹീംനബി(അ)യുടെ തൗഹീദ്പ്രബോധനം.

ഇബ്റാഹീമി(അ)ൻെറ സമുദ്ധാരണകൃത്യം ഇത്രയുംകൊണ്ടവസാനിച്ചുവെന്നു വിചാരിക്കരുത്. ഏകദൈവത്തെ ആരാധിക്കുവാനുള്ള ഒരൊററ വീടും ലോകത്തില്ലാതിരുന്ന അക്കാലത്ത് ഒരു ഏകദൈവമന്ദിരം നിർമ്മിക്കുകയെന്നത് തൗഹീദിൻെറ ഒരനിവാര്യതാല്പര്യമായിരുന്നു. അതിനാൽ ജനശൂന്യവും ജലശൂന്യവും കൃഷിയോഗ്യമല്ലാത്തതുമായിരുന്ന ബക്കാ(മക്ക)യിൽ ഏററവുമാദ്യത്തെ ഏകദൈവമന്ദിരം-വിശുദ്ധകഅ്ബ-ഇബ്റാഹീമും(അ) ഇസ്മാഈലും(അ) പണിതു. ഇബ്റാഹീമിൻെറ നിർമ്മാണാത്മകമായ ഉദ്ധാരണകൃത്യങ്ങളിൽ ഒന്നായിരുന്നു അതു. ഇബ്റാഹീം (അ) ശത്രുക്കളോടു 'ജിഹാദ്' (ധർമ്മയുദ്ധം) നടത്തിയതായി ബൈബിളും പറയുന്നു. (ഉല്പത്തി: 14ാം അദ്ധ്യായം) ഇബ്റാഹീം നബിയ്ക്കു് ഗ്രന്ഥം നല്കപ്പെട്ടിരുന്നു. (ഖു: 87: 19) മൂസാ നബി(അ)യുടെ ശരീഅത്തോട് അസാമാന്യമായ സാദൃശ്യമുള്ളതും, ലോകചരിത്രത്തിൽ ഏററവുമാദ്യത്തെ നിയമസംഹിതയെന്ന നിലയിൽ പ്രസിദ്ധമായതും ഇബ്റാഹീംനബി(അ)യുടെശേഷം ബാബിലോൺ മുതലായ

പ്രദേശങ്ങളിൽ, ഭരണഘടനയെന്ന നിലയിൽ നടപ്പി ലിരുന്നതുമായ ഹമ്മുറാബിയുടെ നിയമസംഹിത ഇബ്രാഹീമീശരീഅത്തോ, അതിനോടു വമ്പിച്ച കടപ്പാടുള്ള തോ ആണെന്നു ആധുനിക ചരിത്രഗവേഷകന്മാർ വിചാരിക്കുന്നു. (മൗ: സയ്യിദ് സുലൈമാൻ നദവി(റ)യുടെ 'അർസുൽഖുർആൻ', വാ: 2, പേ: 144 നോക്കുക) ഇതു ശരിയാണെങ്കിൽ ഇബ്രാഹീം നബി(അ)യുടെ സമുദ്ധാരണകൃത്യം സാമൂഹ്യ-സാമ്പത്തിക- രാഷ്ട്രീയാദി മണ്ഡലങ്ങളെക്കൂടി ഉൾക്കൊണ്ടിരുന്നുവെന്നു തീർച്ചയാണ്. അല്ലാഹു അദ്ദേഹത്തെ മാനവകുലത്തിന്റെ നേതാവാക്കിയെന്ന ഖുർആന്റെ വിളംബരം പ്രസ്തുത നിഗമനത്തിനുപോൽബലകമത്രെ.

## യൂസുഫ് നബി

ലോകചരിത്രത്തിൽ 'അമാലിഖത്ത്' എന്നു അറബികളും 'ഹെക്സോസ്' എന്നു റോമക്കാരും പേർകൊടുത്തിട്ടുള്ള 'ഇടയരാജാക്ക'ന്മാരിൽപെട്ട ഒരു ഫറോവ ഈജിപ്തിനെ അടക്കിഭരിച്ചിരുന്ന കാലത്താണ് ഇസ്രാഈൽ സന്തതികളിലൊരാളായ യൂസുഫ് (അ) ആ നാട്ടിൽ എത്തിയത്. അദ്ദേഹം അവിടെ ദൈവദൂതനായി നിയോഗിക്കപ്പെട്ടു. വിഗ്രഹാരാധകരും സൃഷ്ടിപൂജകരുമായിരുന്ന ഈജിപ്തുകാരെ അദ്ദേഹം ഏകദൈവ സിദ്ധാന്തത്തിലേക്ക് ക്ഷണിച്ചു. അതോടൊപ്പം ഈജിപ്തിന്റെ ഭരണക്കടിഞ്ഞാൺ സ്വകരത്തിലേന്തുകയും ചെയ്തു. ഭരണമണ്ഡലത്തിൽ അദ്ദേഹം പ്രവേശിച്ച പശ്ചാത്തലം തന്നെ ഒരു സാമ്പത്തിക പ്രശ്നമുൾക്കൊള്ളുന്നതായിരുന്നു. ഫിർഔൻ (റയ്യാനുബ്നുൽ വലീദ് എന്നായിരുന്നു അയാളുടെ സാക്ഷാൽ നാമം) കണ്ട ഒരു

സ്വപ്നത്തിന്നു യൂസുഫ് (അ) നല്കിയ വ്യാഖ്യാനപ്രകാരം, നാട്ടിനെ കുട്ടിച്ചോറാക്കുന്ന ഒരു ഭയങ്കര ക്ഷാമം വരാൻ പോവുകയായിരുന്നു. ആ വിഷമപ്രശ്നത്തെ വിജയകരമായി പരിഹരിയ്ക്കേണ്ടതിനായിരുന്നു മഹാനായ ആ ഭരണതന്ത്രജ്ഞൻ അധികാരം ഏറ്റെടുത്തത്.

## മൂസാനബി

രാപ്പകലുകൾ പിന്നെയും വന്നും പോയുംകൊണ്ടിരുന്നു. യൂസുഫി(അ)ൻെറ കാലത്ത് ഇസ്രാഈൽ സന്തതികൾക്കു ഈജിപ്തിലുണ്ടായിരുന്ന ഇസ്സത്തും ഔലത്തും പോയി. അവിടെ ഫറോവയുടെയും ഖിബ്ത്തികളുടെയും മർദ്ദനവാഴ്ച കൊടുമ്പിരിക്കൊണ്ടു. അവരുടെ മർദ്ദനയന്ത്രം മുഴുവൻ തിരിച്ചുവെച്ചതു ഇസ്രാഈൽമക്കളുടെ നേർക്കായിരുന്നു. ഇത്തരുണത്തിലാണ് മൂസാനബി (അ)അവിടെ നിയുക്തനായത്. അദ്ദേഹം ഫിർഔനെയും മററും പരിശുദ്ധിയിലേയ്ക്കും സത്യപന്ഥാവിലേയ്ക്കും വിളിച്ചു. നംറൂദിനെപ്പോലെ ഫിർഔനും സ്വയം ദൈവത്വവാദിയായിരുന്നു. അതിനാൽ അയാളും സിൽബന്തികളും മൂസാനബി(അ)യുടെ ക്ഷണം പുച്ഛഭാവേന നിരസിച്ചതേയുള്ളു. ഫിർഔൻ പറഞ്ഞു: "ഞാനല്ലാത്ത വല്ല ദൈവത്തെയും സ്വീകരിച്ചാൽ നിന്നെ ഞാൻ ജയിൽപുള്ളികളുടെ കൂട്ടത്തിൽ പെടുത്തും." (26: 29) മൂസാനബി(അ)ക്കു സ്വസമുദായത്തിൻെറ ദുരിതങ്ങളും അടിമത്തജീവിതവും കണ്ടു മനം നൊന്തു. അദ്ദേഹം ഫറോവയോടാവശ്യപ്പെട്ടു: "ഇസ്രാഈൽസമുദായത്തെ എൻെറ കൂടെ അയച്ചുതരിക; അവരെ മർദ്ദിയ്ക്കാതിരിയ്ക്കുക!" (7: 105, 20: 47) ഭരണകൂടം സമ്മതിച്ചില്ല.

പ്രത്യുത, ആ പുണ്യാത്മാവിനെ വധിയ്ക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. തദവസരം അദ്ദേഹം സ്വസമുദായത്തെ സംഘടിപ്പിച്ച്, ഈജിപ്തിൽനിന്നു ചെങ്കടൽ വഴിക്ക് അത്ഭുതകരമായി രക്ഷപ്പെടുത്തി. ഇസ്രാഈല്യരെ പിന്തുടൎന്ന ഫിർഔനും പരിവാരവും ചെങ്കടലിൽ മുങ്ങിനശിക്കുകയും ചെയ്തു.

മൂസാനബി(അ) തന്റെ പ്രവൎത്തനം ഇതുകൊണ്ടും അവസാനിപ്പിച്ചില്ല. ഈജിപ്തിൽനിന്നു ഹിജ്റഃ ചെയ്തശേഷം, ഇസ്രാഈല്യരുടെ സ്വദേശമായ ഫലസ്തീൻ ശത്രുക്കളിൽനിന്നു വീണ്ടെടുപ്പാനായി സമരത്തിനൊരുങ്ങി. എന്നാൽ ഈജിപ്തിലെ ദീൎഘകാലത്തെ അടിമത്തജീവിതംമൂലം ഇസ്രാഈല്യരുടെ സമരവീൎയ്യവും ധൈൎയ്യവും തീരെ നശിച്ചുപോയിരുന്നു. അവർ ധിക്കാരപൂൎവ്വം പറഞ്ഞു: "ഓ മൂസാ, അവിടെ അതിവമ്പന്മാരായ ഒരു ജനതയാണുള്ളത്." (5: 22) "അവരവിടെയുള്ള കാലത്തോളം ഞങ്ങൾ ആ നാട്ടിൽ പ്രവേശിക്കുകയില്ല (കൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ) നീയും നിന്റെ റബ്ബും ചെന്നങ്ങ് യുദ്ധം ചെയ്യുക. ഞങ്ങളിവിടെ ഇരിയ്ക്കുകയാണ്!" (5: 24)

## ശുഐബ് നബി

ഹിജാസിൽ സിറിയയോടടുത്തു സ്ഥിതിചെയ്യുന്ന 'മദ്‌യൻ' എന്ന പ്രദേശത്താണ് ശുഐബ്‌നബി(അ) നിയോഗിയ്ക്കപ്പെട്ടത്. അവിടത്തെ ജനത പൂൎവ്വപിതാക്കന്മാരെ അന്ധമായനുകരിക്കുന്ന മാമൂൽ മതക്കാരും മുശ്രിക്കുകളുമായിരുന്നു. അതോടൊപ്പം വൎത്തകപ്രമുഖരും.

കൊള്ളക്കൊടുക്കകളിൽ കബളിപ്പും തട്ടിപ്പും നടത്തി, ജനങ്ങളുടെ ധനം കൊള്ളയടിച്ചിരുന്ന മദ്‌യൻകാരെ ശുഐബ്‌നബി (അ) സത്യപ്രബോധനം ചെയ്തപ്പോഠം അവരുടെ സാമൂഹ്യവിരുദ്ധമായ പ്രസ്തുത ചെയ്തികളുടെ നേരെ കണ്ണടക്കുകയുണ്ടായില്ല. അതിനെ അദ്ദേഹം ശക്തമായി എതിർത്തു. അവർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തി: "ഹേ ശുഐബ്! നിന്നെയും നിന്നോടൊപ്പം വിശ്വസിച്ചവരെയും ഞങ്ങഠം നാട്ടിൽനിന്നും പുറത്താക്കും, തീർച്ചയാണ്. അല്ലാത്തപക്ഷം ഞങ്ങളുടെ മാർഗ്ഗത്തിലേക്ക നിങ്ങഠം തിരിച്ചുവരണം." (7: 88)

ശുഐബ്‌നബി (അ) തങ്ങളുടെ സാമ്പത്തിക വ്യവഹാരത്തെ എതിർക്കുന്നത് അദ്ദേഹത്തിൻെറ ഒരു മതതാല്പര്യമാണെന്നുള്ള വാസ്തവം ആ ജനങ്ങഠം നല്ലപോലെ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തോട് ഹാസ്യസ്വരത്തിൽ അവർ ചോദിച്ചത്: "ഓ ശുഐബ്! ഞങ്ങളുടെ പൂർവ്വപിതാക്കഠം ആരാധിയ്ക്കുന്നതിനെ, അല്ലെങ്കിൽ ഞങ്ങളുടെ സമ്പത്തുകളിൽ ഞങ്ങഠംക്കിഷ്ടമുള്ളതു ചെയ്യുന്നതിനെ ഉപേക്ഷിക്കണമെന്നു ശാസിയ്ക്കുവാൻ നിന്നെ നിർബ്ബന്ധിക്കുന്നത് നിൻെറ ഈ നമസ്കാരമോ?" (11: 87)

## ഈസാനബി

പ്രാചീന ജൂതന്മാരുടെ ചരിത്രവും അർവ്വാചീന മുസൽമാന്മാരുടെ ചരിത്രവും തമ്മിൽ വമ്പിച്ച സാദൃശ്യം കാണുന്നു. ഒരു കാലത്ത് മഹത്വത്തിൻെറയും പുരോഗമനത്തിൻെറയും ഉച്ചകോടിയിലെത്തിയ ഇരു

സമുദായങ്ങളും പിന്നീട് ഹീനതാത്തിൻെറയും പരാധീനതയുടെയും പാതാളത്തിലേയ്ക്കു പിഴുതെറിയപ്പെട്ടു. ഇസ്രയേൽവംശത്തിൻെറ ഈ അധ:പതനത്തെപ്പററി ഖുർആൻ പറയുന്നു: "അവരുടെമേൽ ഹീനതാവും പരാധീനതയും മുദ്രിതമായി. അവർ ദൈവകോപത്തിനു പാത്രമായി!" (2: 61)

ദാവൂദുനബി (ക്രി. മു. 1004-965)യുടെയും സുലൈമാൻനബി (ക്രി. മു. 965-926)യുടെയും ഭരണകാലമായിരുന്നു ഇസ്രയേലിൻെറ ശുക്രദശ. കാലാന്തരേണ ആ സമുദായത്തിൻെറ നേതൃസ്ഥാനം അവരുഷ്ടന്മാരായ ഒരു വർഗ്ഗം കയ്യടക്കി, പുരോഹിതവർഗ്ഗം. അവ്വാചീന മുസ്ലിംകളുടെ നേതൃത്വം 'മുല്ല'കരം പിടിച്ചടക്കിയപോലെ തന്നെ. ഇസ്രയേൽ മുല്ലകളെ 'ശാസ്ത്രിമാർ' (പണ്ഡിതന്മാർ), 'പരീശന്മാർ' (പുരോഹിതന്മാർ) എന്നൊക്കെയാണ് ബൈബിറം വിളിച്ചിരിയ്ക്കുന്നത്. വിശുദ്ധ ഖുർആൻ അവക്ക 'അഹ്ബാർ-റുഹ്ബാൻ' എന്നു പേരു കൊടുത്തിരിയ്ക്കുന്നു. ഇവരെ വിശുദ്ധ ഖുർആനും ബൈബിളും ഏറക്കുറെ നഗ്നമായിതന്നെ ചിത്രീകരിച്ചു കാണിച്ചിട്ടുണ്ട്.

ബനൂഇസ്രാഈലിൻെറ അധ:പതനഘട്ടത്തിൽ ഇതരസംസ്കാരങ്ങറം അവരിലേയ്ക്കു നുഴഞ്ഞുകയറി. മരവും കല്ലുംകൊണ്ടുണ്ടാക്കിയ പ്രതിമകളും വിഗ്രഹങ്ങളും ഒരു പക്ഷേ അവർ പരിവജ്ജിച്ചിരുന്നിരിയ്ക്കാം; എന്നാൽ 'താഗൂത്ത്പൂജ'യിൽ അവരൊട്ടും പുറകിലായിരുന്നില്ല. അവക്ക തങ്ങളുടെ ഉലമാക്കളും ശൈഖുമാരുംകൂടി 'താഗൂത്ത്'കളായിരുന്നു.

اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِنْ دُونِ اللَّهِ - التوبة

(അവർ തങ്ങളുടെ ശാസ്ത്രിമാരെയും പരീശന്മാരെയും അല്ലാഹുവിനെ വിട്ട റബ്ബുകളായി വരിച്ചു—9: 30) അല്ലാഹു നിയോഗിച്ച പ്രവാചകന്മാരെയും മതപരിഷ്കർത്താക്കളെയും മട്ടിയ്ക്കുന്നതിൽ തങ്ങൾക്കു യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല. തങ്ങളുടെ ഇച്ഛയ്ക്കൊക്കാത്ത വല്ല പ്രബോധനവും നടത്തുന്ന ഏവരെയും സമുദായ ഭ്രഷ്ട് കല്പിച്ചും ശിരച്ഛേദം ചെയ്തും മർദ്ദിക്കുമായിരുന്നു. (ഖു: 2: 87) അല്ലാഹുവിൻെറ കിതാബിനെ അർത്ഥത്തിൽ മാത്രമല്ല, അക്ഷരത്തിലും അവർ മാററിമറിച്ചു. കിതാബിൽനിന്നു സ്വന്തം ഇംഗിതത്തിനനുകൂലമായതു മാത്രം സ്വീകരിച്ചു. പ്രതികൂലമായതു മറച്ചുവയ്ക്കുകയോ ദുർവ്യാഖ്യാനം ചെയ്തൊപ്പിയ്ക്കുകയോ ചെയ്തു. മൂസാനബി(അ)യുടെ ശരീഅത്തിനെ റദ്ദുചെയ്തു. സ്വന്തം കൈകൊണ്ടു എഴുതിയുണ്ടാക്കിയ നിയമങ്ങൾ നടപ്പാക്കി അതാണ് ദൈവനിയമം എന്നു പ്രഖ്യാപിച്ചു.

فَوَيْلٌ لِلَّذِينَ يَكْتُبُونَ الْكِتَابَ بِأَيْدِيهِمْ ثُمَّ يَقُولُونَ هَذَا
مِنْ عِنْدِ اللَّهِ لِيَشْتَرُوا بِهِ ثَمَنًا قَلِيلًا - البقرة

(സ്വന്തം കൈകൊണ്ട് നിയമപുസ്തകം എഴുതിയുണ്ടാക്കിയിട്ടു 'ഇതാണ് ദൈവനിയമം' എന്നു പറയുന്നവർക്കു ഹാ കഷ്ടം! തുച്ഛമായ (ഭൗതികമായ) വിലയ്ക്കു വിക്രയം നടത്തുവാൻ വേണ്ടിയാണ് അവരങ്ങനെ ചെയ്തത്—2: 79) ദൈവഗ്രന്ഥം തങ്ങൾക്കല്ലാതെ മനസ്സിലാവുകയില്ലെന്നും അതിനാൽ സാധാരണക്കാർ

അവ വായിക്കാനോ ആശയം ഗ്രഹിയ്ക്കാനോ പാടി ല്ലെന്നും വിധി പ്രഖ്യാപിച്ചു.

ധനലക്ഷ്മിയായിരുന്നു ഈ പുരോഹിതന്മാർക്ക് ഏററവും ഇഷ്ടപ്പെട്ട ദേവത. അതിനെ പൂജിയ്ക്കുവാൻ ഏതു പരിപാടിയും അവർ അംഗീകരിയ്ക്കുമായിരുന്നു. മാലോകരെക്കൊണ്ടു നേർച്ചകളുംവഴിപാടുകളും ചെയ്യിച്ച്, അവരുടെ ധനം തട്ടിയെടുക്കുകയെന്നതായിരുന്നു ഇവ രുടെ മുഖ്യ തൊഴിൽ. എന്നാൽ ആ പുരോഹിതന്മാ രുടെ കൈയിൽനിന്നു അത്തരം വിഷയങ്ങളിൽ ഒരു പൈസപോലും ചിലവായിരുന്നില്ല. അന്ധവിശ്വാസ ങ്ങളും അനാചാരങ്ങളുമായിരുന്നു ഇവരുടെ കൈമുതൽ. അവ പ്രചരിക്കുംതോറും ഇവർക്ക് വരുമാനവും സ്ഥാന മാനവും ലഭിച്ചുകൊണ്ടിരുന്നു. സിഹ്റ, ആഭിചാരം, മന്ത്രവാദം എന്നിവയിൽ ജനങ്ങളെ വിശ്വസിപ്പിച്ചി രുന്നു. 'അസ്മാഉം' 'തൽസമാത്തും' വഴി പാവങ്ങ ളുടെ വിശ്വാസവും ഭക്തിയും പണവും തട്ടിയെടുക്കുക അവർക്കൊരു തൊഴിലായിരുന്നു. ഉറുക്ക, ഹൈക്കൽ, നൂൽ, ജ്യോതിഷം, മാരണം, ഹോമം, യാഗം, യന്ത്രം, മന്ത്രം ആദിയായ തന്ത്രങ്ങളിലൂടെ ജനങ്ങളുടെ കീശ യിൽനിന്നു പണം മാത്രമല്ല, മനസ്സിൽനിന്നു ഈമാനും അപഹരിയ്ക്കപ്പെട്ടിരുന്നു. ഇതിനെയാണ് ഖുർആൻ 'ജി ബ്ത്ത്' എന്നു നാമകരണം ചെയ്തിരിയ്ക്കുന്നത്. അവർ മന്ത്രവാദവും സിഹ്റും പ്രവാചകന്മാരുടെയോ മലക്കുകളു ടെയോ ശിക്ഷണമാണെന്നുള്ള കെട്ടുകഥ നാടെങ്ങും പ്രച രിപ്പിച്ചു. സുലൈമാൻ നബിയ്ക്കു രാജത്വം ലഭിച്ചതുതന്നെ ഇന്ദ്രജാലത്തിൻെറ ശക്തികൊണ്ടായിരുന്നുവത്രെ. 'റബ്ബി' (മൗലവി) എന്നാണ് ജനങ്ങൾ ഇവരെ സംബോധന ചെയ്തിരുന്നത്. ഇവർക്ക് ഒരു സവിശേഷ 'യൂനിഫോം'

ഉണ്ടായിരുന്നു. അതു ധരിച്ചാൽ ഏതു 'ജാഹിലി'നും മതത്തെപ്പററി ആധികാരികമായി സംസാരിപ്പാനും മതചടങ്ങുകൾക്കു നേതൃത്വം കൊടുപ്പാനും അനുവാദമുണ്ടായിരുന്നു. അല്ലാത്തപക്ഷം എത്രവലിയ പണ്ഡിതനായാലും അതൊന്നും പാടുണ്ടായിരുന്നില്ല.

ധാർമ്മികരംഗത്ത് ഒരിരട്ടത്താപ്പുനയമാണ് അവർ കൈക്കൊണ്ടത്. സ്വന്തം കുഞ്ഞാടുകൾക്ക് എന്തു പാപം ചെയ്താലും സ്വർഗ്ഗം; ഇതരന്മാക്കു എത്ര പുണ്യം ചെയ്താലും നരകവും! സ്വർഗ്ഗവും നരകവും ഇഹലോകത്തു നിന്നുതന്നെ വീതിച്ചുകൊടുത്തിരുന്നു. യഹൂദിയായ ഒരുത്തനല്ലാതെ സ്വർഗ്ഗപ്രവേശം ചെയ്യുന്നതല്ല. തങ്ങൾ അല്ലാഹുവിൻെറ ഇഷ്ടജനങ്ങളും 'ഔലിയാ'ക്കളുമാണ്. വ്യഭിചാരം, ചൂതാട്ടം, പലിശ, തസ്കരവൃത്തി, കൊല, കൊള്ള മുതലായി സമുദായത്തിൻെറ അസ്തിത്വത്തെ കാന്തുതിന്നുന്ന മഹാ പാതകങ്ങൾ പ്രവൎത്തിച്ചാലും തങ്ങളെ ദൈവം നരകത്തിൽ കടത്തുകയില്ല; അഥവാ കടത്തിയാൽതന്നെ സ്വല്പദിവസത്തേയ്ക്കുമാത്രം. അത്തരം അധർമ്മങ്ങളും വൃത്തികേടുകളും സമുദായത്തിൽ പടൎന്നുപിടിക്കുന്നതു സംബന്ധിച്ചു അവക്കു യാതൊരു വേവലാതിയുമില്ലായിരുന്നു. എന്നല്ല ആ പണ്ഡിതന്മാരും ശൈഖുമാരുംകൂടി ഇവയിൽ നിന്നൊഴിവായിരുന്നില്ല. എന്നാൽ കേവലം നിസ്സാരങ്ങളായ മതപ്രശ്നങ്ങളെച്ചൊല്ലി തലനാരു ചീന്തുകയും തമ്മിൽതല്ലി തലകീറുകയും ചെയ്തിരുന്നു. രാജാക്കളോ പ്രഭുക്കളോ മാടമ്പികളോ ധനാഢ്യന്മാരോ ചെയ്യുന്ന കുററങ്ങളെ കുറിച്ചു കണ്ണടക്കുകയും അവയ്ക്കു മൗനാനുവാദം നല്കുകയും ചെയ്യും; അവരെ സ്തുതിപാടും; എന്നാൽ സാധാരണ

ക്കാരായ പാവങ്ങൾക്കു പറവുന്ന ചില്ലറതെററുകൾക്കു പോലും കഠിനശിക്ഷയും മതഭ്രഷ്ടും കല്പിക്കുകയും ചെയ്യും.

മരണാനന്തരജീവിതത്തിലും പരലോകത്തിലും വിശ്വാസമില്ലാത്ത 'സദൂഖ്യർ' എന്നൊരു വിഭാഗവും അതുപോലെ ലോകവും ലോകകാര്യങ്ങളുമായി തീരെ ബന്ധംമുറിച്ച ഏകാന്തവാസികളും ഇസ്രയേലിലുണ്ടായിരുന്നു. സർവ്വസംഗപരിത്യാഗികളായ ആ സന്യാസിമാരെ ആദരിക്കുക മാത്രമല്ല, ആരാധിക്കുകകൂടി ചെയ്തിരുന്നു അവർ. അതേസമയത്ത് സമുദായസമുദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രവാചകന്മാരെയും പരിഷ്കർത്താക്കളെയും അറുകൊലനടത്തുന്നതു അവർക്കു സർവ്വസാധാരണമായിരുന്നു. ബർഖിയായുടെ മകനായ സകരിയ്യാനബി(അ)യെയും ഒരു നർത്തകിയുടെ ആവശ്യപ്രകാരം യഹ്‌യാനബി(അ)യെയും അവർ കൊന്നുകളഞ്ഞതു ഇവിടെ പ്രസ്താവ്യമാണ്.

ഈ പരിതസ്ഥിതിയിലാണ് ഹ: ഈസാ (അ) വന്നത്. അദ്ദേഹത്തിൻെറ ജനനം ഒരത്ഭുതമായിരുന്നു. അദ്ദേഹത്തെ ദൈവഭക്തയും ചാരിത്ര്യവതിയുമായ കന്യകാമർയം(അ) ഗർഭംധരിച്ചതു യാതൊരു പുരുഷസ്പർശവുമില്ലാതെയാണ്. ഇക്കാരണത്താൽ അദ്ദേഹത്തെ യഹൂദികൾ ജാരപുത്രനെന്നു അപവദിയ്ക്കുമ്പോൾ കൃസ്ത്യാനികൾ ദൈവപുത്രനായി അവരോധിയ്ക്കുന്നു. ഖുർആൻ പറയുന്നു: "ജാരപുത്രനുമല്ല, ദൈവപുത്രനുമല്ല മർയമിൻെറ മകനായ മസീഹ് ഈസാ. പ്രത്യുത, ദൈവത്തിൻെറ ദൂതനും 'കലിമത്തും' (വചനമാഹാത്മ്യം)ആകുന്നു."
(5: 171)

45663

ഈസാ(അ)യെ 'മസീഹ്' എന്ന നാമത്തിലും ഖുർആൻ പരിചയപ്പെടുത്തിയിട്ടുണ്ട്. ഹിബ്രുഭാഷയിലെ 'മസ്സിയാ' എന്ന വാക്കിൻെറ അറബീതത്ഭവമാണ് മസീഹ്. രാജാവെന്നും പ്രവാചകനെന്നും അതിനർത്ഥമുണ്ട്. തങ്ങളെ എല്ലാ അപകൃഷ്ടതകളിൽനിന്നും വീണ്ടെടുത്ത് ഉദ്കൃഷ്ടതയിലേയ്ക്കും മേന്മയിലേയ്ക്കും ആനയിയ്ക്കുന്ന ഒരു'മസ്സിയാ'യെ ജൂതന്മാർ പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷിയ്ക്കപ്പെട്ട മസീഹായിരുന്നു ഈസാനബി. പക്ഷെ അവരദ്ദേഹത്തെ അംഗീകരിച്ചില്ല.

തൗറാത്തിനെയും മൂസവീശരീഅത്തിനെയും പുനരുദ്ധരിക്കലായിരുന്നു ഈസായുടെ പ്രധാന ദൗത്യം. എന്നാൽ ദുഷിച്ചുനാറിയ 'പൗരോഹിത്യം' ഈ സംരംഭത്തിൻെറ മുമ്പിൽ ഏററവുംവലിയ ഒരു വിലങ്ങുതടിയായി അദ്ദേഹം കണ്ടു. അതിനാൽ നിലവിലിരുന്ന പൗരോഹിത്യത്തെ ആ വിപ്ലവകാരി ആഞ്ഞടിച്ചു.

'ഇൻജീൽ' (സുവിശേഷം) എന്നൊരു വേദവും അദ്ദേഹത്തിനു നല്കപ്പെട്ടു. നിലവിലുള്ള ബൈബിൾ പുതിയ നിയമം ആ ഗ്രന്ഥത്തിൻെറ വ്യാഖ്യാനമോ പരിഭാഷയോ ആണെന്നു് ഗണിയ്ക്കപ്പെടുന്നു. എന്നാൽ പഴയ നിയമത്തിൽ ജൂതന്മാരെന്നപോലെ, പുതിയ നിയമത്തിൽ ക്രിസ്ത്യാനികളും വമ്പിച്ച കയ്യേററം നടത്തിയിട്ടുണ്ട്. എന്നിരുന്നാലും പ്രവാചകൻെറ സാക്ഷാൽ ഉദ്ബോധനമെന്നു വിചാരിക്കാവുന്ന ഒട്ടേറെ വാക്യങ്ങൾ അവയിൽനിന്നു പെറുക്കിയെടുപ്പാനുണ്ട്. മത്തായി എഴുതിയ സുവിശേഷത്തിൽ പുരോഹിതന്മാരെ അഭിമുഖീകരിച്ചു യേശുക്രിസ്തു പറയുന്നതു കാണുക:

"നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവമതത്തെ ദുർബ്ബലമാക്കിയിരിയ്ക്കുന്നു." (15: 6)

മറെറാരിടത്ത് പറയുന്നു:

"ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരിക്കുന്നു....അവർ ഘനമുള്ള ചുമടുകളെ കെട്ടി മനുഷ്യരുടെ തോളിൽ വെക്കുന്നു. ഒരു വിരൽകൊണ്ടു പോലും അവയെ തൊടുവാൻ അവക്ക് മനസ്സില്ല. തങ്ങളുടെ 'മന്ത്രപ്പട്ട'(യൂനിഫോം) വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ 'റബ്ബീ'(മൗലവി) എന്നു വിളിക്കുന്നതും അവക്കു പ്രിയമാകുന്നു. (സ്വന്തം ശിഷ്യരോടായി) നിങ്ങളോ, റബ്ബീ എന്നപേർ എടുക്കരുത്.') (മത്തായി 23: 2-8)

പുരോഹിതന്മാരുടെ മതബോധനത്തെയും വഞ്ചസിനെയും പററി അദ്ദേഹം പറയുന്നു:

"കപടഭക്തിക്കാരായ ശാസ്ത്രിമാരു പരീശന്മാരുമായുള്ളോരെ, നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു." (മത്തായി 23: 25)

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്കു ഹാ കഷ്ടം! വെള്ളതേച്ച ശവക്കല്ലറകളോടു നിങ്ങൾ ഒത്തിരിക്കുന്നു. അവ പുറമെ അഴകായി ശോഭിക്കുന്നെങ്കിലും അകമെ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അങ്ങനെതന്നെ പുറമെ നിങ്ങൾ നീതിമാന്മാർ

എന്നു മനുഷ്യക്ക തോന്നുന്നു. അകമെയോ കപട ഭക്തിയും അധമ്മവും നിറഞ്ഞവരത്രെ." (മത്തായി 23: 27, 28)

"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ പ്രവാചകന്മാരുടെ കല്ലറകളെ പണിതും നീതിമാന്മാരുടെ കല്ലറകളെ അലങ്കരിച്ചുംകൊണ്ടിരിക്കുന്നു ....പാമ്പുകളെ, സപ്പങ്ങളെ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോവും?" (മത്തായി 23: 29, 33)

ആകയാൽ മതത്തിലെ ഇത്തിക്കണ്ണിയായ പൗരോഹിത്യത്തെ അടിച്ചുപൊളിക്കുവാനും, ദൈവത്തിൻെറ നീതിപീഠം പുനസ്ഥാപിക്കുവാനുമായിരുന്നു ഈസാ (അ) നിയുക്തനായത്. എന്നാൽ പൗരോഹിത്യവും സ്വേച്ഛാധിപത്യവും അദ്ദേഹത്തെ കുരിശിൽ തറച്ചു വധിക്കാനാണ് ഒരുമ്പെട്ടത്. അതിനാൽ അല്ലാഹു അദ്ദേഹത്തെ അവങ്കലേക്കുയത്തിക്കളഞ്ഞു. ജൂതന്മാർ അവഹേളിച്ചും ക്രിസ്ത്യാനികൾ ആരാധിച്ചുംകൊണ്ട് യേശുവിൻെറ കുരിശിൽവച്ചുള്ള മരണത്തിൽ വിശ്വസിയ്ക്കുന്നു. ഖുർആൻ ഉറപ്പിച്ചുപറയുന്നു: "അദ്ദേഹത്തെ അവർ വധിച്ചിട്ടുമില്ല; ക്രൂശിച്ചിട്ടുമില്ല." (4: 157) ഏതായാലും ഒരു കാര്യം തീച്ച്യയാണ്: ഇസാനബി(അ) യുടെ 30-ാമത്തെ വയസ്സിൽനടന്ന കുരിശുസംഭവത്തിനു ശേഷം അദ്ദേഹത്തെ ലോകം കണ്ടിട്ടുള്ളതിനു തെളിവൊന്നുമില്ല. വിരൽകൊണ്ടെണ്ണാവുന്ന ശിഷ്യന്മാരെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു.

ഉപരിസൂചിതമായ ഉദാഹരണങ്ങൾ നമുക്കു മനസ്സിലാക്കിത്തരുന്നതെന്താണ്? പ്രവാചകശ്രേഷ്ഠന്മാർ

ഇഖാമത്തുദ്ദീനിനുവേണ്ടി പ്രവർത്തിച്ചിരുന്നപ്പോൾ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയാദിപ്രശ്നങ്ങളെ അവഗണിച്ച്, വെറും ആദ്ധ്യാത്മികകാര്യങ്ങളിൽ മുഴു ശ്രദ്ധയും കേന്ദ്രീകരിക്കുകയാണോ ചെയ്തത്? അഥവാ, സന്ദർഭത്തിന്റെ ഔചിത്യമനുസരിച്ച്, അത്തരം ജീവിതപ്രശ്നങ്ങളെക്കൂടി കയ്യാളുകയോ? തീർച്ചയായും നിലവിലുള്ള എല്ലാ പ്രധാന പ്രശ്നങ്ങൾക്കും അർഹമായ വില കല്പിക്കുകയും ദൈവനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ അവ പരിഹരിക്കാൻ ശ്രമിക്കുകയുമാണവർ ചെയ്തത്. അവർ ചിലപ്പോൾ ആ പ്രശ്നങ്ങളെ നേരിട്ടുതന്നെ കയ്യാളി; മററുചിലപ്പോൾ അവയുടെ പരിഹാരത്തിനായി ഉത്തമമാർഗ്ഗനിർദ്ദേശം ചെയ്തു.

## മുഹമ്മദ്നബി(സ)യുടെ സമുദ്ധാരണം

ഇസ്ലാമിക പ്രബോധനം സർവ്വോപരി സമ്പൂർണ്ണരൂപത്തിലാവിഷ്കരിച്ചതും അതിന്റെ കരുവിൽ ജനജീവിതത്തെയാകമാനം വാർത്തെടുത്തതും അന്ത്യപ്രവാചകരായ മുഹമ്മദ് (സ) തിരുമേനിയാകുന്നു. അവിടുത്തെ ഉദ്ധാരണകൃത്യത്തിന്റെ ആഴവും പരപ്പും ഗ്രഹിക്കണമെങ്കിൽ ക്രി: 7-ാം നൂററാണ്ടിനു തൊട്ടടുത്തുള്ള ലോകചരിത്രം സമഗ്രമായി വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. അതിനിവിടെ സന്ദർഭം പോര. അതിനാൽ അന്നത്തെ അറേബ്യൻ മണലാരണ്യത്തിലേക്കും ചുററുപാടിലേക്കും ഒരു വിഹഗവീക്ഷണം നടത്തുവാനേ തല്ക്കാലം മുതിരുന്നുള്ളു.

അജ്ഞത, അന്ധവിശ്വാസം, ശിർക്ക്, വിഗ്രഹപൂജ, നഗ്നത, വ്യഭിചാരം, മദ്യപാനം, ചൂതാട്ടം,

കൊല, കൊള്ള, മോഷണം തുടങ്ങി ഒരു സമുദായത്തിൻെറ വിനാശത്തിനും തകർച്ചക്കും ഹേതുഭൂതമായ സകല വൃത്തികേടുകളും വഷളത്തങ്ങളും സർവ്വത്ര, നിർബ്ബാധമായും പരസ്യമായും നടമാടിയിരുന്ന ഒരു സാഹചര്യത്തിലാണ് നബി(സ) തിരുമേനി അറേബ്യയിൽ നിയുക്തനായത്. അറബികളുടെ കൂട്ടത്തിൽ എഴുത്തും വായനയും അറിയുന്ന വ്യക്തികൾ കേവലം പതിനേഴ സ്ത്രീപുരുഷന്മാരായിരുന്നു. വ്യവസ്ഥാപിതമായ ഒരു ഗവമ്മെണ്ടോ, നിയമചട്ടമോ അവക്കുണ്ടായിരുന്നില്ല. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന മട്ടായിരുന്നു, അവിടെ. പൂർവ്വന്മാർ പരമ്പരാഗതമായി ആചരിച്ചുവന്ന വഴക്കങ്ങളായിരുന്നു അവരുടെ ഏകജീവിത പ്രമാണം. കാടത്തത്തിൽ അവരുടെ കവികൾ അഭിമാനം കൊണ്ടിരുന്നു. പരിശുദ്ധ കഅബാപ്രദക്ഷിണം നുൽബന്ധമില്ലാതെ, പൂർണ്ണ നഗ്നതയോടെയാണ്, പെണ്ണുങ്ങൾപോലും നടത്തിയിരുന്നത്. ദാരിദ്ര്യത്തെ ഭയന്നു പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുന്നതു ചില അറബിഗോത്രങ്ങളുടെ ആചാരമായിരുന്നു. ആഭിജാത്യവും ഉച്ചനീചത്വവും അസ്പൃശ്യതയും അവയുടെ പരമകാഷ്ഠ പ്രാപിച്ചിരുന്നു.

അറേബ്യയുടെ അയൽരാഷ്ട്രങ്ങളുടെ സ്ഥിതിയും വലിയ മെച്ചമായിരുന്നില്ല. ഇറാൻ, റോമ, ഈജിപ്ത് മുതലായ പ്രദേശങ്ങളിൽ നാഗരികതയുടെയും പരിഷ്കാരത്തിൻെറയും ഒരു മിന്നലാട്ടം കാണാമായിരുന്നുവെങ്കിലും, അന്ധവിശ്വാസങ്ങളുടെയും സാമൂഹ്യാനീതികളുടെയും അവിശുദ്ധമായ പൗരോഹിത്യ-സേച്ഛാധിപത്യ കൂട്ടുകെട്ടുകളുടെയും ജനമർദ്ദനങ്ങളുടെയും കേളീരംഗ

ങ്ങളായിരുന്നു അവയും. ആർഷസംസ്കാരത്തിൻെറ ഈററി ല്ലമായ ഭാരതത്തിൽ ദുഷിച്ച ഐത്താചാരവും നശിച്ച 'സതീകർമ്മ'വും (2) നിർബ്ബാധം ആചരിയ്ക്കപ്പെട്ടിരുന്നു. സർവ്വസംഗപരിത്യാഗവും ബ്രഹ്മചര്യയും സന്യാസവു മായിരുന്നു മതജീവിതത്തിൻെറ ഉൽകൃഷ്ടമാനദണ്ഡം. ഉയർന്ന ജാതികൾക്കിടയിൽ 'ഗാന്ധർവ്വവിവാഹ'വും (3) താണജാതികൾക്കിടയിൽ 'പാണ്ഡവാചാര'വും (4) നട മാടിയിരുന്നു. നമ്മുടെ കേരളത്തിൽ വിശേഷിച്ചും നട പ്പിലിരുന്ന രണ്ടാചാരങ്ങളായിരുന്നു ഇവ. ഇങ്ങനെ നോക്കിയാൽ അന്ധവിശ്വാസങ്ങളുടെയും മൗഢ്യധാര ണകളുടെയും കരാളവാഴ്ചയാണ് ഭൂഗോളത്തിൻെറ ഒരററംമുതൽ മറെറ അററം വരെ ദൃശ്യമായിരുന്നത്.

ഈ തമോയുഗത്തിൽ, അറേബ്യയിൽ മുഹമ്മദ് (സ) തിരുമേനി ഉദയംചെയ്തു. അവിടുന്നു ജനജീവി തത്തെ ആദ്യന്തം ഉടച്ചുവാർത്തു. ശിർക്കിൻെറ വേരറുത്തു. തൗഹീദിൻെറയും നീതിയുടെയും സിംഹാസനം സ്ഥാപിച്ചു. വിദ്യാഭ്യാസത്തെ നിർബ്ബന്ധമാക്കി. സന്താ നങ്ങൾക്ക കയ്യെഴുത്ത് പഠിപ്പിയ്ക്കൽ പിതാക്കളുടെ കർത്തവ്യമായി വിളംബരപ്പെടുത്തി. ഉച്ചനീചത്വവും ആഭിജാത്യപ്രകടനവും പിതാക്കളെച്ചൊല്ലിയുള്ള ദുരഭി മാനവുമെല്ലാം തുടച്ചുനീക്കി. "അറബിയ്ക്ക് അറബിയ ല്ലാത്തവനേയ്ക്കാളും അറബിയല്ലാത്തവന്നു അറബിയേ യ്ക്കാളും യാതൊരു മേന്മയുമില്ല. വെളുത്തവന്നു കറുത്ത വനേയ്ക്കാളും കറുത്തവന്നു വെളുത്തവനേയ്ക്കാളും യാതൊരു

---

(2) മരിച്ച ഭർത്താവിൻെറ ചിതയിൽ ചാടി ഭാര്യ ആത്മഹത്യ ചെയ്യുന്ന സമ്പ്രദായം.

(3) നിയമാനുസൃതമല്ലാത്ത വിവാഹം, അഥവാ, പ്രേമവിവാഹം.

(4) ഒരു സ്ത്രീയെ ഒന്നിലധികം പുരുഷന്മാർ വേൾക്കുന്ന സമ്പ്രദായം.

ശ്രേഷ്ഠത്വവുമില്ല. വല്ലതുമുണ്ടെങ്കിൽ ദൈവഭക്തിയെ ന്നുകൊണ്ടുമാത്രം" എന്നു പ്രഖ്യാപിച്ചു. "ചീപ്പിൻെറ പല്ലുകൾകണക്കെ മനുഷ്യന്മാരെല്ലാം സമന്മാരാണ്," എന്ന മഹത്തായ സമത്വസിദ്ധാന്തം ബോധനംചെയ്തു. ധനികന്മാരുടെ ധനത്തിൽ ദരിദ്രന്മാക്കവകാശം നിശ്ചയിച്ചു. ആ അവകാശം നിർബ്ബന്ധപൂർവ്വം വാങ്ങിക്കൊടുക്കുകയും ചെയ്തു. തൊഴിലിൻെറ മാഹാത്മ്യം വെളിപ്പെടുത്തി. "പൗരോഹിത്യവും സന്യാസവും ഇസ്ലാമിലില്ല," എന്നു ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. വിധവാവിവാഹം നടപ്പിലാക്കി. സ്ത്രീകൾക്ക് ദായധനത്തിൽ അവകാശം വാങ്ങിക്കൊടുത്തു. ഗൃഹമാകുന്ന കൊച്ചു സ്റ്റെയിററിലെ ആഭ്യന്തരവകുപ്പിൻെറ ഉത്തരവാദിത്വം സ്ത്രീയിലപ്പിച്ചു. അങ്ങനെ 'ഹാക്കിമിയ്യത്ത്' (അധീശാധിപത്യം) അല്ലാഹുവിനും 'ഖിലാഫത്ത്' (പ്രാതിനിധ്യാവകാശം) ജനങ്ങൾക്കുമായുള്ള ഒരു 'ഹുക്കൂമത്തെ ഇലാഹിയ്യഃ' (ദൈവികഭരണം) ഫലത്തിൽ സംസ്ഥാപിച്ചു. എല്ലാ പ്രകാരത്തിലും മാതൃകായോഗ്യമായ ആ സ്റ്റെയിററിൻെറ നിയമചട്ടങ്ങൾ ദൈവിക ശരീഅത്തായിരുന്നു. ഭരണാധികാരി (ഖലീഫ)യുടെ തിരഞ്ഞെടുപ്പ് പ്രജകളുടെ 'ബൈഅത്തി' (സ്വതന്ത്രവും നിർബ്ബാധവുമായ അനുസരണപ്രതിജ്ഞ)ൻെറ അടിസ്ഥാനത്തിലും, ഭരണനിവ്വഹണം 'ശൂറാ' (പരസ്പര കൂടിയലോചന)യുടെഅടിസ്ഥാനത്തിലുമാണ്, ആ സ്റ്റെയിററിൽ നടന്നിരുന്നത്. എന്നാൽ ഖുർആനും സുന്നത്തും വ്യക്തമായി നിർദ്ദേശിച്ച വിഷയങ്ങളിൽ എന്തെങ്കിലും മാററമോ ഭേദഗതിയോ ചെയ്യുവാൻ ഭരണത്തലവന്മാക്കോ, അഖില ജനതതികളുടെ ഏകകണ്ഠമായ അഭിപ്രായത്തിനോ യാതൊരധികാരവും അതിലുണ്ടായിരുന്നില്ല.

ഖുർആനിൽ മനുഷ്യജീവിതത്തിൻെറ ശാഖോപശാഖമുതൽ അന്തർദ്ദേശീയരംഗങ്ങറം വരെ അന്ത്യപ്രവാചകർ പരിഷ്ക്കരിക്കുകയുണ്ടായി. അതിനാൽ സാർവ്വത്രികവും സാർവ്വജനീനവും സാർവ്വകാലികവും സമ്പൂർണ്ണവുമായ ഒരു സമുദായസമുദ്ധാരണകൃത്യമായിരുന്നു അവിടുത്തേത്. "ഇന്നേ ദിവസം നിങ്ങറക്ക് ഞാൻ നിങ്ങളുടെ ദീനിനെ പൂർത്തിയാക്കുകയും എൻെറ (സന്ദേശമാകുന്ന) അനുഗ്രഹത്തെ മുഴമിയ്ക്കുകയും ഇസ്ലാമിനെ നിങ്ങളുടെ ദീനായി തൃപ്തിപ്പെടുകയും ചെയ്തിരിയ്ക്കുന്നു." (5:3).

ഇയ്യവസരത്തിൽ നമ്മുടെ സവിശേഷ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരു വസ്തുതയിലേയ്ക്ക് നിങ്ങളുടെ ചിന്തയെ ഞാൻ ക്ഷണിച്ചുകൊള്ളട്ടെ. റസൂൽ കരീം (സ) ഇസ്ലാമികപ്രബോധനം ചെയ്തിരുന്നപ്പോറം, തിരുമേനിയും പ്രതിപക്ഷങ്ങളും തമ്മിൽ അനുസ്യൂതമായ സമരസംഘട്ടനങ്ങറം നടക്കുകയുണ്ടായല്ലോ. അതിനെല്ലാം നിദാനമായതക്കം എന്തായിരുന്നു? അറബികളാണെങ്കിൽ, പ്രപഞ്ചത്തിൻെറ കർത്താവും ജീവജാലങ്ങളുടെ അന്നദാതാവും ഏകനായ അല്ലാഹുവാണെന്നും ആവക കാര്യങ്ങളിലൊന്നും മററാക്കും പങ്കില്ലെന്നും ആദ്യമേ അംഗീകരിച്ചിരുന്നവരാണ്. ഖുർആൻ അതിന്നു സാക്ഷ്യം വഹിയ്ക്കുന്നു: "പ്രപഞ്ചത്തെ സൃഷ്ടിച്ചതാർ, എന്നു ചോദിക്കുമ്പോറം 'അല്ലാഹു' എന്നാണവരുത്തരം പറഞ്ഞിരുന്നത്" (29:61). "തങ്ങളെ സൃഷ്ടിച്ചതാർ, എന്നു ചോദിയ്ക്കുമ്പോഴും 'അല്ലാഹു' എന്ന ഉത്തരം തന്നെയാണ് അവക്കുണ്ടായിരുന്നത്." (43:87) "ഭൂലോകത്തിൻെറയും അതിലുള്ള സമസ്തവസ്തുക്കളുടെയും ഉടമാവകാശമാക്കാണെന്ന ചോദ്യത്തിനും 'അല്ലാഹുവിനു' എന്ന

ഉത്തരമേ അവക്കുണ്ടായിരുന്നുള്ളു.” (23: 84, 85) “ഏതൊരു വസ്തുവിൻെറയും ആധിപത്യച്ചെങ്കോലാരുടെ ഹസ്തത്തിലിരിയ്ക്കുന്നു,’ എന്ന ചോദ്യത്തിനു ‘അല്ലാഹുവിൻെറ ഹസ്തത്തിൽ’ എന്നുതന്നെ അവർ മറുപടി പറഞ്ഞിരുന്നു.” (23: 88, 89) “ഏഴാകാശത്തിൻെറയും മഹത്തായ അർശ് (സിംഹാസനം)ൻെറയും റബ്ബും നാഥനും അല്ലാഹുവാണെന്നും അവക്കു വിശ്വാസമുണ്ടായിരുന്നു. (23: 86, 87) “ഉപരിഭാഗത്ത്നിന്നു മഴ വർഷിപ്പിച്ച്, വരണ്ടുമരവിച്ച ഭൂമിയെ സസ്യശ്യാമളവും കോമളവുമാക്കുന്നതും അല്ലാഹുതന്നെയെന്നും അവർ സമ്മതിച്ചിരുന്നു.” (29: 63) ഇങ്ങനെ പ്രാപഞ്ചിക വ്യവസ്ഥിതിയുടെ നിയന്ത്രണവും നടത്തിപ്പും അല്ലാഹുവിനു മാത്രമാണെന്ന വിഷയത്തിൽ അറേബ്യൻ മുശ്രിക്കുകൾക്കു യാതൊരു ഭിന്നാഭിപ്രായവുമുണ്ടായിരുന്നില്ലെന്നു ഖുർആൻ നമുക്കു മനസ്സിലാക്കിത്തരുന്നു. എങ്കിൽപ്പിന്നെ എന്തിനെപ്പററിയായിരുന്നു തിരുനബിയും അവരും തമ്മിൽ ശണ്ഠ?

ഈ ചോദ്യത്തിൻെറ ഉത്തരം ശരിക്കും ഗ്രഹിച്ചില്ലെങ്കിൽ തൗഹീദിൻെറയും ശിർക്കിൻെറയും മർമ്മപ്രധാനവശം മനസ്സിലാവുകയില്ല. അതിനാൽ ഖുർആനിലൂടെ തന്നെ നമുക്കാ ഉത്തരം കണ്ടുപിടിക്കാം.

മുഖ്യമായും രണ്ടു വിഷയത്തിലായിരുന്നു പ്രവാചകനും മുശ്രിക്കുകളും തമ്മിൽ വടംവലി. ഒന്നു, ഇബാദത്തിൻെറ വിഷയത്തിൽ; മറേറതു നിയമപ്രമാണത്തിൻെറ വിഷയത്തിലും.

പ്രപഞ്ചത്തിൻെറ സ്രഷ്ടാവും നാഥനുമായ അല്ലാഹുവിനൊഴികെ മററാക്കും ഇബാദത്ത് പാടില്ലെന്നു

'ലാഇലാഹ ഇല്ലല്ലാഹ്'' എന്ന കലിമത്തിലൂടെ പ്രവാചകൻ വാദിച്ചപ്പോൾ മുശ്രിക്കുകൾ അതിനെ എതിർത്തു. തങ്ങൾ പ്രതിഷ്ഠിച്ചു പൂജിച്ചിരുന്ന വിഗ്രഹങ്ങൾ ഏതേതു മാഹാത്മാക്കളുടെ നാമങ്ങളിലാണോ, അവർ തങ്ങൾക്കു അല്ലാഹുവിങ്കൽ ശിപാർശിചെയ്യുമെന്നും (10: 18) അല്ലാഹുവിൻെറ സാമീപ്യം തങ്ങൾക്കു സമ്പാദിച്ചുകൊടുക്കുമെന്നും (39: 3) ആയിരുന്നു അവരുടെ ധാരണ. അതിനാൽ അല്ലാഹുവിനു പുറമെ ആ ശുപാർശകന്മാക്കും ഇടയാളന്മാക്കും ഇബാദത്ത് ചെയ്യണമെന്നു അവർ വാദിച്ചിരുന്നു. ഈ തത്വശാസ്ത്രമനുസരിച്ച് പ്രസ്തുത മഹാത്മാക്കളുടെ വിഗ്രഹങ്ങളുടെയും ഖബറുകളുടെയും മുമ്പിൽ ബലികർമ്മങ്ങൾ, വഴിപാടുകൾ, നേർച്ചകൾ, അർച്ചനകൾ, പ്രാർത്ഥനകൾ, അഭയാർത്ഥനകൾ, സഹായാർത്ഥനകൾ തുടങ്ങി പല ആരാധനാമുറകളും അവർ സമർപ്പിച്ചിരുന്നു. റസൂൽ (സ) തിരുമേനിയുടെ തൗഹീദ് പ്രഭാഷണം അവയുടെ നേർക്കുള്ള ശക്തിമത്തായ ഒരു പ്രഹരമായിരുന്നു.

ഇതേപ്രകാരം മനുഷ്യജീവിതത്തിൻെറ നിയമപ്രമാണങ്ങളായി അല്ലാഹു അവതരിപ്പിച്ച കിതാബിനെ(വിശുദ്ധഖുർആനെ)യും, ദൈവദൂതൻ ജീവിച്ചുകാണിച്ച സുന്നത്തിനെ(ജീവിതചര്യ)യും അംഗീകരിക്കണമെന്നും മററെല്ലാ നിയമപ്രമാണങ്ങളെയും പരിത്യജിക്കണമെന്നും അവിടുന്നു വാദിച്ചപ്പോൾ അതിനെയും അവർ തിരസ്കരിച്ചു. തങ്ങളുടെ 'കാക്കകാരണ'ന്മാരുടെ വഴക്കങ്ങൾമാത്രമേ ജീവിതപ്രമാണമായി സ്വീകരിക്കു എന്നുള്ളതായിരുന്നു മുശ്രിക്കുകളുടെ നിലപാടു. അതാണ് അല്ലാഹു പറഞ്ഞത്:

وَاِذَا قِيْلَ لَهُمْ تَعَالَوْا اِلٰى مَا اَنْزَلَ اللّٰهُ وَاِلَى الرَّسُوْلِ قَالُوْا حَسْبُنَا مَا وَجَدْنَا عَلَيْهِ آبَاءَنَا۔المائدة

('അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലിങ്കലേയ്ക്കും വരുവിൻ,' എന്നു പറയപ്പെട്ടമ്പോൾ അവർ പറയും: "ഞങ്ങളുടെ പൂർവ്വന്മാർ ഏതൊരു വഴക്കം അനുഷ്ഠിച്ചിരുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടോ അതുതന്നെ മതി, ഞങ്ങൾക്ക്!") (5: 104)

ചുരുക്കത്തിൽ, ഇബാദത്ത് ആർക്ക്, നിയമപ്രമാണം ആരുടേത് എന്നീ പ്രശ്നങ്ങളുടെ അച്ചുതണ്ടിന്മേലാണ് തൗഹീദും ശിർക്കും കറങ്ങുന്നത്. ഇബാദത്തിനെ അല്ലാഹുവിനു മാത്രമാക്കിയും ദൈവികശരീഅത്തിനെ നിയമപ്രമാണമായി അംഗീകരിച്ചും ജീവിക്കുന്നവനാരോ അവനാണ് യഥാർത്ഥ 'മുവഹ്ഹിദ്!'

## ഇസ്ലാമിക പരിഷ്കർത്താക്കളും പരിഷ്കരണവും

നിങ്ങളുടെ വന്ദ്യപിതാവ്, നിങ്ങളുൾപ്പെടെയുള്ള തന്റെ കുടുംബാംഗങ്ങൾക്കു വേണ്ടി, സകല ഉപകരണ സാമഗ്രികളോടും കൂടിയുള്ള ഒരു മണിമേട പണിയിച്ചുവെന്നു വിചാരിക്കുക. മഹത്തും ബൃഹത്തുമായ ആ മന്ദിരത്തിൽ കുടുംബത്തിലെ ഓരോരോ വ്യക്തികളെ ക്ഷണിച്ചുവരുത്തി താമസിപ്പിച്ചുവന്നു. നിങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ട സർവ്വതും അതിൽ സംഭരിച്ചു. നിങ്ങളുടെ അന്തസ്സും അഭിമാനവും അദ്ദേഹം സർവ്വോപരി ഉയർത്തിവച്ചു. അങ്ങനെ

ആ മഹാനുഭാവൻ ഇഹത്തിൽനിന്നും യാത്രയാവാനടുത്തപ്പോഠം സ്വകുടുംബത്തിൻെറ ഉൽഗതിയ്ക്കും ശ്രേയസ്സിനും അവശ്യമാവശ്യമായ നിർദ്ദേശങ്ങളടങ്ങിയ ഒരു 'ഗൈഡ്' നിങ്ങളുടെ കൈയിലപ്പിച്ചുകൊണ്ടു അദ്ദേഹം ഇങ്ങിനെ 'വസിയ്യത്ത്' ചെയ്തു:

"എൻെറ പ്രിയപ്പെട്ട സന്തതികളെ, ഞാനിതാ നിങ്ങളോടു വിടവാങ്ങുകയായി. എൻെറ പിറകിൽ നിങ്ങളെ പല വിനാശങ്ങളും കുഴപ്പങ്ങളും അഭിമുഖീകരിച്ചെന്നുവരും. അതിനാൽ നിങ്ങളോടു ചില അന്ത്യോപദേശങ്ങഠം ചെയ്തുകൊള്ളുന്നു:

"നിങ്ങഠംക്കു ആജീവനാന്തം അധിവസിയ്ക്കുവാനുള്ളതാണീ മണിമാളിക. ഇതുംവിട്ടു നിങ്ങളെങ്ങും പോവരുത്. അതാപല്ക്കരമായിരിയ്ക്കും. നിങ്ങഠംക്കും നിങ്ങളുടെ ഭാവിതലമുറകഠംക്കും, എന്നല്ല, ഇവിടെ വന്നു താമസിക്കുന്ന സകലക്കും സുഖമായും സുഭിക്ഷമായും കഴിയാനുള്ള വക ഞാനിവിടെ ശേഖരിച്ചുവച്ചിട്ടുണ്ടു്. പുറമെനിന്നു യാതൊന്നും വരുത്തേണ്ടുന്ന ആവശ്യമില്ല. ഈ മനോഹരമന്ദിരം ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നും പരിരക്ഷിയ്ക്കുക. അതിൻെറ പേരിൽ ജീവനെ ത്യജിക്കേണ്ടിവന്നാലും പിൻമാറരുത്. ഇതൊന്നു മാത്രമാണ് ഈ കുടുംബത്തിൻെറ അന്തസ്സും ഇസ്സത്തും നിലനിത്തുന്ന ഏകരക്ഷാസങ്കേതം. മററാരുടെയും നിർദ്ദേശത്തിൻെറ ആവശ്യമില്ലാത്തവിധം, എല്ലാ സംഗതികളും നിങ്ങളുടെ കൈയിലുള്ള ഈ ഗൈഡിൽ ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. അതനുസരിച്ചു പ്രവർത്തിയ്ക്കുക. എങ്കിൽ നിങ്ങഠംക്കൊരു ദോഷവും വരികയില്ല. അവസാനമായി ഒന്നുകൂടി ഞാൻ ഉണത്തിച്ചുകൊള്ളട്ടെ:

വരേണ്ടവർ മുഴുവൻ ഇവിടെ എത്തിക്കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് അവരെയും നിങ്ങൾ ക്ഷണിച്ചുവരുത്തണം. ശ്രദ്ധിയ്ക്കുക. ഇവിടെ ഹാജരുള്ളവർ ഹാജരില്ലാത്തവൎക്കു് എൻെറ ഈ സന്ദേശമെത്തിക്കണം!"

പിതാവിൻെറ വിയോഗാനന്തരം ചില അന്ത:ഛിദ്രതകളെല്ലാം നടന്നെങ്കിലും അന്നു തറവാട്ടുകാര്യം നോക്കിനടത്തിയിരുന്ന കൂറുള്ള മകനും കുടുംബാംഗങ്ങളും അതു് ക്ഷണത്തിൽ അവസാനിപ്പിച്ചു. കുടുംബം പൂൎവ്വസ്ഥിതിയിൽ സുരക്ഷിതമായി. പിന്നീടു് ചില ദുരുപദേഷ്ടാക്കളുടെ കുത്തിത്തിരുപ്പുകൾക്കു് വശംവദരായി കുടുംബത്തിലെ ചില അംഗങ്ങൾ തമ്മിൽ തമ്മിൽ കലഹം തുടങ്ങി. തൽഫലമായി അനൎഹന്മാർ പിടിച്ചടക്കി, കുടുംബഭരണം. അവർ ആ തറവാട്ടുപുരയുടെ ഒരു പ്രധാനവശം തകൎത്തു കളഞ്ഞു. ഇത്തരുണത്തിൽ പിതാവോടു കൂറുള്ള ചില മഹാശയന്മാർ വഷളായിക്കഴിഞ്ഞ സ്ഥിതിഗതികൾ നന്നാക്കുവാനും തറവാടിൻെറ തകൎന്ന ഭാഗം റിപ്പേർ ചെയ്തു് പരിഷ്ക്കരിക്കുവാനും ശ്രമിച്ചുവെങ്കിലും സാഹചര്യത്തിൻെറ പ്രാതികൂല്യംമൂലം പരാജയപ്പെടുകയാണുണ്ടായതു്. കുറെ കഴിഞ്ഞപ്പോൾ ആ കുടുംബത്തിൽ ഒരു മഹാമനസ്കനുണ്ടായി. അദ്ദേഹം ആ രക്ഷാസങ്കേതത്തിനു ബാധിച്ച എല്ലാ കേടുപാടുകളും തീൎത്തു് പൂൎവ്വസ്ഥിതിയിൽ പുന:സ്ഥാപിച്ചു വരികയായിരുന്നു. അപ്പോഴേയ്ക്കും അദ്ദേഹം വധിയ്ക്കപ്പെട്ടു. അതോടെ കുടുംബനായകത്വം വീണ്ടും അക്രമികളുടെ കയ്യിലേക്കുതന്നെ നീങ്ങി. അവർ കൂടുതൽ തകൎപ്പന്മാരായിരുന്നു. കുടുംബത്തിൻെറ നേതൃത്വം പിന്നീടു് പലരും കയ്യേററു. പക്ഷേ, സ്വന്തം തറവാടിനു കേടുവരുത്തുകയെന്നതായിരുന്നു അവരുടെയെല്ലാം പ്രവൎത്തനങ്ങളുടെ

ആകെത്തുക. എന്നാൽ അതേ അവസരത്തിൽ ഭാഗി കമായിട്ടെങ്കിലും അതിനെ റിപ്പേർചെയ്ത് പരിഷ്കരിക്കു വാൻ ചില ധീരാത്മാക്കൾ മുമ്പോട്ടു വരികയും അവ രുടെ സൽഉദ്യമം ഏറെക്കുറെ ഫലപ്രദമാവുകയും ചെയ്തു. ഇങ്ങിനെ ഒരു ഭാഗത്ത് നശീകരണവും മറുഭാഗത്ത് പുനരുദ്ധാരണവുമായി കുറെകാലം തുടന്നു. ഇപ്പോഴാ കട്ടെ, ആ രക്ഷാസങ്കേതത്തിൻെറ കഥ അന്ത്യന്തം ദയ നീയമാണ്. അതിൻെറ ഉപരിക്കൂടവും അടിത്തറയും തകൎക്കപ്പെട്ടിരിക്കുന്നു. അതിൻെറ ഘടന ആദ്യന്തം താറുമാറായിരിക്കുന്നു. ഇത്തരുണത്തിൽ സ്വപിതാവി ൻെറ മഹത്തായ സേവനത്തെ വിലയിരുത്തുകയും സ്വരക്ഷക്കുതന്നെ ഏകാലംബം ആ സങ്കേതമാണെന്നു ആത്മാൎത്ഥമായി വിശ്വസിക്കുകയും ചെയ്യുന്ന, കൂറുള്ള സന്താനങ്ങളുടെ കൎത്തവ്യമെന്താണ്? ആ മന്ദിരത്തെ പൂൎവ്വാവസ്ഥയിൽ പുനരുദ്ധരിക്കുവാൻ ശ്രമിക്കുകയ ല്ലാതെ മറെറാന്നുമല്ലതന്നെ!

മേൽ കാണിച്ച ഉപമയിൽ, പിതാവിൻെറ സ്ഥാ നത്ത് അന്ത്യപ്രവാചകരെയും, മണിമേടയുടെ സ്ഥാന ത്ത് ഇസ്ലാമിക വ്യവസ്ഥിതിയെയും, ഗൈഡിൻെറ സ്ഥാനത്ത് ഖുർആൻ, സുന്നത്ത് എന്നിവയെയും, കുടുംബത്തിൻെറ സ്ഥാനത്ത് സമുദായത്തെയും തകൎപ്പ ന്മാരുടെസ്ഥാനത്ത് വ്യതിചലിച്ച മുസ്ലിംകക്ഷികളെയും, റിപ്പേറർമാരുടെ സ്ഥാനത്ത് സമുദായപരിഷ്കൎത്താക്ക ളെയും വച്ചാൽ, ഇനി നാം പ്രതിപാദിക്കാൻ പോവുന്ന വിഷയത്തിൻെറ ഒരേകദേശ ചിത്രീകരണമായിരിക്കും അതു്.

## അബൂബക്കർ സിദ്ദീഖ്

തിരുനബി(സ)യുടെ വിയോഗാനന്തരം സമുദായ നേതൃത്വം മഹാനായ അബൂബക്കറി(റ)ൻെറ ബലിഷ്ഠ ഹസ്തത്തിലർപ്പിതമായി. ഇസ്ലാമികവ്യവസ്ഥിതിയാകുന്ന മനോഹര സൗധത്തെ അതിൻെറ നിസർഗ്ഗസുന്ദരമായ രൂപത്തിൽ അദ്ദേഹം നിലനിർത്തി. എന്നാൽ ഒരുകൂട്ടം അവിവേകികൾ ഇസ്ലാമികവൃത്തത്തിൽനിന്നും പുറത്തു പോയി ഫിത്നയുണ്ടാക്കുവാൻ ശ്രമിച്ചു. യമാമഃയിൽ മുസൈലിമത്തുൽ കദ്ദാബും, യമനിൽ അസ്‌വദുൽ അൻസിയും പുത്തൻ പ്രവാചകത്വവാദം പുറപ്പെടുവിച്ചു. പോരാത്തതിന്ന്, ബനൂ യർബൂഉ ഗോത്രം ഇസ്ലാമിക സ്റ്റെയിററിലേക്ക് തങ്ങളുടെ സകാത്ത് നല്കുവാൻ വിസമ്മതിച്ചു. തിരുമേനിക്കുശേഷം മുസ്ലിം സമുദായത്തിൽ പൊട്ടിപ്പുറപ്പെട്ട ആദ്യത്തെ ഫിത്നകളായിരുന്നു അവ.

പ്രസ്തുത രണ്ടു ബിദ്അത്തുകളെയും സിദ്ദീഖുൽ അക്ബർ(റ) തൻെറ സമർത്ഥമായ നടപടി വഴി മുളയിൽ തന്നെ നുള്ളിക്കളഞ്ഞു. മുസൈലിമത്തിനെ യമാമയിൽ വച്ചും അസ്‌വദിനെ സൻആ(യമൻ) യിൽവച്ചും മുസ്ലിം സേനയുദ്ധത്തിൽ വധിച്ചു. സകാത്തു നിഷേധകന്മാരോടു യുദ്ധത്തിനൊരുമ്പെട്ടപ്പോൾ ഉമറുബ്നുൽഖത്താബ്(റ) ആദ്യം അതിനെ ചോദ്യംചെയ്തുവെങ്കിലും ഒടുവിൽ ഖലീഫയുടെ സംരംഭത്തോട് പൂർണ്ണമായി യോജിക്കുകയാണുണ്ടായത്. ഉമറുമായിനടന്ന ഈ ചർച്ചയിൽ സിദ്ദീഖുൽ അക്ബർ ദൃഢസ്വരത്തിൽ പ്രസ്താവിച്ച വാക്കുകൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമത്രെ:

وَاللهِ لَوْ مَنَعُونِي عِقَالًا كَانُوا يُؤَدُّونَهُ إِلَى رَسُولِ اللهِ صَلَّى اللهُ
عَلَيْهِ وَسَلَّمَ لَقَاتَلْتُهُمْ عَلَى مَنْعِهِ (رواه البخارى ومسلم)

(അല്ലാഹുവാണ: റസൂൽ (സ) തിരുമേനിയുടെ സമക്ഷം അവർ സമർപ്പിച്ചിരുന്ന ഒരൊട്ടകക്കയറാണ് എൻെറ ഗവമ്മെണ്ടിനു തടഞ്ഞിരുന്നതെങ്കിൽപോലും ആയൊരു തടസ്സത്തിൻെറ പേരിൽ അവരോട് ഞാൻ യുദ്ധം ചെയ്യുമായിരുന്നു!)

ഇതാണ് സിദ്ദീഖിൻെറ മുഖ്യമായ സാമുദ്ധാരണ കൃത്യം. ഇതോടൊപ്പം പില്ക്കാലക്കാരുടെ ആവശ്യത്തെ മുൻനിർത്തി വിശുദ്ധ ഖുർആൻ ഒരു ഗ്രന്ഥത്തിൻെറ രൂപത്തിൽ ക്രോഡീകരിച്ചുവെന്നതും എടുത്തുപറയാവുന്ന ഒരു ക്രിയാത്മക പരിഷ്കരണമാകുന്നു.

അബൂബക്കറി(റ)ൻെറ ശേഷം, യഥാക്രമം ഖിലാഫത്തുത്തരവാദിത്വം വഹിച്ച ഉമർ, ഉസ്മാൻ, അലി(റ) എന്നീ ഖുലഫാഉർറാശിദുകളുടെ കാലത്തും മതം, സമുദായം, ഭരണം മുതലായ രംഗങ്ങളിൽ മഹത്തായ ധാരാളം പരിഷ്കരണ കൃത്യങ്ങൾ നടന്നിട്ടുണ്ട്. പക്ഷേ സ്ഥല പരിമിതി നിമിത്തം അവയൊന്നും തല്ക്കാലം പ്രതിപാദിക്കുവാനുദ്ദേശിക്കുന്നില്ല.

## ഖുലഫാഉർറാശിദുകൾക്കു ശേഷം

സച്ചരിതരായ നാലു ഖലീഫമാർക്കു ശേഷം ഇസ്ലാമിലെ ഖിലാഫത്ത് വ്യവസ്ഥിതിക്കാണ് ആദ്യമായി തകരാറു ബാധിച്ചത്. ഇസ്ലാമിക ഭരണം, ദൗർഭാഗ്യവശാൽ രാജാധിപത്യത്തിൻെറ രൂപം കൈക്കൊണ്ടു. പ്രജകളുടെ സ്വാതന്ത്ര്യവും നിർബ്ബാധവുമായ ബൈഅത്തിൻെറ

അടിസ്ഥാനത്തിലാണ്, നാലു ഖലീഫമാർ തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. എന്നാൽ ഇസ്ലാമിക ഭരണകൂടം ബനൂ ഉമയ്യത്തിൻെറ അധീനത്തിൽ വന്നപ്പോൾ അവരതിനെ സ്വകുടുംബത്തിൻെറ കുത്തകയാക്കിക്കളഞ്ഞു. ഇസ്ലാമിൽ പൊട്ടിപ്പുറപ്പെട്ട ബിദ്അത്തുകളിൽ ഏററവും ദോഷം ചെയ്തത് ഇതായിരുന്നു. ഈ ബിദ്അത്തിനെ നശിപ്പിച്ച് ഇസ്ലാമിക ഖിലാഫത്ത് പൂർവ്വാവസ്ഥയിൽ പുനഃസ്ഥാപിക്കുവാൻ ചില ധീരാത്മാക്കൾ രംഗത്തിറങ്ങിയെങ്കിലും അമവിയ്യാക്കളുടെ ഭൗതിക ശക്തിയും കുതന്ത്രവും ആ സംരംഭത്തെ പരാജയപ്പെടുത്തുകയാണ് ചെയ്തത്.

രാജാധിപത്യത്തെത്തുടർന്ന്, ഭരണരംഗത്ത് മററു പല ദുരാചാരങ്ങളും തലപൊക്കി. രാഷ്ട്രത്തിൻെറ പൊതുസ്വത്ത് അമവിയ്യാക്കളുടെ കുടുംബ സ്വത്തായി മാറി. ഫിർഔൻെറ ഔദ്ധത്യം, കിസ്രാ-കൈസർമാരുടെ ആഢംബരം, ജാഹിലിയ്യാ കാലത്തെ സ്വജനപക്ഷപാതം, മനുഷ്യത്വ വിഹീനമായ മർദ്ദനമുറകൾ—ഇമ്മാതിരി അനിസ്ലാമിക ചെയ്തികളായിരുന്നു ആ ഭരണാധിപതികളുടെ പ്രത്യേകതകൾ. ഹ: അലി(റ)യെയും കുടുംബത്തെയും 'ലഅ്നത്ത് കൂറക' എല്ലാ ജുമുഅ: ഖുത്തുബകളിലും പതിവായി ആചരിക്കപ്പെട്ടുന്ന മറെറാരു ബിദ്അത്തായിരുന്നു.

## ഉമറുബ്നു അബ്ദിൽ അസീസ്

ഈ ഘട്ടത്തിലാണ് അതേ കുടുംബത്തിൽനിന്നു മഹാനായ ഉമറുബ്നു അബ്ദിൽ അസീസ് (ഹിജ്റ 61-101) ഖിലാഫത്തുത്തരവാദിത്വം കയ്യേററത്. ആ പദവി അദ്ദേഹമൊരിക്കലും ആഗ്രഹിച്ചിരുന്നില്ല. തൻെറ

മുൻഗാമി സുലൈമാനുബ്നു അബ്ദിൽ മലിക് കാലഗതിയടഞ്ഞപ്പോൾ, മുൻ ഭരണാധിപതികളിലൊരാളായ വലീദിന്റെ നിയമനപത്രമനുസരിച്ച് ഉമറി(റ)നെ ബനൂ ഉമയ്യാ ഗോത്രം ഭരണപീഠത്തിലിരുത്തി. തദവസരം, ആപത്സമയത്തുച്ചരിക്കുന്ന "ഇന്നാലില്ലാഹി...." എന്ന ഖുർആൻ വാക്യമാണ് അദ്ദേഹത്തിന്റെ ജിഹ്വയിൽനിന്നും പുറത്തുവീണത്. ബൈഅത്തിന്റെ സന്ദർഭമായപ്പോൾ അവിടെ തടിച്ചുകൂടിയിരുന്ന ജനലക്ഷങ്ങളോടായി അദ്ദേഹം പ്രഖ്യാപിച്ചു: "എനിക്കു ബൈഅത്ത് ചെയ്യുന്നതിൽനിന്നും നിങ്ങളെ ഞാൻ തികച്ചും സ്വതന്ത്രരാക്കിയിരിക്കുന്നു. നിങ്ങൾക്കിഷ്ടമുള്ള മററൊരാളെ തിരഞ്ഞെടുക്കുവിൻ!" ജനങ്ങൾ ഏകസ്വരത്തിൽ വിളിച്ചുപറഞ്ഞു: "അങ്ങ് തന്നെയാണ് ഞങ്ങളുടെ ഖലീഫ!"

ഖിലാഫത്ത് ചുമതല ഏറെറടുത്തശേഷം ആദ്യമായി ഉമർ(റ) ചെയ്തത് സ്വന്തംപേരിലുള്ള വസ്തുവകകളൊക്കെ മുസ്ലിംകളുടെ പൊതുഭണ്ഡാരത്തിൽ ലയിപ്പിക്കുകയാണ്. മുൻ ഭരണകർത്താക്കൾ പൊതുസ്വത്തുക്കൾ സ്വകുടുംബത്തിനു വീതിച്ചുകൊടുത്ത വകയിൽ തനിയ്ക്കു ലഭിച്ചതായിരുന്നു അവ. പിന്നെ പത്നിക്കുള്ളതും അദ്ദേഹം ബൈത്തുൽമാലിലേക്ക് കൊടുപ്പിച്ചു. മുൻ ഭരണാധിപതികളിലൊരാളായ അബ്ദുൽ മലിക്കിന്റെ പുത്രി ഫാത്തിമയായിരുന്നു ഉമർ രണ്ടാമന്റെ സഹധർമ്മിണി. പിതാവ് പാരിതോഷികമായിക്കൊടുത്ത ഒരു രത്നമാലയുണ്ടായിരുന്നു, അവൾക്ക്. ഖലീഫഃ പറഞ്ഞു: "പ്രിയേ, രണ്ടിലൊന്നു തീരുമാനിക്കുവാൻ നിനക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ട്: ഒന്നുകിൽ ഈ മാല ഇതിന്റെ യഥാർത്ഥ അവകാശികൾക്ക് തിരിച്ചേല്പിക്കുക; അല്ലെങ്കിൽ നീയുമായി

വേപ്പെട്ടവാൻ എന്നെ അനുവദിക്കുക!" പത്നിയുടെ മറുപടി: "ഇസ്സൊരു മാലയെന്ത്? ഇതിലുമെത്ര യോമടങ്ങു വിലപിടിപ്പുള്ള ആഭരണങ്ങൾ പരിത്യജി ക്കേണ്ടി വന്നാലും എനിയ്ക്കെൻെറ പ്രിയതമൻ മതി!" അങ്ങിനെ അതും ബൈത്തുൽമാലിലർപ്പിച്ചു.

കുടുംബാംഗങ്ങൾ അന്യായമായി കൈവശം വച്ചി രുന്ന പൊതു സ്വത്തുക്കളെല്ലാം അദ്ദേഹം രാഷ്ട്രത്തിൻെറ പൊതു ഖജനാവിൽ ലയിപ്പിച്ചു. മുസ്ലിംകളുടെ അധീ നത്തിലുണ്ടായിരുന്ന അമുസ്ലിംകളുടെ ധനം തിരിച്ചു കൊടു പ്പിച്ചു. ഇങ്ങനെ സാമ്പത്തിക രംഗം ശുദ്ധീകരിച്ച ശേഷം ഭരണരംഗത്തേക്ക് തിരിഞ്ഞു. അക്രമികളായ ഗവർണ്ണർമാരെയും ഉദ്യോഗസ്ഥന്മാരെയും പിരിച്ചു വിട്ടു, തൽസ്ഥാനത്ത് നേരും ഞെറിയുമുള്ളവരെ നിയമിച്ചു. സകാത്തു വ്യവസ്ഥ ക്രമപ്രകാരം പുനഃസ്ഥാപിച്ചു. തന്മൂലം ഏതാനും നാളുകൾക്കുള്ളിൽ സകാത്തു വാങ്ങാൻ അർഹതപ്പെട്ടവരില്ലാത്ത വിധം, രാഷ്ട്രം മുഴുവൻ സമ്പ ന്നമായി. അതിനാൽ ആ സംഖ്യ അടിമകളെ മോചി പ്പിക്കുന്ന വകുപ്പിലാണ് വിനിയോഗിച്ചത്. നിലവി ലുള്ള കക്ഷികളെയെല്ലാം നയോപായത്തിലൂടെ ഒതുക്കി നിർത്തി. ജുമുഅ ഖുത്തുബയിൽ നടമാടിയിരുന്ന 'ലഅ നത്ത് പരിപാടി' എടുത്തു കളഞ്ഞു. ആ സ്ഥാനത്ത്,

ان الله يامر بالعدل والاحسان وايتاء ذى القربى ....

എന്നു തുടങ്ങുന്ന സൂറത്തുന്നഹ്‌ലിലെ ആയത്ത് ഓതുക പതിവാക്കി. സമുദായത്തിലെ താഴ്‌ന്ന വിഭാഗത്തോ ടുള്ള അവജ്ഞ തുടച്ചുനീക്കി. അസ്‌വദിൻെറ ഒരു 'മൗല'യായ യസീദുബ്‌നു അബീഹബീബിനെയാണ്

ഈജിപ്തിലെ 'ഗ്രാൻഡ്മുഫ്തി'യായി അദ്ദേഹം നിയമിച്ചത്. ഇസ്ലാമിക വിദ്യാഭ്യാസം സർവ്വത്ര പ്രചരിപ്പിച്ചു. ഇസ്ലാമിലെ ചിന്താപ്രസ്ഥാനവും 'ഇജ്തിഹാദും' വികസിപ്പിച്ചു. ഹദീസ് ക്രോഡീകരണപ്രസ്ഥാനത്തിന്റെ അടിത്തറ പാകി. എന്തിനധികം, ആ മഹാനുഭാവൻ ജനജീവിതത്തെ ആദ്യന്തം സമുദ്ധരിച്ചു.

ഇബ്നു അബ്ദിൽ അസീസി(റ)ന്റെ നീതിബോധത്തിൽ ആകൃഷ്ടരായി നിരവധി അമുസ്ലിംകൾ ഇസ്ലാമിക സൗധത്തിൽ അഭയം പ്രാപിച്ചു. അയൽപക്കത്തെ അമുസ്ലിം രാഷ്ട്രങ്ങളിൽ പലതും ഇസ്ലാമിനെ ആശ്ലേഷിച്ചു. മഹത്തും ബൃഹത്തുമായ ഈ സമുദ്ധാരണകൃത്യങ്ങളെല്ലാം അദ്ദേഹം സാധിച്ചത് വെറും 30 മാസംകൊണ്ടാണ്. ഖിലാഫത്ത് വ്യവസ്ഥ ഇസ്ലാമികരീത്യാ പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുകയായിരുന്നു, അദ്ദേഹം. അപ്പോഴേക്കും സ്വകുടുംബം വിഷംകൊടുത്ത് ആ മഹാനെ വധിച്ചുകളഞ്ഞു!

## നാലു ഇമാമുകൾ

ഉമർ രണ്ടാമനുശേഷം ഖിലാഫത്ത് പഴയ ജാഹിലിയ്യത്തിലേക്കുതന്നെ തിരിച്ചുപോയി. അനന്തരം ഇസ്ലാമിക വിജ്ഞാനവും അധികാരവും ഒരിയ്ക്കലും ഒരിടത്തു സമ്മേളിക്കുകയുണ്ടായില്ല. ഭരണാധിപതികൾ ഇസ്ലാമിനെപ്പററി അജ്ഞരും പണ്ഡിതവർഗ്ഗം അവരുടെ താളത്തിനൊത്തു തുള്ളുന്നവരുമായിത്തീർന്നു. ഇതാണ് സമുദായത്തിനു നേരിട്ട മറെറാരു മഹാ വിപത്ത്.

അമവിയ്യാക്കളുടെ ശക്തി ക്ഷയോന്മുഖമായി വന്നു. അങ്ങനെ ഭരണകൂടം ബനൂ അബ്ബാസ് പിടിച്ചു പററി.

അനിസ്ലാമികതത്വത്തിലും ജനമദ്ധ്യത്തിലും അമവിയ്യാക്കളുടെ ഒട്ടും പുറകിലായിരുന്നില്ല, അബ്ബാസിയാക്കൾ. ഗ്രീക്കുകാരുടെ അനിസ്ലാമിക തത്വചിന്തകൾ മുസ്ലിംകൾക്കിടയിൽ പ്രചരിപ്പിച്ചുവെന്നതായിരുന്നു അവരുടെ മറെറാരു ബിദ്അത്ത്.

അധികാര മണ്ഡലത്തിലെ സ്ഥിതി ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും, ഉമറുബ്നു അബ്ദിൽ അസീസ്(റ) കൊളുത്തിയ നവദീപം പറെറ അണയുകയുണ്ടായില്ല. അത് മറെറാരു രംഗത്ത്-വിജ്ഞാന രംഗത്ത്-കത്തിജ്ജ്വലിച്ചു. ഖുർആനിലും ഹദീസിലും അവഗാഹം നേടുക, ആ രണ്ടു മൗലികപ്രമാണങ്ങൾ പ്രചരിപ്പിക്കുക, അവയിൽ ഗവേഷണം നടത്തി, ഇസ്ലാമിലെ ശാഖാപരമായ നിയമങ്ങളും നിയമങ്ങളുടെ അടിസ്ഥാന തത്വങ്ങളും കണ്ടുപിടിക്കുക, അങ്ങനെ തന്നതുകാലത്ത് ഏററവും പരിഷ്കൃതവും പ്രായോഗികവുമായ ഒരു ഇസ്ലാമിക നാഗരിക വ്യവസ്ഥിതി ആവിഷ്കരിക്കുക തുടങ്ങിയ പല കൃത്യങ്ങളും നിർവ്വഹിച്ചു, അതിമഹത്തായ ഒരു ചിന്താപ്രസ്ഥാനം നിലവിൽ വന്നു. ഇതായിരുന്നു ആ കാലത്തിൻെറ ഏററവും വലിയ ആവശ്യവും.

ഈ ചിന്താപ്രസ്ഥാനം നയിച്ച പ്രഗത്ഭ വ്യക്തികളായിരുന്നു നാലു ഇമാമുകൾ. അന്നീ പ്രസ്ഥാനം ഉടലെടുത്തിട്ടില്ലായിരുന്നുവെങ്കിൽ പിൻതലമുറകൾക്കു ഇസ്ലാമിനെ തന്നതു രൂപത്തിൽ കാണുക കേവലം അസാധ്യമായേനെ. പ്രസ്തുത മഹാന്മാർ നിലവിലുള്ള രാഷ്ട്രീയ വടംവലികളിലൊന്നും ഇടപ്പെടാതെ വിജ്ഞാനീയ രംഗത്ത് അദ്വിതീയ സേവനം നിർവ്വഹിച്ചു. ഭരണാധികാരികളുടെ അനുഗ്രഹങ്ങൾക്കും ആശിസ്സുകൾക്കും

കെഞ്ചാൻ പോവാതെ തികച്ചും സ്വതന്ത്രമായാണ് തങ്ങളുടെ ഈ ഭാരിച്ച കർത്തവ്യം ആ പുണ്യാത്മാക്കൾ അനുഷ്ഠിച്ചത്. അവരെ സ്വവശത്താക്കുവാൻ ഭരണകൂടം പല അടവുകളും പയററിനോക്കി. വലിയവലിയ ഉദ്യോഗങ്ങൾ ഓഫർ ചെയ്തു. വിലപിടിച്ച സമ്മാനങ്ങൾ വെച്ചു നീട്ടി. പക്ഷേ അതൊക്കെ അവജ്ഞാപൂർവ്വം തിരസ്കരിക്കുകയാണ് അവർ ചെയ്തത്.

നിലവിലുള്ള സ്വേച്ഛാധികാരപ്രമത്തതയെ അവർ മനസാ വെറുത്തിരുന്നു. അതുകാരണം, മനുഷ്യത്വം ലജ്ജിച്ചുതലതാഴ്ത്തുന്ന നിഷ്ഠുരതകളും ക്രൂരതകളും അവർക്ക സഹിക്കേണ്ടിവന്നു. ഇമാം അബൂഹനീഫ (ഹി: 80-150) വളരെക്കാലം ജയിൽശിക്ഷയും കൊരടാവുകൊണ്ടുള്ള അടിയും അനുഭവിച്ചു. ജയിലിൽ വെച്ചാണ് ആ മഹാൻ അന്ത്യശ്വാസം വലിച്ചത്. ഇമാം മാലിക്കി (ഹി: 95-179)നെ ഒരു ഫത്വായുടെ പേരിൽ കൊരടാവുകൊണ്ടടിക്കുകയും ചുമലിൽനിന്നു കരം വേർപെടുത്തുകയും ചെയ്തു. അതും പോരാഞ്ഞു, ശരീരം മുഴക്കെ കരിതേച്ച്, കഴുതപ്പുറത്തിരുത്തി, ബസാറിലൂടെ സാവാരിചെയ്യിച്ചു പമാനിക്കുകയും ചെയ്തു. ഇമാം ശാഫി (ഹി: 150-240)യെ യമനിൽനിന്നു ബഗ്ദാദ്‌വരെ വിലങ്ങുവെച്ചു ഏററവും അപമാനകരമായ നിലയിൽ കൊണ്ടുവരികയുണ്ടായി. വിശുദ്ധ ഖുർആൻ സൃഷ്ടിയാണെന്ന വാദം അംഗീകരിക്കാൻ കൂട്ടാക്കാത്ത കാരണത്താൽ ഇമാം അഹ്മദ്ബ്നു ഹൻബലി (ഹി: 164-241)നെ മാമൂൻ തുറുങ്കിലിടുകയും കവഞ്ചികൊണ്ടടിക്കുകയും ചെയ്തു. മുഅ്തസിം, വാഥിഖ് എന്നിവരുടെ ഭരണകാലത്തും അദ്ദേഹം തുറുങ്കിൽതന്നെയായിരുന്നു. അങ്ങനെ മുതവക്കിലിൻെറ കാലം വന്നപ്പോൾ ഇമാം ജയിൽ

വിമുക്തനായി. ഭരണാധിപതി ഇബ്നുഹൻബലി (റ) നെ അത്യന്തം ആദരിക്കുകയും അദ്ദേഹത്തിനു രാജകീയസമ്മാനങ്ങൾ വച്ചുകാട്ടുകയും ചെയ്തു. തദവസരം അദ്ദേഹം പറഞ്ഞതിതാണ്:

هذا اشد على من ذلك

(ഈ സമ്മാനമത്രെ ആ മർദ്ദനത്തേക്കാൾ എനിക്കേറെറവും ക്ലേശമായിട്ടുള്ളത്.) അദ്ദേഹം അത് അവജ്ഞാപൂർവ്വം തിരസ്കരിക്കുകയാണുണ്ടായത്.

## ഇമാം ഗസ്സാലി

ഭരണാധികാരം കേവലം പൈതൃകമായിത്തീരുകയും ഭരണക്കടിഞ്ഞാൺ 'ജാഹിലിയ്യത്തി'ൻെറ ക്രൂരഹസ്തത്തിലമരുകയും ചെയ്തതിനെത്തുടൎന്ന് ഇസ്ലാമിന്നും മുസ്ലിംകൾക്കും അഭിമുഖീകരിക്കേണ്ടിവന്ന വിപത്തുകൾ ചില്ലറയൊന്നുമല്ല. ഭരണകർത്താക്കൾ ഇസ്ലാമിനെക്കുറിച്ചു തീരെ അജ്ഞരായിരുന്നു പഠിച്ച പണ്ഡിതന്മാരാകട്ടെ, അവരുടെ ചട്ടുകങ്ങളും. ഗ്രീക്കുകാരുടെ തത്വ ചിന്തകൾ സർവ്വത്ര പ്രചരിപ്പിക്കപ്പെട്ടു. പണ്ഡിതന്മാർക്കിടയിൽ മതപരമായ വാദപ്രതിവാദമത്സരം, കോഴികൊത്തു വിനോദംപോലെ സംഘടിപ്പിക്കപ്പെട്ടിരുന്നു. ഭരണകർത്താക്കൾ അതിനെ പ്രോത്സാഹിപ്പിച്ചുവന്നു. യവനതത്വശാസ്ത്രസിദ്ധാന്തങ്ങൾ ഇസ്ലാമിക വിശ്വാസാദർശങ്ങളെ ഉലച്ചുകളഞ്ഞു. 'മുസ്ലിം മതതത്വശാസ്ത്ര'മെന്നോ 'വചന വിജ്ഞാനീയം, (ഇൽമുൽ കലാം) എന്നോ ഉള്ള പേരിൽ, ഗ്രീക്കുതത്വശാസ്ത്രത്തെ അനുകരിച്ചു ഒരു പുതിയ ചിന്താപ്രസ്ഥാനം നിലവിൽവന്നു. വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും പ്രതിപാദിക്കപ്പെട്ട

തെളിവുകളും പ്രാപഞ്ചികാടയാളങ്ങളും യുക്ത്യാധിഷ്ഠിതങ്ങളല്ലെന്ന ഭാവേന പുറം തള്ളപ്പെട്ടു. തൽസ്ഥാനത്ത് ഗ്രീക്കുകാരുടെ തർക്കശാസ്ത്രത്തിൻെറ മാതൃകയിൽ ഇസ്ലാമികാദർശങ്ങളും വിശ്വാസങ്ങളും ക്രോഡീകരിക്കപ്പെട്ടു. ഖുർആനും സുന്നത്തുമായി വിദൂരബന്ധംപോലുമില്ലാത്ത പല സിദ്ധാന്തങ്ങളും മതവിശ്വാസങ്ങളുടെ പട്ടികയിൽ സ്ഥലം പിടിച്ചു. അവയിൽ വിശ്വസിയ്ക്കാത്തവരെല്ലാം അമുസ്ലിംകളായി ഗണിയ്ക്കപ്പെട്ടു. ഇസ്ലാമികാദർശങ്ങൾ ഒരിയ്ക്കലും പരിഹരിയ്ക്കാനാവാത്ത 'കടംകഥ'യായി മാറി.

ഇതൊരു വശത്ത്; മറുവശത്താകട്ടെ, രാജകീയ ദർബാറുകൾ കേവലം 'നൈററ് ക്ലബ്ബു'കളായിത്തീർന്നു. അവിടെ നടക്കാത്ത വൃത്തികേടോ ആഭാസത്വമോ വഷളത്തമോ ഇല്ലായിരുന്നു. അസാന്മാർഗ്ഗികത്വം നാടൊട്ടുക്കും കാട്ടുതീപോലെ പടർന്നുപിടിച്ചു. മൊത്തത്തിൽ ഇതൊക്കെയായിരുന്നു, ഹി: അഞ്ചാം ശതകത്തിൽ മുസ്ലിം ലോകത്തിൻെറ സവിശേഷതകൾ.

ഇത്തരുണത്തിലാണ് ഇമാം ഗസ്സാലി (ഹിജ്റ: 450_505) രംഗപ്രവേശം ചെയ്തത്. അദ്ദേഹം ഇസ്ലാമിക വിജ്ഞാനശാഖകളിലും ഇതര കലാശാസ്ത്രങ്ങളിലും അഗാധമായ പാണ്ഡിത്യം നേടി. അന്നത്തെ ഏററവും വലിയ സാംസ്കാരിക കേന്ദ്രമായിരുന്ന 'നിസാമിയാ സർവ്വകലാശാല' (ബഗ്ദാദ്)യിൽ റെക്ടർ സ്ഥാനമലങ്കരിച്ചുകൊണ്ടു, ഏതാനും കൊല്ലം വിജ്ഞാനസേവനമനുഷ്ഠിച്ചു. ശാഹ്സൽജൂഖും അബ്ബാസിഭരണത്തലവനും തമ്മിലുള്ള ഒരു വഴക്കവസാനപ്പിക്കുവാൻ മാത്രം, വമ്പിച്ച സ്വാധീനശക്തിയാണ്, രാഷ്ട്രീയരംഗത്ത്

ഇമാമിനുണ്ടായിരുന്നതു്. പിന്നീട്ട ഇമാം ഗസ്സാലി(റ)യുടെ ജീവിതത്തിൽ വലുതായ മാററം സംഭവിച്ചു. അദ്ദേഹം ഒരു 'ഫഖീറി'ൻെറ വേഷമണിഞ്ഞു്, പത്തുകൊല്ലം വിവിധ ദേശങ്ങളിൽ സഞ്ചരിച്ചു. അക്കാലത്ത് 'മുജാഹദഃ' (ആത്മസംയമനം) 'മുറാഖബഃ' (ധ്യാനം) തുടങ്ങിയ സൂഫിമാർഗ്ഗങ്ങളിലൂടെ സ്വാത്മാവിനെ സംസ്കരിച്ചു. തിരിച്ചുവന്നു്, ശിഷ്ടജീവിതം മുഴവൻ സമുദായസമുദ്ധാരണത്തിനായി ഉഴിഞ്ഞുവെച്ചു.

ഗ്രീക്കു തത്വചിന്തയുടെ തൊലിയുരിച്ചു കാണിച്ചുകൊണ്ടു, അതിനെക്കുറിച്ചു ജനങ്ങൾക്കുണ്ടായിരുന്ന മതിപ്പും അമ്പരപ്പും തുടച്ചുനീക്കാനാണ് ഇമാം ആദ്യമായി ശ്രമിച്ചതു്. അദ്ദേഹത്തിൻെറ യുക്തിയുക്തമായ വിമർശനത്തിൻെറ മുമ്പിൽ ആ തത്വചിന്തയുടെ കെട്ടുപാടു് മുഴവൻ തകൎന്നുപോയി. തന്മൂലം മുസ്ലിം രാഷ്ട്രങ്ങളിൽ മാത്രമല്ല, യൂറോപ്യൻ രാജ്യങ്ങളിൽപോലും യവനതത്വശാസ്ത്രത്തിൻെറ സ്വാധീനത പററെ നിലച്ചു. സുശക്തവും യുക്തിസഹവുമായ തെളിവുകളിന്മേൽ ഇസ്ലാമിക വിശ്വാസാദർശങ്ങൾ അദ്ദേഹം പുനഃപ്രതിഷ്ഠിച്ചു. പുറമെ നിന്നു കടം വാങ്ങി, ഇസ്ലാമിൻെറ അഖീദകളുടെ ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിരുന്ന ചില തത്വങ്ങളിൽ വിശ്വസിക്കാത്തതിൻെറ പേരിൽ പല നല്ല വ്യക്തികളുടെയും നേരെ 'കുഫ്ർഫത്വ'കളിറക്കുകയും അവൎക്ക് സമുദായഭ്രഷ്ട് കല്പിക്കുകയും ചെയ്യുകയെന്ന പണ്ഡിതപ്പരിഷകളുടെ അവിവേകപൂർവ്വമായ നയത്തെ ഇമാം രൂക്ഷമായി എതിർത്തു. ഇത്തരം ഫത്വകളിൽനിന്നു ഗസ്സാലി(റ)യും ഒഴിവായിരുന്നില്ല. അദ്ദേഹം

‘സിൻദീഖും’ നിർമ്മതനും കാഫിറുമാണെന്നും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ആരും വായിക്കരുതെന്നും നിലവിലിരുന്ന പുരോഹിതന്മാർ ‘ഫത്വക’ളിറക്കി. അതിനാൽ ഇസ്ലാമിന്റെ യഥാർത്ഥ വിശ്വാസാദർശങ്ങളെയും പുറമെനിന്നു നുഴഞ്ഞുകടന്ന ‘ബിദ്അത്ത്’പരമായ സിദ്ധാന്തങ്ങളെയും വേർതിരിച്ചു കാണിക്കുന്ന ചില കൃതികൾ ഇമാം പുറത്തിറക്കി. ഇക്കൂട്ടത്തിലൊന്നത്രെ, “ഫൈസലുത്തഫ്രീഖഃ, ബൈനൽ ഇസ്ലാമി വസ്സൻദഖഃ” എന്ന പ്രശസ്ത ഗ്രന്ഥം. ഇമാം ഗസ്സാലി (റ) അഖീദാപരവും മദ്ഹബ്പരവുമായ അനുകരണത്തെ എതിർത്തു. ഇജ്തിഹാദിന്റെ അടഞ്ഞുപോയ കവാടം വീണ്ടും തുറന്നു. കളങ്കമില്ലാത്ത മതനിഷ്ഠയിലേയ്ക്കും സാന്മാർഗ്ഗിക ജീവിതത്തിലേയ്ക്കും ജനങ്ങളെ പ്രബോധനം ചെയ്തു. സുൽത്താന്മാരെയും അധികാരിവർഗ്ഗത്തെയും നിശിതമായും നിർഭയമായും വിമർശിച്ചു. ഒരിക്കൽ സുൽത്താന്റെ ദർബാറിൽ ചെല്ലേണ്ടതായി വന്നപ്പോൾ അദ്ദേഹം അയാളെ ഇങ്ങിനെ താക്കീതു ചെയ്തു: “നിന്റെ കുതിരയുടെ കഴുത്തിൽ അണിയിച്ച സുവർണ്ണക്കോപ്പുകൾ ആ കഴുത്തിനെ പൊട്ടിച്ചിട്ടില്ലായിരിയ്ക്കാം; പക്ഷെ ദാരിദ്ര്യഭാരം പേറി പ്രജകളുടെ കഴുത്ത് പൊട്ടിത്തകർന്നിരിക്കുകയാണെന്നു മനസ്സിലാക്കണം!”

സുപ്രസിദ്ധ ചരിത്രകാരനായ ഇബ്നുഖൽദൂന്റെ പ്രസ്താവനയനുസരിച്ച്, തനി ഇസ്ലാമിന്റെ അടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രം നിലവിൽവന്നുകാണാൻ ഇമാം ഗസ്സാലി (റ) വെമ്പൽകൊണ്ടിരുന്നു. ഉൻദുലുസിൽ

ഏറക്കുറെ ഒന്നര നൂററാണ്ടുകാലം നിലനിന്ന 'ഇസ്ലാമികരാഷ്ട്രം' സ്ഥാപിതമായത് ഇമാമിൻെറ നിർദ്ദേശത്തോടും ആശീർവ്വചനത്തോടുംകൂടിയായിരുന്നു. ഇമാമിൻെറ ഒരു പ്രമുഖ ശിഷ്യനായ ഉബ്നുതുമത്തി (ക്രി: 1088:1131)ൻെറ നേതൃത്വത്തിലുള്ള 'മുവഹ്ഹിദ്' പ്രസ്ഥാനമാണ് ആ ഇസ്ലാമിക സ്റ്റെയ്ററ് സ്ഥാപിച്ചത്. ഇമാമിനു ധാരാളം ശത്രുക്കളുണ്ടായിരുന്നു. ചിലർ അദ്ദേഹത്തിൻെറ കൃതികൾ ശേഖരിച്ചു അഗ്നിക്കിരയാക്കുകപോലും ചെയ്തു.

## ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃ

ഹിജ്റ ഏഴാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ, സിന്ധുനദീതടംമുതൽ യൂഫ്രട്ടീസിൻെറ തീരംവരെയുള്ള മുസ്ലിം ജനത മുഴുവൻ താത്താരികളുടെ അന്യാദൃശമായ ആക്രമണത്തിനും നരനായാട്ടിനും ഇരയായിക്കഴിഞ്ഞിരുന്നു. മുസ്ലിംകൾക്ക് അമ്പതു കൊല്ലക്കാലം അനുസ്യൂതമായി അഭിമുഖീകരിക്കേണ്ടിവന്ന ഭീമമായ പരാജയവും അരക്ഷിതാവസ്ഥയും, അവരുടെ വിജ്ഞാന സാംസ്കാരിക കേന്ദ്രങ്ങളുടെ നാശവും മററും അവരെ അധഃപതനത്തിൻെറ അഗാധഗർത്തത്തിലേയ്ക്കു് തള്ളിയെറിഞ്ഞിരുന്നു. നവീന താത്താരി അക്രമികൾ മുസ്ലിം നാമം കൈക്കൊണ്ടിരുന്നുവെങ്കിലും തങ്ങളുടെ മർദ്ദനമുറകൾ പൂർവ്വന്മാരുടേതിൽനിന്നൊട്ടും കുറവായിരുന്നില്ല. ഇതിൻഫലമായി ഇസ്ലാമികസങ്കേതത്തിൽ നുഴഞ്ഞുകൂടിയ ജാഹിലിയ്യത്തുകൾക്കും ബിദ്അത്തുകൾക്കും യാതൊരു കയ്യും കണക്കുമില്ല. സാധാരണക്കാർ മാത്രമല്ല, ഉലമാക്കൾ, ഫുഖഹാക്കൾ, ശൈഖുമാർ, ഖാസിമാർ തുടങ്ങിയ പ്രത്യേകക്കാർപോലും ധാർമ്മികരംഗത്തും

സാന്മാർഗ്ഗികരംഗത്തും ഇങ്ങേയററം അധഃസ്ഥിതരായിരുന്നു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വേലിയേററം ഒരു വശത്ത്; ഫിഖ്ഹ് പരമോ അഖീദാപരമോ ആയ നിസ്സാര തക്കത്തെച്ചൊല്ലി കാഫിറാക്കൽ മറുവശത്തും. ഓരോ മദ്ഹബും ഓരോ സ്വതന്ത്ര ദീനായിക്കഴിഞ്ഞിരുന്നു. ബിദ്അത്തുകളുടെയും ഖുറാഫത്തുകളുടെയും ആക്രമണത്തിനടിപ്പെട്ട്, സുന്നത്തുകളും ഇബാദത്തുകളും നിശ്ചേതനങ്ങളായിത്തീന്നിരുന്നു. 'ഇജ്തിഹാദും ഇസ്തിൻബാത്തും' പൊറുക്കപ്പെടാത്ത മഹാപാതകങ്ങളായിരുന്നു. കിതാബും സുന്നത്തും തേജോവധം ചെയ്യപ്പെട്ടിരുന്നു. എന്തിനധികം, യഥാൎത്ഥ ഇസ്ലാമിനെ കണ്ടുപിടിക്കുകയെന്നത് വളരെ ശ്രമാവഹവും ദുസ്സാധ്യവുമായിരുന്നു, അന്ന്.

ഈ ഘട്ടത്തിലാണ് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യഃ (ഹി: 661:728) തൻെറ സമുദായ സമുദ്ധാരണസംരംഭം ആരംഭിച്ചത്. മറെറല്ലാ വിജ്ഞാനീയ ശാഖകൾക്കും പുറമെ, ഹദീസുശാസ്ത്രത്തിൽ അദ്ദേഹം അനുപമമായ വ്യുല്പത്തി കരസ്ഥമാക്കിയിരുന്നു. അതുകൊണ്ടാണ്,

كُلُّ حَدِيثٍ لَا يَعْرِفُهُ ابْنُ تَيْمِيَّةَ فَلَيْسَ بِحَدِيثٍ

(ഇബ്നുതൈമിയ്യയ്ക്കറിയാത്ത യാതൊരു ഹദീസും ഹദീസല്ല) എന്ന ചൊല്ല സർവ്വത്ര വിശ്രുതമായത്. ഇസ്ലാമിക കമ്മശാസ്ത്രത്തിൽ 'മുജ്തഹിദു മുത്ത്ലഖി'ൻെറ പദവിയാണ് അദ്ദേഹത്തിനു അനേകം പണ്ഡിതന്മാർ കല്പിച്ചിരിക്കുന്നത്.

സത്യം തുറന്നു പറയുന്നതിൽ ലോകത്തൊരു ശക്തി യെയും അദ്ദേഹം ഭയപ്പെട്ടിരുന്നില്ല. ഇതായിരുന്നു ശൈഖിൻെറ ഏററവും പ്രകടമായ സവിശേഷത. ഇതിൻെറ പേരിൽ അദ്ദേഹത്തിന്നു അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങൾക്കും ദുരിതങ്ങൾക്കും തുല്യതയില്ല. മററു പരിഷ്ക്കർത്താക്കൾക്ക തങ്ങളുടെ ജീവിതദശയിലേ മറ്റുനം സഹിക്കേണ്ടിവന്നുള്ളു. എന്നാൽ ശൈഖുൽ ഇസ്ലാമിൻെറപേരിൽ ഇന്നും ഒരു വിഭാഗം 'ലഅ്നത്ത്' കൂറുകയാണ്. നിരവധി തവണ ആ പുണ്യാത്മാവു ജയിൽശിക്ഷ അനുഭവിച്ചു. തുറുങ്കിൽവച്ചു തന്നെയാണ് അദ്ദേഹത്തിൻെറ അന്ത്യയാത്രയുണ്ടായതും. എന്നാൽ വിവേകമുള്ള മഹാന്മാരെല്ലാം അദ്ദേഹത്തിൻെറ സേവനത്തെ അന്നും ഇന്നും വിലയിരുത്തിവന്നിട്ടുണ്ട്. ഇമാം ദഹബി(റ) പറയുന്നു:

فلو حلفت بين الركن والمقام لحلفت انى ما رأيت بعينى
مثله، ولا والله ما رأى هو مثل نفسه (ضوء الصباح ص ٣٢)

(റുകനിൻെറയും മഖാമിൻെറയും ഇടയിൽവച്ചു സത്യം ചെയ്യുകയാണെങ്കിൽതന്നെ ഞാൻ പറയും: ഇബ്നു തൈമിയ്യ:യെപോലുള്ള ഒരാളെ എൻെറ കണ്ണുകൾ കണ്ടിട്ടില്ല. അല്ലാഹുവാണ:, അദ്ദേഹംതന്നെയും തനിക്കു തുല്യനായ ഒരാളെ കണ്ടിരിക്കില്ല!)

ഇബ്നൽ വർദി(റ) തൻെറ 'രിഹ്ലത്തി'ൽ രേഖ പ്പെടുത്തിയിരിക്കുന്നു:

"ഇബ്നുതൈമിയ്യ:(റ)യുടെ സദസ്സിൽ ഞാൻ സന്നി ഹിതനായി. ഏററവും വലിയൊരു മഹാനായിട്ടത്രെ

ഞാനദ്ദേഹത്തെ കണ്ടത്. തന്റെ കാലത്തെ പണ്ഡിതലോകം ഗോളമാണെങ്കിൽ അതിന്റെ അച്ചുതണ്ടായിരുന്നു അദ്ദേഹം. അവർ ശരീരമാണെങ്കിൽ അതിന്റെ ഹൃദയമായിരുന്നു അദ്ദേഹം. ചന്ദ്രനേക്കാൾ സൂര്യനും, ജലകണത്തേയ്ക്കാൾ സമുദ്രത്തിനുമുള്ള മേന്മയാണ് അവരേയ്ക്കാൾ അദ്ദേഹത്തിനുള്ളത്. ശൈഖിന്റെ മുമ്പിൽ ഒരവസരത്തിൽ ചെന്നപ്പോൾ ഈ വാസ്തവം ശരിയ്ക്കും ഞാൻ മനസ്സിലാക്കി. അദ്ദേഹം എന്റെ പേർവിളിച്ചു. ഞാൻ ചെന്നു. എന്റെ ഇരു നേത്രങ്ങൾക്കിടയിൽ അദ്ദേഹം ചുംബിച്ചു. ഞാനറിയാതെ പറഞ്ഞുപോയി:

إِنَّ ابْنَ تَيْمِيَّةَ فِي كُلِّ الْعُلُومِ أَوْحَدُ

أَحْيَيْتَ دِينَ أَحْمَدٍ وَشَرْعَهُ يَا أَحْمَدُ

(സകല വിജ്ഞാന ശാഖകളിലും അദ്വിതീയനാകുന്നു, ഇബ്നുതൈമിയ്യഃ! അല്ലയോ അഹ്മദ്, അങ്ങ് അഹ്മദ്നബി(സ)യുടെ ദീനും ശരീഅത്തും പുനർജ്ജീവിപ്പിച്ചിരിക്കുന്നു!)

ശൈഖുൽഇസ്ലാം ഗ്രീക്കതത്വശാസ്ത്രത്തിന്റെ കണ്ണകോടാലിയായിരുന്നു. അതിന്റെ ആക്രമണത്തിൽനിന്നു ഇസ്ലാമിക വിശ്വാസാദർശങ്ങളെ അദ്ദേഹം പരിരക്ഷിച്ചു. ഇമാം ഗസ്സാലി(റ) നിർവ്വഹിച്ചതിലും ഭംഗിയായി അദ്ദേഹം ഗ്രീക്കതത്വ ചിന്തകൾ ഖണ്ഡിച്ചു. തൽഫലമായി അരിസ്റ്റോട്ടിലി (أَرِسْطُو) ന്റെ (ക്രി. മു: 384—322) നിഗമനങ്ങൾക്കു വല്യതായ ഉലച്ചിൽ തട്ടി. യുക്ത്യധിഷ്ഠിതവും അചുംബിതവുമായ തെളിവുകളുടെ അടിസ്ഥാ

നത്തിൽ ഇസ്ലാമിക സിദ്ധാന്തങ്ങളെ പുനഃസ്ഥാപിച്ചു. ഇബ്നുതൈമിയ്യ:(റ)യുടെ സമുദ്ധാരണ പ്രവൎത്തനങ്ങളിൽ കിതാബിൻെറയും സുന്നത്തിൻെറയും ചൈതന്യം കൂടുതൽ പ്രകടമായിരുന്നു. ഇസ്ലാമിനകത്ത് നുഴഞ്ഞുകടന്ന ബിദ്അത്തുകൾക്കും ഖുറാഫാത്തുകൾക്കുമെതിരെ സന്ധിയില്ലാസമരമാണ് അദ്ദേഹം നടത്തിയത്. കിതാബിൽനിന്നും സുന്നത്തിൽനിന്നും അദ്ദേഹം ഊട്ടിയെടുത്ത മൂൎച്ചയേറിയ ഖഡ്ഗത്തിൻെറ പ്രയോഗത്താൽ ശിൎക്കിൻെറയും ബിദ്അത്തിൻെറയും ഗളങ്ങൾ അററററു വീണു; പൗരോഹിത്യത്തിൻെറ മണൽകോട്ട തകൎന്നു തരിപ്പണമായി. ഖബറാരാധനയുടെയും സൃഷ്ടിപൂജയുടെയും വ്യതിചലിച്ച സൂഫിസത്തിൻെറയും അടിവേരററുതെറിച്ചു. അദ്ദേഹം ഇസ്ലാമികാചാരങ്ങളും സുന്നത്തുകളും പുനൎജ്ജീവിപ്പിച്ചു. കൂടാതെ താൎത്താരികളുടെ അക്രമവാഴ്ചയ്ക്കെതിരായി ജിഹാദിനു ജനങ്ങളെ ആഹ്വാനംചെയ്തു. ഈജിപ്ത്, സിറിയ മുതലായ രാജ്യങ്ങളിലെ വീരഭടന്മാർ പ്രതിരോധത്തിനൊരുങ്ങുകയും ചെയ്തു.

ഇമാമിൻെറ മരണത്തിൽ മുസ്ലിംലോകമൊട്ടുക്കും ദുഃഖാൎണ്ണവത്തിൽ മുഴുകി. അദ്ദേഹത്തിൻെറ ജനാസ നമസ്കാരത്തിൽ ലക്ഷക്കണക്കിനു മുസ്ലികൾ പങ്കെടുത്തുവെന്നതുതന്നെ തെളിയിക്കുന്നുണ്ട്, സമുദായത്തിൽ ആ മഹാനുണ്ടായിരുന്ന പദവിയെന്താണെന്ന്!

## ശൈഖ് അഹ്മദ് സൎഹിന്ദി

മുസ്ലിംലോകത്തെ തരിപ്പണമാക്കിയ താൎത്താരിഫിത്നകളിൽനിന്നു നമ്മുടെ ഭാരതനാട് മിക്കുവാറും സുരക്ഷിതമായിരുന്നു. പക്ഷെ അക്രമത്തിലും മൎദ്ദനത്തിലും ആൎഭാടത്തിലും മററും ഇറാഖ്, ഖുറാസാൻ

മുതലായ രാജ്യങ്ങളിലെ സുൽത്താന്മാരുടെ കൂട്ടം പുറകിലായിരുന്നില്ല, ഇവിടുത്തെ മുഗൽസമ്രാട്ടുകൾ. അങ്ങനെ അവയുടെ മൂർത്തീമൽഭാവമെന്നോണം അക്ബർ ചക്രവർത്തിയുടെ ഊഴമെത്തി.

നുബുവ്വത്ത്, വഹ്‌യ്, പുനരുത്ഥാനം മുതലായി അദൃശ്യകാര്യത്തോടു ബന്ധപ്പെട്ട ഇസ്ലാമികവിശ്വാസങ്ങളെ പുച്ഛിക്കുക, പുനർജ്ജന്മസിദ്ധാന്തത്തെ കൂടുതൽ യുക്തിയുക്തമായി അവരോധിക്കുക, വിശുദ്ധ ഖുർആന്റെ അമാനുഷികതയിൽ സംശയം ജനിപ്പിക്കുക, തിരുനബി(സ)യെ പഴിക്കുക, നോമ്പുനമസ്കാരാദി ഇബാദത്തുകളെ അധിക്ഷേപിക്കുക തുടങ്ങി എണ്ണമററ ഫിത്‌നകളുടെ ഉല്പത്തികേന്ദ്രമായിരുന്നു അക്ബറിന്റെ ഡർബാർ. രാജകൊട്ടാരത്തിൽ നമസ്കരിക്കുവാൻ പാടുണ്ടായിരുന്നില്ല. മുഹമ്മദിന്റെ അവധി ഒരായിരം കൊല്ലമായിരുന്നു, അതുകഴിഞ്ഞു, ഇനി പുതിയൊരു ദീനും ശരീഅത്തും അത്യാവശ്യമാണ്, ഹിന്ദുമതത്തിലെയും മുസ്ലിംമതത്തിലെയും എല്ലാ നല്ല അംശങ്ങളും കൂട്ടിച്ചേർത്ത് ഒരു മിക്സ്ചർ മതമായിരിക്കണം അത്, എല്ലാ മതങ്ങളിലും സത്യത്തിന്റെ അംശങ്ങളുണ്ട്- ഇതൊക്കെയാണ്, രാജകിങ്കരന്മാരും ഡബ്ബാരികളും പ്രചരിപ്പിച്ചിരുന്ന ആശയങ്ങൾ. ധനത്തിന്റെ അടിമകളും സ്വാർത്ഥംഭരികളുമായ 'മൗലവിമാർ' അക്ബറിനെ ഒരതിമാനുഷനും കാലത്തിന്റെ ഇമാമുമായി അവരോധിച്ചു. 'ദൈവത്തിന്റെ പ്രതിച്ഛായ,' 'ഖലീഫത്തുസ്സമാൻ' തുടങ്ങിയ മഹൽ പദവികൾ അയാൾക്ക് കല്പിച്ചുകൊടുത്തു. അവസാനം 'ദീനെ ഇലാഹീ, അക്ബർ ശാഹീ' എന്ന കുപ്രസിദ്ധമതം ആവിഷ്കരിച്ചു.

ദീനെ ഇലാഹിയിൽ എല്ലാ മതാംശങ്ങളും ചേർന്നിരുന്നുവെങ്കിലും ഇസ്ലാം മാത്രമുണ്ടായിരുന്നില്ല. രാജപൂജയായിരുന്നു അതിന്റെ പ്രധാന ലക്ഷ്യം. രാജാവിനു സുജൂദ(സാഷ്ടാംഗം)ചെയ്യൽ നിർബ്ബന്ധമായിരുന്നു. 'ലാഇലാഹഇല്ലല്ലാഹ്, അക്ബറു ഖലീഫത്തുല്ലാഹ്" എന്ന കലിമഃ ചൊല്ലിച്ചാണ് ദീനെ ഇലാഹിയിൽ ആളുകളെ ചേർത്തിരുന്നത്. സലാം ചൊല്ലുന്നവൻ 'അല്ലാഹു അകബർ' എന്നും മടക്കുന്നവർ 'ജല്ലജലാലുഹു' എന്നുമാണ് പറഞ്ഞിരുന്നതു്. (ചക്രവർത്തിയുടെസാക്ഷാൽനാമം ജലാലുദ്ദീൻ എന്നും സ്ഥാനപ്പേർ 'അക്ബർ' എന്നുമായിരുന്നുവെന്ന സംഗതി ഇവിടെ സ്മർത്തവ്യമത്രെ.) പശുമാംസം ഹറാമും മദ്യപാനം ഹലാലുമായിരുന്നു. ദീവാളി, ദസറ, ശിവരാത്രി തുടങ്ങിയ ഹൈന്ദവാചാരങ്ങൾ ആർഭാടപൂർവ്വം ആഘോഷിച്ചിരുന്നു.

ഈ പശ്ചാത്തലത്തിലാണ് ശൈഖ് അഹ്മദ് സഹ്രിന്തി(ഹി: 972-1034)യുടെ ഉദ്ധാരണപ്രസ്ഥാനം ആരംഭിക്കുന്നത്. 'മുജദ്ദിദ് അൽഫിഥാനി' (ദ്വിതീയ സഹസ്രാബ്ദത്തിലെ പരിഷ്കർത്താവ്) എന്ന അപരാഭിധാനത്താൻ വിശ്രുതനായ അദ്ദേഹം 'ദീനെ ഇലാഹി' എന്ന പുത്തൻ ഫിത്നഃയെ ഉന്മൂലനം ചെയ്യാൻ ശ്രമിച്ചു. ഈ ശ്രമത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ഇസ്ലാമിക ശരീഅത്ത് പുനഃപ്രതിഷ്ഠിച്ചു. ഇങ്ങിനെ ഇസ്ലാമിൽ നുഴഞ്ഞുകടന്ന ആ ബിദ്അത്തിനെ നശിപ്പിക്കുകയും ഇസ്ലാമിൽനിന്നു പോൻപോയ ശരീഅത്താകുന്ന സുന്നത്തിനെ പുനർജ്ജീവിപ്പിക്കുകയും ചെയ്തുവെന്നതായിരുന്നു സഹ്രിന്തിയുടെ ഏററവും വലിയ ഉദ്ധാരണകൃത്യം.

ശൈഖ് അഹ്മദിൻെറ പ്രസ്ഥാനത്തിനു ഭരണ കൂടത്തിൽനിന്നു നാനാതരം എതിൎപ്പുകൾ നേരിട്ടുവെന്നു പറയേണ്ടതില്ലല്ലോ. ജഹാംഗീർ ചക്രവൎത്തി (ക്രി: 1569-1628) അയാൾക്കു സുജൂദ് ചെയ്യാത്ത കാരണത്താൽ ശൈഖിനെ ഗോളിയോർ ജയിലിൽ വച്ചു. പിന്നീട് ചക്രവൎത്തിക്കു പശ്ചാത്താപം തോന്നുകയും ശൈഖിനെ വിട്ടയക്കുകയും ചെയ്തു. ശൈഖിൻെറ ശിഷ്യത്വം സ്വീകരിച്ച ആലംഗീർ ചക്രവൎത്തി (ഔറംഗസേബ് ക്രി:1618-1707) ഇസ്ലാമിൻെറ വലിയൊരു സേവകനായിത്തീൎന്നു അദ്ദേഹത്തിൻെറ എടുത്തുപറയാവുന്ന മറെറാരു നേട്ടമാണ്. വ്യതിചലിച്ച തസവ്വുഫിനെ അദ്ദേഹം ശുദ്ധി ചെയ്തു പരിഷ്ക്കരിക്കുകയുണ്ടായി. ജന ജീവിതത്തിൽ സൎവ്വത്ര വ്യാപിച്ചിരുന്ന ദുരാചാരങ്ങൾക്കും ബിദ്അത്തുകൾക്കും ശിൎക്കൻ നടപടികൾക്കുമെതിരായി അദ്ദേഹം ധീരധീരം സമരംചെയ്തു.

### ശാഹ്വലിയ്യുല്ലാഹിദ്ദഹ്ലവി

ജീവിതത്തിൻെറ നാനാത്തുറകളിൽ ലോകം അങ്ങേയററം അധഃപതിച്ചുപോയ ഒരു പ്രതിസന്ധിഘട്ടത്തിലായിരുന്നു ഇസ്ലാം പുനരാരംഭിച്ചത്. നിലവിലിരുന്ന എല്ലാ അനിസ്ലാമിക സംസ്കാരങ്ങളിൽ നിന്നും തീരെ വ്യതിരിക്തമായി ഏററവും നവീനമായൊരു സംസ്കാരം നിലവിൽ വന്നു. ആദിമഘട്ടത്തിൽ ശത്രുമിത്രഭേദമെന്യേ എല്ലാവൎക്കുമറിയാമായിരുന്നു, ഇസ്ലാമിക സംസ്കാരവും ഇതര സംസ്കാരങ്ങളും തമ്മിലുള്ള മൗലികമായ അന്തരമെന്തെന്നു്. ഇതേ അറിവോടും ബോധത്തോടും കൂടിയായിരുന്നു ഇസ്ലാമിനെ ആശ്ലേഷിച്ചവരെല്ലാം ആശ്ലേഷിച്ചതും എതിൎത്തവരെല്ലാം എതിൎത്തതും.

കാലാന്തരത്തിൽ മുസ്ലിംലോകം പരിവൎത്തനങ്ങളുടെ വേലിയേററങ്ങൾക്കു വിധേയമായി. അനിസ്ലാമികാദൎശങ്ങൾക്കും ജാഹിലിയ്യാചാരങ്ങൾക്കും അവരിൽ നുഴഞ്ഞുകയറാൻ പഴുതുകിട്ടി. സാംസ്കാരിക രംഗത്ത് നിരവധി 'ബിദ്അത്തു'കൾ സ്ഥലംപിടിച്ചു. ഇസ്ലാമും ജാഹിലിയ്യത്തും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരത്തെക്കുറിച്ചുള്ള മുസ്ലിംകളുടെ അജ്ഞതയും ബോധരാഹിത്യവുമായിരുന്നു ഇതിന്നു പ്രധാനമായൊരു കാരണം. ഹ: ഉമറുബ്നുൽ ഖത്താബി(റ)ന്റെ പ്രസ്താവന ഇവിടെ സ്മൎത്തവ്യമാണ്:

إِنَّمَا تَنْتَقِضُ عُرَى الْإِسْلَامِ عُرْوَةً عُرْوَةً إِذَا نَشَأَ فِي الْإِسْلَامِ
مَنْ لَا يَعْرِفُ الْجَاهِلِيَّةَ.

(ജാഹിലിയ്യത്തിനെ തിരിച്ചറിയാത്തവർ ഇസ്ലാമിൽ വളൎന്നുവന്നാൽ ഇസ്ലാമിന്റെ പിരികൾ ഒരോന്നായി അഴിഞ്ഞുപോവുകയേയുള്ളൂ, തീൎച്ച!)

ഹി: 12ാം ശതകം മുസ്ലിംഭാരതം സകലവിധ ജാഹിലിയ്യത്തുകൾക്കും ബിദ്അത്തുകൾക്കും വിധേയമായിരുന്നു. സാംസ്കാരികരംഗത്തെ അനിസ്ലാമികത്വം എത്രത്തോളം പിടികൂടിയിരുന്നുവെന്നു ഗ്രഹിയ്ക്കുവാൻ ഒററ സംഗതി മതി: ഇസ്ലാമിലെ 'സലാമി'ന്നു പകരം "ആദാബ് ബജാ ലാത്താഹ്ഹൻ" എന്നും "തസ്ലീമാത്ത് അറസ് കൎത്താഹ്ഹൻ" എന്നുമുള്ള വാക്കുകളാണ് വലിയ വലിയ പണ്ഡിതന്മാരുടെ ഗൃഹത്തിൽപോലും പതിവായി നടമാടിയിരുന്നത്. ഹൈന്ദവസംസ്കാരത്തിൽ നിഷിദ്ധമെന്ന കാരണത്താൽ വിധവാവിവാഹം നടത്താൻ

മുസ്ലിംകൾ അറച്ചിരുന്നു. മുകൾസാമ്രാജ്യം ഉഛ്വാസം വലിയ്ക്കുകയായിരുന്നുഅന്ന്. ആഡംബരത്തിലും ആഭാസ ത്തിലും കിസ്രാ-കൈസർമാരെപ്പോലും അതിജയിച്ചിരുന്നു മുകൾ സമ്രാട്ടുകൾ.

ഈ ഘട്ടത്തിലാണ് ഇന്ത്യയുടെ തലസ്ഥാനത്ത് ശാഹ്‌വലിയ്യുല്ലാഹ് (ക്രി: 1703-1763) ജന്മമെടുക്കുന്നത്. ഇസ്ലാമിക വിജ്ഞാനീയത്തിൽ അദ്ദേഹം അസാമാന്യമായ വ്യുല്പത്തി നേടി. ചുററുപാടിൻെറ പാരമ്പര്യബന്ധത്തിൽനിന്നും നൂററാണ്ടുകളായിസമുദായത്തിൽ വേരൂന്നിയ വർഗ്ഗീയ പക്ഷപാതങ്ങളിൽനിന്നും സ്വതന്ത്രനായി ചിന്തിയ്ക്കാൻ തുടങ്ങി. 'തഖ്‌ലീദ്'മാല കഴുത്തിൽനിന്നു പൊട്ടിച്ചെറിഞ്ഞുകൊണ്ടു ഓരോ പ്രശ്നത്തെക്കുറിച്ചും നിരീക്ഷണപരമായും ഗവേഷണപരമായും വിചിന്തനം നടത്തി. ഖുർആനിലും സുന്നത്തിലും പര്യവേക്ഷണം ചെയ്തു പുതിയ നിഗമനങ്ങൾ പലതും കണ്ടുപിടിച്ചു. അങ്ങനെ നവീനവും തന്നതു കാലത്തിൻെറ ആവശ്യം പൂർത്തീകരിയ്ക്കുന്നതും ബൃഹത്തുമായ ഒരുത്തമ സാഹിത്യസമ്പത്ത് ഇസ്ലാമിൻെറ തൃച്ചേവടികളിൽ അദ്ദേഹം അർപ്പിച്ചു.

വിചാര വിപ്ലവത്തിലൂടെയാണ് ശാഹ്‌വലിയ്യുല്ലാ(റ)യുടെ നവോത്ഥാന പ്രസ്ഥാനമാരംഭിച്ചത്. അതാണല്ലോ സമുദായ സമുദ്ധാരണത്തിൻെറ മുന്നോടിയും. ഇതേ ആവശ്യാർത്ഥം കട്ടനവധി അമൂല്യകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഇസാലത്തുൽ ഖഫാ, ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ, തഫ്ഹീമാത്തുൽ ഇലാഹിയ്യഃ, മുസവ്വാ, മുസഫ്ഫ' തുടങ്ങിയ ബൃഹദ്ഗ്രന്ഥങ്ങൾ അക്കൂട്ടത്തിൽ പെടുന്നു. സമുദായപരിഷ്ക്കരണത്തിനായുള്ള വിപുലമായൊരു സൃഷ്ടിപരിപാടി ആവിഷ്ക്കരിച്ചു നടപ്പിൽ

വരുത്താൻമാത്രം അദ്ദേഹത്തിനു സന്ദർഭം ലഭിച്ചില്ല. സ്വന്തം ഗൃഹത്തിലും പരിസരത്തും മാത്രമേ പരിഷ്കരണ പ്രവർത്തനം നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. എന്നിരുന്നാലും സമുദായപരിഷ്കരണസംരംഭത്തിന്റെ അവസാനഘട്ടം 'ജിഹാദാ'ണെന്നും സാഹചര്യമാവശ്യപ്പെടുമ്പോൾ അതു നിർബ്ബന്ധമാണെന്നുമുള്ള കാര്യത്തിൽ അദ്ദേഹത്തിനു സംശയലേശമുണ്ടായിരുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ താനതിനു തയ്യാറാണെന്നു അദ്ദേഹം സൂചിപ്പിയ്ക്കുന്നതു കാണുക:

فَلَوْ فُرِضَ اَنْ يَكُونَ هٰذَا الرَّجُلُ فِى زَمَانٍ اقْتَضَتِ الْاَسْبَابُ
اَنْ يَكُونَ اِصْلَاحُ النَّاسِ بِاِقَامَةِ الْحُرُوبِ وَنُفِثَ فِى قَلْبِهِ
اِصْلَاحُهُمْ لَقَامَ هٰذَا الرَّجُلُ بِاَمْرِ الْحَرْبِ اَتَمَّ قِيَامٍ وَكَانَ
اَمَامًا فِى الْحَرْبِ لَا يُقَاسُ بِالرُّسْتُمِ وَالْاِسْفَنْدِيَارِ بَلِ
الرُّسْتُمُ وَالْاِسْفَنْدِيَارُ وَغَيْرُهُمَا طُفَيْلِيُّونَ مُسْتَمِدُّونَ
مِنْهُ مُقْتَدُونَ بِهِ — التفهيمات الإلهية ج ١، ص ١٠١

(യുദ്ധം നിർവ്വഹിച്ചുകൊണ്ടു സമുദായ പരിഷ്കരണം നടത്തുവാൻ സാഹചര്യം ആവശ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് ഇയ്യുള്ളവൻ സ്ഥിതിചെയ്യുന്നതെന്നും ഇവന്റെ ഹൃദയത്തിൽ സമുദായ പരിഷ്കരണാത്മാവുളവായെന്നും സങ്കല്പിയ്ക്കുക, എങ്കിൽ ഏററവും സമ്പൂർണ്ണമായ നിലയിൽ ഇയ്യുള്ളവൻ യുദ്ധകർത്തവ്യം നിർവ്വഹി

 യ്ക്കുമായിരുന്നു; ഇവനൊരു സമരനേതാവുതന്നെയാകു മായിരുന്നു. വസ്തുമോ ഇസ്സന്തിയാറോ ഇവനോടു കിട നില്ക്കുന്നതല്ല. എന്നല്ല, വസ്തുമും ഇസ്സന്തിയാറും മററും ഇവ നിൽനിന്നു പഠിച്ച വെറും അനുഗാമികളും അനുയായി കളുമായിരിയ്ക്കും.)

ഇസ്ലാമിക ചരിത്രത്തെയും മുസ്ലിം ചരിത്രത്തെയും തമ്മിൽ ആദ്യമായി വേർതിരിച്ചു കാണിച്ചത് ശാഹ് സാഹിബാണെന്നു പറയപ്പെടുന്നു. അതിനുമുമ്പ് മുസ്ലിംകൾ ചെയ്യുന്നതെന്തും ഇസ്ലാമിക ചരിത്രത്തിൻെറ ഒരു ഭാഗമായിരുന്നു —താജ്മഹൽ ഇസ്ലാമിക സംസ്കാ രത്തിൻെറ ഒരു പ്രതീകമായപോലെ തന്നെ. മുസ്ലിം ചരിത്രത്തെ അദ്ദേഹം 'ഇസാലത്തുൽ ഖഫാ'യിൽ പണ്ഡിതോചിതമായി നിരൂപണം നടത്തിയിട്ടുണ്ട്. ഓരോ ചരിത്രഘട്ടത്തിലും സമുദായത്തിൽ കടന്നുകൂടിയ ജാഹിലിയ്യത്തുകളെയും ബിദ്അത്തുകളെയും പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുസ്ലിംകൾക്കിടയിൽ വേരൂ ന്നിയ വൃത്തികേടുകൾക്കു രണ്ട് മൗലിക കാരണങ്ങളാണ് അദ്ദേഹം കാണുന്നത്: ഒന്നു, 'ഇസ്ലാമിക ഖിലാഫത്തി' ൻെറ സ്ഥാനത്തു 'അനിസ്ലാമിക രാജാധിപത്യം' കയ റിക്കൂടിയത്. രണ്ടു, 'ഇജ്തിഹാദി'ൻെറ ചൈതന്യം നശിച്ച് 'തഖ്ലീദി'(അനുകരണം)ൻെറ ആധിപത്യം മനുഷ്യ മസ്തിഷ്കത്തെ കീഴടക്കിയതു്. പില്ക്കാലത്ത് ഇസ്ലാമിൽ നുഴഞ്ഞുകൂടിയ രാജാധിപത്യത്തിൻെറ അന ർത്ഥങ്ങൾ ഏററവും വിനാശകരങ്ങളായിരുന്നു. ഇവയെ പ്പററി ശാഹ് സാഹിബ് തൻെറ 'ഇസാലത്തി'ൽ പറ യുന്നതു നോക്കുക:

"ഇവരുടെ (മുസ്ലിം സമ്രാട്ടുകളുടെ) ഭരണകൂടം മജൂസികളു ടെ ഭരണകൂടത്തിനു തുല്യമായിരുന്നു. ഒരു വ്യത്യാസം

മാത്രം: ഇവർ നമസ്കരിക്കുകയും നാവുകൊണ്ട് 'കലിമ' ഉരുവിടുകയും ചെയ്തിരുന്നു."

'തഖ്ലീദി'(അനുകരണത്തി)ന്റെ അപഹാസ്യതയെ പലേടത്തും ശാഹ്സാഹിബ് എടുത്തുകാണിച്ചിട്ടുണ്ട്. 'മുസഫ്ഫയിൽ അദ്ദേഹം രേഖപ്പെടുത്തിയത് കാണുക:

"നമ്മുടെ കാലത്തെ ശുദ്ധഗതിക്കാർക്കുപോലും 'ഇജ്തിഹാദി'നോട് കേവലം വിരക്തിയാണ്. ഒട്ടകത്തിന്റെ മൂക്കിന്മേലെന്നപോലെ അവരുടെ മൂക്കിന്മേലും ഒരു കയറുണ്ട്. എങ്ങോട്ടാണ് തങ്ങൾ നയിക്കപ്പെടുന്നതെന്ന ബോധമില്ല, അവർക്ക്."

'ഇൽമുൽകലാമി'(മുസ്ലിം തത്വശാസ്ത്രം)നെയും മതപരമായ വാദപ്രതിവാദസമ്പ്രദായത്തെയും സൂഫികളുടെ വ്യംഗ്യാത്മകവാക്കുകൾക്ക് നല്കപ്പെടുന്ന പ്രാധാന്യത്തെയും മദ്ഹബ്പരമായ കക്ഷിമാത്സര്യങ്ങളെയും മററും അദ്ദേഹം നിശിതമായി വിമർശിച്ചിട്ടുണ്ട്. അതുപോലെ മരിച്ചു മൺമറഞ്ഞ മനുഷ്യരുടെ 'ഖബറി'ങ്കൽ നടത്തപ്പെടുന്ന പേക്കൂത്തുകളെയും അവരെ വിളിച്ചു പ്രാർത്ഥിക്കുന്നതിനെയും അദ്ദേഹം ശക്തിയുക്തം എതിർത്തിരിയ്ക്കുന്നു. 'തഫ്ഹീമാത്തിൽ പറയുന്നു:

"ആവശ്യങ്ങൾ നിവൃത്തിപ്പാനായി, അജ്മീറിലേക്കും സാലാർ മസ്ഊദിന്റെ മഖ്ബറയിലേയ്ക്കും മററും പോവുകയെന്നത് മഹാപാതകമാണ്; കൊല, കൊള്ള ആദിയായ മഹാ പാപങ്ങളുടേതിൽ നിന്നൊട്ടും കുറഞ്ഞതല്ല ഇതിന്റെ കുററം. ഇതും വിഗ്രഹങ്ങളോടുള്ള പ്രാർത്ഥനയും തമ്മിൽ എന്താണ് വ്യത്യാസം? പക്ഷെ 'ലാത്ത'യെയും 'ഉസ്സ'യെയും പൂജിച്ചിരുന്നവരെ നാം (തുറന്ന ഭാഷയിൽ തന്നെ) കാഫിറുകൾ എന്നു

വിളിയ്ക്കുന്നു. ഇവരെയാകട്ടെ, അങ്ങനെ വ്യക്തമായ ഭാഷയിൽ 'കാഫിറുകൾ' എന്നു പറയുവാൻ നാം സൂക്ഷിയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ ഇവരെപ്പററി ശാരി ഇൗ'ൻെറ 'നസ്സ്' (വ്യക്തമായ പ്രമാണം) വന്നിട്ടില്ല. എന്നാൽ മരിച്ച മൺമറഞ്ഞ ആളുകളെ 'ജീവിച്ചിരിയ്ക്കുന്ന'വരെന്ന ഭാവത്തിൽ വിളിച്ചു പ്രാർത്ഥിയ്ക്കുന്ന ഏവരും തത്വത്തിൽ കുററക്കാരാകുന്നു."

ഇങ്ങനെ നിലവിലിരുന്ന ജാഹിലിയ്യത്തുകളെയും ബിദ്അത്തുകളെയും ശാഹ്സാഹിബ് നിഷ്ഠുരുണം വിമർശിക്കുകയും അവയും ഇസ്ലാമും തമ്മിലുള്ള മൗലികമായ അന്തരത്തെ തുറന്നു പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ വെറും വിമർശനംകൊണ്ട് ഒരാൾ മതപരിഷ്കർത്താവും മുജദ്ദിദുമാവുന്നതല്ല. അയാൾക്ക് തീർച്ചയായും സമുദായസമുദ്ധാരണത്തിനുള്ള ഒരു സൃഷ്ടിപരിപാടി അത്യന്താപേക്ഷിതമാണ്. ഇതിനാണ് നാം 'താമീർ' (നിർമ്മാണം) എന്നു പറയുന്നത്.

ഇനി നമുക്കു ശാഹ്വലിയ്യുല്ലാഹിൻെറ നിർമ്മാണ പരിപാടിയെപ്പററി സംക്ഷിപ്തമായി പ്രതിപാദിയ്ക്കാം. ഫിഖ്ഹിൻെറ കാര്യത്തിൽ കേവലം നിഷ്പക്ഷവും സമിതവുമായ ഒരു നിലപാടായിരുന്നു അദ്ദേഹം സ്വീകരിച്ചത്. ഏതെങ്കിലുമൊരു മദ്ഹബിൻെറ വക്കാലത്ത് പിടിച്ചുകൊണ്ടല്ല, മസ്അലകളെയും പ്രശ്നങ്ങളെയും അദ്ദേഹം സമീപിച്ചത്. വെറും തെളിവിൻെറയും പ്രമാണത്തിൻെറയും അടിസ്ഥാനത്തിലായിരുന്നു. അതിനാൽ അദ്ദേഹത്തെ നമുക്കു ചിലപ്പോൾ ശാഫിയായും മററുചിലപ്പോൾ ഹനഫിയായും ഒരിയ്ക്കൽ മാലിക്കിയായും മറെറാരിയ്ക്കൽ ഹമ്പലിയായും കാണാം. ഒരേ മദ്ഹബിൻെറ കണ്ഠമാല ധരിച്ച് എല്ലാപ്രശ്നങ്ങളിലും

അതിനെമാത്രം കടിച്ചുതൂങ്ങുന്നതിനോടും അതുപ്രകാരം മദ്ഹബുകളെയോ ഏതെങ്കിലുമൊരു മദ്ഹബിനെയോ എതിർപ്പാനായി കച്ചകെട്ടുന്നതിനോടും അദ്ദേഹം അനുകൂലിയ്ക്കുന്നില്ല. നിഷ്പക്ഷപാതിയായ ഒരു സത്യാന്വേഷിയുടെ മനസ്സിന്നു സമാധാനം നല്കുന്നതും മുൻപറഞ്ഞ രണ്ടു തീവ്രതകളിൽനിന്നും ഭിന്നവുമായ ഒരു മിതമാർഗ്ഗമായിരുന്നു അദ്ദേഹം സ്വീകരിച്ചത്.

ഇജ്തിഹാദ് ഏതൊരു ദശാസന്ധിയിലും നിർബ്ബന്ധമാണെന്നു അദ്ദേഹം സമർത്ഥിച്ചു. 'മുസഫ്ഫ'യുടെ മുഖവുരയിൽ അദ്ദേഹം പറയുന്നു:

اجتہاد در ہر عصر فرض بالکفایہ است

(ഇജ്തിഹാദ് ഏതു കാലത്തും ഫർസുകിഫായിയാകുന്നു.) ഇജ്തിഹാദിന്റെ അടിസ്ഥാനതത്വങ്ങളും അവശ്യ ഉപാധികളും അദ്ദേഹം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മതപരമായപക്ഷപാതത്തെയും അന്ധമായ തഖ്ലീദിനെയും വലിച്ചെറിഞ്ഞു്, വിശാല വീക്ഷണത്തോടും നിരീക്ഷണ ഗവേഷണത്തോടും കൂടി പ്രശ്നങ്ങളെ നേരിടുവാനുള്ള ഒരു പ്രവണത സമുദായത്തിനകത്ത് പരിമിതമായ തോതിലെങ്കിലും വളർന്നു വന്നതു ശാഹ്സാഹിബിന്റെ സാഹിത്യങ്ങളുടെ ഫലമായിരുന്നു.

ദീനിനെ ഒരു സമ്പൂർണ്ണ വ്യവസ്ഥിതിയെന്നനിലയ്ക്കാണ് അദ്ദേഹം ആവിഷ്കരിച്ചത്. മതം, തത്വചിന്ത, സദാചാരം, നാഗരികത എന്നുവേണ്ട ജീവിതത്തിന്റെ എല്ലാം വശങ്ങളെപററിയും പ്രതിപാദിയ്ക്കുന്ന ഒരാസൂത്രിതപദ്ധതിയായി ദീനിനെ അദ്ദേഹം ജനസമക്ഷം സമർപ്പിച്ചു. സദാചാരവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ

ഒരു സാമൂഹ്യതത്വശാസ്ത്രം (*Social Philosophy*) കെട്ടി പ്പൊക്കാൻ യത്നിച്ചു. 'ഇർതിഫാഖാത്ത്' എന്ന ശീർഷക മാണ് ഈ വിഷയത്തിനു അദ്ദേഹം നല്കിയിരിയ്ക്കുന്നത്. അതിൽ ഗൃഹഭരണം, സാമൂഹ്യമര്യാദകൾ എന്നിവയുടെ യും രാജ്യതന്ത്രം, നീതിന്യായം, ആഭ്യന്തരനിയന്ത്രണം, സൈനിക സജ്ജീകരണം, നികുതിചുമത്തൽ (*Taxation*) തുടങ്ങിയ ഭരണകൂടത്തിൻെറ അവശ്യഘടകങ്ങളുടെ യും അടിസ്ഥാന തത്വങ്ങളെല്ലാം വിശദീകരിച്ചിട്ടുണ്ട്. അതോടൊപ്പം നാഗരികവ്യവസ്ഥയെ താറുമാറാക്കുന്ന കാരണങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടിയിരിയ്ക്കുന്നു.

ആകയാൽ ഇസ്ലാമിക വ്യവസ്ഥയുടെ ഏററവും യുക്തിപൂർവ്വമായ ഒരു രൂപരേഖ ശാഹ്സാഹിബ് വരച്ചു കാണിച്ചു. അതിൻെറ സവിശേഷതകൾ വിശദമാക്കു കയും ചെയ്തു.

## ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ്

ഭാരതത്തിൽ ശാഹ്വലിയ്യുല്ലാഹി(റ)ൻെറ ഇസ്ലാമി കപ്രസ്ഥാനം നടക്കുന്ന അതേ ഘട്ടത്തിൽ അറേബ്യൻ മണല്ക്കാട്ടിൽ മറ്റൊരു ഇസ്ലാമികപ്രസ്ഥാനം നടന്നിരുന്നു, ശൈഖ് മുഹമ്മദുബ്നു അബ്ദിൽവഹ്ഹാബിൻെറ (ക്രി: 1703-1792) തൗഹീദ്പ്രസ്ഥാനം. പരിശുദ്ധ ഖുർ ആൻെറയും തിരുസുന്നത്തിൻെറയും അടിസ്ഥാനത്തിൽ സമുദായസമുദ്ധാരണാർത്ഥം എഴുന്നേററ ഒരുശിരൻ പ്ര സ്ഥാനമായിരുന്നു ഇത്. പില്ക്കാലത്തെ സമുദ്ധാരണ ചരിത്രത്തിൽ ഈ പ്രസ്ഥാനം പോലെ, ഇത്രയധികം തെററിദ്ധരിപ്പിക്കപ്പെട്ട മററൊരു പ്രസ്ഥാനമുണ്ടോ എ ന്നു സംശയമാണ്. ഇതിനെ 'വഹ്ഹാബിപ്രസ്ഥാനം'

എന്നാണ് ശത്രുക്കൾ വിളിച്ചിരുന്നത്, ഇന്നും വിളിച്ചു വരുന്നത്. ശൈഖിൻെറ നാമം മുഹമ്മദ് എന്നാകു ന്നു. ആ നിലയ്ക്ക് അദ്ദേഹത്തോട് ബന്ധപ്പെട്ട പ്രസ്ഥാ നത്തിനു മുഹമ്മദീപ്രസ്ഥാനം എന്നായിരുന്നു പറയേ ണ്ടത്. എന്നാൽ തല്പരകക്ഷികൾക്കും അസൂയാലുകൾക്കും മുഹമ്മദീപ്രസ്ഥാനമെന്നു വിളിയ്ക്കുമ്പോൾ അത് തങ്ങളു ടെ ഹൃദയകൗടില്യത്തെയും നീചവികാരത്തെയും തൃപ്തി പ്പെടുത്തുന്നില്ല. അതിനാൽ അവർ ശൈഖിൻെറ പ്രസ്ഥാ നത്തെ അദ്ദേഹത്തിൻെറ പാവം പിതാവിനോട് ബന്ധ പ്പെടുത്തി'വഹ്ഹാബി പ്രസ്ഥാനം' എന്നു വിളിച്ചു തൃപ്തി യടയുകയാണ്.

ശപിയ്ക്കപ്പെട്ട പൗരോഹിത്യം മാത്രമല്ല, നിലവി ലിരുന്ന രാജാധിപത്യവും ഈ പ്രസ്ഥാനത്തിൻെറ കഠി നശത്രുവായിരുന്നു. അതിനാൽ നാമമാത്ര മുസ്ലിംഗവമ്മെ ണ്ടുകളുമായി തുറന്ന രംഗത്ത് സായുധസമരം തന്നെ നട ത്തേണ്ടിവന്നിട്ടുണ്ട്, ശൈഖ് മുഹമ്മദിൻെറ അനുയായി കൾക്ക്. അല്ലാഹുവിൻെറ അനുഗ്രഹത്താൽ അന്ത്യവിജ യം തൗഹിദപ്രസ്ഥാനത്തിനായിരുന്നു. ശൈഖിൻെറ എ തിരാളികളായ നാമമാത്ര മുസ്ലിംഗവമ്മെണ്ടുകൾ പ്രസ്ഥാ നത്തെ'മതശകാരം' ചെയ്യാനായി ചില 'മുല്ല'കളെ കൂലി യ്ക്കു നിശ്ചയിച്ചിരുന്നു. വിവരമില്ലാത്ത ജനങ്ങൾ ആ മുല്ല കളുടെ ദുഷ്പ്രചരണത്തിനു വിധേയരായി ഇന്നും ശൈ ഖിനെയും അദ്ദേഹത്തിൻെറ പ്രസ്ഥാനത്തെയും തെററി ദ്ധരിച്ചിരിക്കുകയാണ്. എന്നാൽ ചരിത്രഗതി മനസ്സി ലാക്കിയവക്കറിയാം, ശൈഖ് മുഹമ്മദിൻെറ തൗഹീദ പ്രസ്ഥാനം അനുഷ്ഠിക്കപ്പെട്ടിരുന്നില്ലെങ്കിൽ പരിശുദ്ധ ദേവാലയം പോലും ജാഹിലിയ്യാകാലത്തെ പോലെ ഒരു വിഗ്രഹാരാധനയുടെ കേന്ദ്രമായി മാറിയേനേ എന്നു.

ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് ഹി: 1115 (ക്രി 1703)ൽ നജ്ദിൽ ജനിച്ചു. അറേബ്യാമരുഭൂമിയിലാണ് തൻെറ ചെറുപ്പകാലം കഴിച്ചുകൂട്ടിയത്. അനന്തരം മദീനയിലും ബസറയിലും പോയി മതവിജ്ഞാനം കരസ്ഥമാക്കി. മുസ്ലിംലോകം ദീനിൻെറ സകല രംഗങ്ങളിലും വളരെ അധഃപതിച്ചുപോയ ഒരു കാലമായിരുന്നു അത്. ശിർക്കിൻെറയും ബിദ്അത്തിൻെറയും കരിനിഴൽ മുസ്ലിംലോകത്തെയാകമാനം മൂടിക്കളഞ്ഞിരുന്നു. അവർക്കു യാതൊരു ബോധവും അവശേഷിച്ചിരുന്നില്ല. രാഷ്ട്രീയമായും അധഃപതനത്തിൻെറ അടിത്തട്ടുവരെ അവരെത്തിക്കഴിഞ്ഞിരുന്നു. വല്ലേടത്തും വല്ല ശക്തിയും ബാക്കിയായിരുന്നെങ്കിൽ തന്നെ അവിടെ 'മുല്ലായിയ്യത്തും' (മുസ്ലിം പൗരോഹിത്യം) 'മുലൂക്കിയത്തും' (രാജാധിപത്യം) തമ്മിലുള്ള അവിശുദ്ധ വേഴ്ചയിൽ ദീൻ മറയത്തേയ്ക്കു എറിയപ്പെട്ടിരിക്കുകയായിരുന്നു.

ശൈഖിൻെറ നവോത്ഥാന പ്രബോധനം ഈ ഘട്ടത്തിലാണാരംഭിയ്ക്കുന്നത്. ചുറുചുറുക്കുള്ള മുസ്ലിംകൾക്കു, വിശിഷ്യാ യുവജനങ്ങൾക്കു ഖുർആനിലെയും സുന്നത്തിലെയും വിസ്മരിച്ചുപോയ പാഠങ്ങൾ അദ്ദേഹം ഓർമ്മിപ്പിച്ചു. ഇതിൻെറ പേരിൽ നിരവധി മർദ്ദനങ്ങൾ സഹിച്ചു. പിതാവിൻെറ വെറുപ്പിനുപോലും പാത്രമായി. അതിനാൽ ശൈഖ് സ്വദേശം (ഉയൈന:) വിട്ടു പുറത്തുപോവാൻ നിർബ്ബന്ധിതനായി. അവസാനം 'ദർഇയ്യ'യിലെ അമീർ മുഹമ്മദുബ്നു സുഊദിൻെറ അടുത്ത്പോയി അഭയംപ്രാപിച്ചു. അമീർ അദ്ദേഹത്തിൻെറ തൗഹീദ്പ്രബോധനം സ്വീകരിച്ചു. അതോടെ ശൈഖിൻെറ പ്രബോധനം പതിന്മടങ്ങു ശക്തിപ്പെട്ടു. അടിയ്ക്കടി വിജയം വരിച്ചു. ശൈഖിൻെറ പാഠക്ലാസ്സിൽ

സംബന്ധിച്ചിരുന്ന ശിഷ്യന്മാർ തിരിച്ചുചെന്നു തങ്ങളുടെ പ്രദേശങ്ങളിലെല്ലാം ഈ സന്ദേശം പ്രചരിപ്പിച്ചു.

മുഹമ്മദുബ്'നു സുഊദിൻെറ മരണത്തിനു (ക്രി: 1765) ശേഷം അദ്ദേഹത്തിൻെറ പുത്രൻ അബ്ദുൽ അസീസ് അമീറായി. ഇദ്ദേഹത്തിൻെറ കാലത്താണ് തൗഹീദുപ്രസ്ഥാനം കൂടുതൽ വികസിച്ചത്. ശൈഖിൻെറ നിർദ്ദേശപ്രകാരമാണ് ഇദ്ദേഹം ഭരണകാര്യങ്ങളെല്ലാം നിർവ്വഹിച്ചിരുന്നത്. ക്രി: 1792ൽ (ഹി:1206) ശൈഖ് തൻെറ 92ാം വയസ്സിൽ പരലോകപ്രാപ്തനായി. അനന്തരം ശൈഖിൻെറ പുത്ര-പൗത്രന്മാരാണ് തൗഹീദുപ്രസ്ഥാനം മുമ്പോട്ടു നയിച്ചത്. 1803 (ഹി: 1218) ൽ അബ്ദുൽ അസീസ് ഒരു ശീഈയയുടെ കയ്യാൽ വധിക്കപ്പെട്ടു. പിന്നെ മകൻ സുഊദുബ്'നു അബ്ദിൽ അസീസ് അധികാരത്തിൽ വന്നു. ഇദ്ദേഹം മക്കയെ ജയിച്ചടക്കി. ഹറമിനെ എല്ലാതരം ശിർക്കുകളിൽനിന്നും ബിദ്അത്തുകളിൽനിന്നും പരിശുദ്ധമാക്കി. സിറിയ, ഇറാഖ് മുതലായ ദിക്കുകളിൽ തൗഹീദുപ്രബോധനം പ്രചരിപ്പിച്ചു. എങ്കിലും ആസ്താനയിലെ തുർക്കി സുൽത്താൻ അറബികളുടെ ശക്തിയിൽ ആശങ്കിക്കുകയും ഈജിപ്തിലെ മുഹമ്മദലിപാഷയെ അവരോടു സമരം നടത്താൻ നിയോഗിക്കുകയും ചെയ്തു. ഈ സമരത്തിൽ നജ്ദുകാർക്കു പരാജയം നേരിട്ടു. നജ്ദുകാർ വീണ്ടും ഉയിർത്തെഴുന്നേററു. ആ കഥ സുദീർഘവും അത്ഭുതകരവുമാണ്. അതു പ്രതിപാദിയ്ക്കുകയല്ല ഇവിടെ ഉദ്ദേശം.

ശൈഖിൻെറ തൗഹീദ് പ്രസ്ഥാനത്തെ ഒട്ടധികം നിഷ്പക്ഷ ഏടയർ പോലും തെററിദ്ധരിച്ചിട്ടുണ്ട്. ഇതിൻെറ പ്രധാനകാരണം രണ്ടാകുന്നു: ഒന്നു, അദ്ദേഹത്തിൻെറ അനുയായികൾ സജീവ രാഷ്ട്രീയത്തിലും

യുദ്ധത്തിലും ഏർപ്പെട്ടത്. നാമമാത്രമെങ്കിലും ഒരു മുസ്ലിം രാഷ്ട്രവുമായി യുദ്ധം നടത്തുന്ന പ്രസ്ഥാനം പൊതുവിൽ തെററിദ്ധരിയ്ക്കപ്പെടുക സ്വാഭാവികമാണ്. രണ്ടു, 'ബിദ് അത്തും ഖുറാഫാത്തും' ചെയ്യുന്ന മുസ്ലിംകളോടു ശൈഖ വർകൾ സ്വീകരിച്ച തീവ്രനയം. തിരുനബിയുമായി യുദ്ധത്തിനു മുതിന്ന മക്കാമുശ്രിക്കുകളുടെ ശിർക്കാണ്, ആധുനിക മുസ്ലിംകൾ നടത്തുന്ന ശിർക്കിനെ അപേക്ഷിച്ചു താരതമ്യേന ഭേദമെന്നായിരുന്നു ശൈഖിൻെറ അഭിപ്രായം. 'കശ്ഫുശ്ശുബുഹാത്തി'ൽ അദ്ദേഹം പറയുന്നു:

إِنَّ شِرْكَ الْأَوَّلِينَ أَخَفُّ مِنْ شِرْكِ أَهْلِ زَمَانِنَا

— مجموعة التوحيد ص ٨٣

(പുരാതനന്മാരുടെ ശിർക്കാണ് ആധുനിക കാലക്കാരുടെ ശിർക്കിലും ലഘുതരം.)

## സയ്യിദ് അഹ്മദും ശാഹ് ഇസ്മാഈലും

ശാഹ് വലിയുല്ലാഹി(റ) ൻെറ പരിഷ്കരണ സംരംഭം മിയ്ക്കവാറും വൈചാരിക മണ്ഡലത്തിലായിരുന്നുവെന്നു നാം മുമ്പു കാണുകയുണ്ടായി. എന്നിരുന്നാലും അതിൻെറ ഫലം ബഹുദൂരം വികസിച്ചു. മുസ്ലിം നാമധാരികൾ ചെയ്യുന്നതെന്തും ഇസ്ലാമും പാവനവുമാണെന്ന ധാരണയാണ് മുമ്പുണ്ടായിരുന്നത്. ശാഹ് സാഹിബിൻെറ അമൂല്യകൃതികൾ ആ തെററിദ്ധാരണ തിരുത്തി. മുസ്ലിംകളുടെ ജീവിതത്തിലെ കല്ലും നെല്ലും വേർതിരിച്ചു കാണിച്ചു. വിശേഷവിധിയായി, അനിസ്ലാമികമായ രാജാധിപത്യവും അനുഗ്രഹീതമായ ഖിലാഫത്തും തമ്മിലുള്ള

മൗലികാന്തരം ശുദ്ധപ്രകൃതികളായ മുസ്ലിംകളുടെ മുമ്പിൽ സ്ഫടികസ്ഫുടമായി തെളിഞ്ഞു. കൂടാതെ ഇസ്ലാമികജീവിതത്തിൻെറ യഥാർത്ഥ ലക്ഷ്യമെന്തെന്നും മുസ്ലിംകൾ എന്തൊന്നിനുവേണ്ടി നിലകൊള്ളുന്നുവെന്നും പ്രസ്തുത കൃതികൾ വ്യക്തമാക്കിയിരുന്നു. തൽഫലമായി ഈമാനും മനക്കരുത്തുമുള്ള ധീരാത്മാക്കൾക്ക ഒരിസ്ലാമിക വിപ്ലവത്തിനായി രംഗത്തിറങ്ങാതെ അടങ്ങിയിരിപ്പാൻ മനസ്സ വന്നില്ല. സയ്യിദ് അഹ്മദ് ബറേൽവിയുടെയും (ക്രി: 1786_1831) ശാഹ് ഇസ്മാഈലിൻെറയും (ക്രി: 1779_1831) ഇസ്ലാമിക പ്രസ്ഥാനത്തിനു വഴി തെളിയിച്ചതു പ്രസ്തുത കൃതികളായിരുന്നു.

ശാഹ്സാഹിബ് വിഭാവനം ചെയ്ത അതേ ലക്ഷ്യം സാധിയ്ക്കുകയായിരുന്നു ഈ പ്രസ്ഥാനത്തിൻെറ ഉദ്ദേശ്യം. 'ഇന്ത്യയിലെ ഒന്നാമത്തെ ഇസ്ലാമിക പ്രസ്ഥാനം' എന്നു ചരിത്രകാരന്മാരാൽ വിശേഷിപ്പിയ്ക്കപ്പെട്ടുന്ന ഇതിനെ പലരും 'വഹ്ഹാബിസം' എന്നു അവഹേളിച്ചിട്ടുണ്ട്. ഈ 'ശകാരപ്പേർ' പ്രചരിപ്പിച്ചതിൻെറ പിന്നിൽ യൂറോപ്യരുടെ കറുത്ത കൈകൾ ധാരാളം പ്രവർത്തിച്ചിരുന്നു. 'ഭിന്നിപ്പിച്ചു ഭരിയ്ക്കുക' എന്ന കുപ്രസിദ്ധ തത്വം അംഗീകരിച്ച ബ്രിട്ടീഷുകാരെസ്സംബന്ധിച്ചിടത്തോളം മുസ്ലിം ബഹുജനങ്ങളെ തെററിദ്ധരിപ്പിച്ചു മുതലെടുപ്പാനുള്ള തങ്ങളുടെ ഇത്തരം അടവുകളിൽ അത്ഭുതത്തിനവകാശമില്ല. എന്നാൽ അവരുടെ ഈ ദുഷ്പ്രചാരവേലയ്ക്കു കൂട്ടുനില്ക്കുവാൻ കുറെ 'മുല്ലകളെ'യും കിട്ടിയെന്നതു വിധിവൈപരീത്യം തന്നെ!

ക്രി: 1822ൽ സയ്യിദ് അഹ്മദും പാർട്ടിയും മക്കയിലേയ്ക്കു ഹജ്ജ് തീർത്ഥാടനത്തിനു പുറപ്പെടുകയുണ്ടായി. ഇതിനെ ആധാരമാക്കിയാണ് അദ്ദേഹത്തിൻെറ പേരിൽ

'വഹ്ഹാബിയ്യാ' കെട്ടുകഥചമച്ചുണ്ടാക്കിയത്. ഹജ്ജി നപോയ കാലത്ത് മക്കയിൽവച്ച് വഹ്ഹാബി പ്രചാരകന്മാരുമായി ബന്ധംസ്ഥാപിയ്ക്കുവാൻ സയ്യിദ സാഹിബിനു അവസരം ലഭിച്ചുവെന്നും അദ്ദേഹം വഹ് ഹാബിസവുമായിട്ടാണ് ഇന്ത്യയിലേയ്ക്കു തിരിച്ചുവന്ന തെന്നും അദ്ദേഹത്തിൻെറ പരിഷ്കരണ പ്രവർത്തനവും വഹ്ഹാബിസവും ഒന്നുതന്നെയാണെന്നും യൂറോപ്യൻ ചരിത്രകാരന്മാർ ജല്പിക്കുന്നു. ഡോ: സർ വില്യം വിത്സൻ ഹണ്ടർ (*W. W. Hunter*) മുതൽ അമേരിക്കക്കാരനായ സ്റ്റോഡാഡ് (*Stoddard*) വരെ ഇതേ കെട്ടുകഥ പ്രചരിപ്പി ച്ചവരാണ്. എന്നാൽ അതേ ഹണ്ടർ തൻെറ കൃതിയിൽ മറെറാരിടത്തു് പറയുന്നു: "ക്രി: 1813 മുതൽ 1830 വരെ യാതൊരു വഹ്ഹാബിയ്ക്കും മക്കയിലെ റോഡുകളിലൂടെ സ്വജീവനെ അപകടപ്പെടുത്തിയല്ലാതെ സഞ്ചരിയ്ക്കാൻ സാധിച്ചിരുന്നില്ല." (*The Indian Musalmans, p 100*)

നമുക്കു മുഹമ്മദുബ്നു അബ്ദിൽവഹ്ഹാബിൻെറ ഇസ്ലാഹി പ്രസ്ഥാനത്തോടു എതിരൊന്നുമില്ല. സയ്യിദ്സാഹിബിൻെറ 'മുജാഹിദ പ്രസ്ഥാനം' വഹ്ഹാബിസത്തിൽനിന്നും പ്രചോദനമുൾക്കൊണ്ടതാ ണെന്ന ജല്പനം ചരിത്രസത്യത്തിനും നീതിയ്ക്കും ചേർന്ന തല്ലെന്നും, അതിനെ 'വഹ്ഹാബിസ'മെന്നു വിളിയ്ക്കു ന്നതു ബ്രിട്ടീഷുകാരുടെയും അവരുടെ വൈതാളികരായ 'മുല്ലകളു'ടെയും വെറും മതശകാരമാണെന്നും വായന ക്കാരുടെ മുമ്പിൽ കൊണ്ടുവരിക മാത്രമാണ് ഇവിടെ ഉദ്ദേശം.

വാസ്തവത്തിൽ വഹ്ഹാബികളെ മക്കയിൽനിന്നു നിശ്ശേഷം പുറത്താക്കിയ കാലത്തായിരുന്നു സയ്യിദ്

അഹമ്മദ് ഹജ്ജിനു പോയതു്. അദ്ദേഹം അതിനു മുമ്പുതന്നെ തൻെറ പ്രസ്ഥാനത്തിനിവിടെ തറക്കല്ലു പാകിക്കഴിഞ്ഞിരുന്നു. അന്നു വഹ്ഹാബിസത്തെപ്പററി അറിയുന്ന ഒരു വ്യക്തിപോലും ഇന്ത്യയിലുണ്ടായിരുന്നില്ലെന്നതാണു് സത്യം. പക്ഷെ, ശൈഖു് മുഹമ്മദുബ്നു അബ്ദിൽവഹ്ഹാബിൻെറയും സയ്യിദ് അഹ്മദിൻെറയും പ്രസ്ഥാനങ്ങൾക്കു തമ്മിൽ ചില കാര്യങ്ങളിൽ സാദൃശ്യമുണ്ടായിരുന്നുവെന്നതു അനിഷേധ്യമത്രെ. വിശുദ്ധ ഖുർആനെയും തിരുസുന്നത്തിനെയും ആധാരമാക്കി സംഘടിപ്പിയ്ക്കപ്പെട്ടുന്ന പ്രസ്ഥാനങ്ങൾക്കു തമ്മിൽ സാമ്യമുണ്ടാവുക സ്വാഭാവികം മാത്രമാണല്ലോ.

ഹി: 1201 സഫർ 2നായിരുന്നു സയ്യിദ് അഹ്മദിൻെറ ജനനം. റായെ ബറേലിയിൽ തകിയ എന്ന നാട്ടിൽ ഹസനിസാദാത്തുകളുടെ കുടുംബത്തിൽ പെട്ട ഒരംഗമാണദ്ദേഹം. പഠനത്തിൽ തീരെ അഭിരുചിയുണ്ടായിരുന്നില്ല, അദ്ദേഹത്തിനു. വിശുദ്ധ ഖുർആനിൽ നിന്നു ഏതാനും അദ്ധ്യായങ്ങൾ മനഃപാഠമാക്കുകയും ചില വാചകങ്ങൾ എഴുതാൻ ശീലിയ്ക്കുകയും ചെയ്തു. അതായിരുന്നു അദ്ദേഹത്തിൻെറ വിദ്യാഭ്യാസയോഗ്യത. എന്നാൽ കളിയിൽ വലിയകമ്പമായിരുന്നു, വിശേഷിച്ചും സൈനിക വിനോദത്തിൽ. കുട്ടികൾ ഇരുചേരിയായിത്തിരിഞ്ഞു ഒരു ചേരി മറെറ ചേരിയുടെ കോട്ട ജയിച്ചടക്കുക-ഇതായിരുന്നു ആ സൈനികവിനോദത്തിൻെറ സ്വഭാവം. ഇങ്ങിനെ ബാല്യകാലത്തിലേ സൈനിക പരിശീലനം നേടിക്കൊണ്ടിരുന്നു സയ്യിദ് അഹ്മദ്.

ഹി: 1224നോടടുപ്പിച്ചു അദ്ദേഹം നവാബ് അമീർഖാൻെറ സൈന്യത്തിൽ ഒരു ഭടനായി ചേർന്നു. എന്നാൽ

അമീർ ബ്രിട്ടീഷുകാരുമായി സന്ധിചെയ്തതോടെ അതിൽ നിന്നും പിരിഞ്ഞുപോന്നു. ഹി: 1222ൽ ഡൽഹിയിൽവച്ചു ശാഹ് അബ്ദുൽ അസീസിന്നു ബൈഅത്തു ചെയ്യുകയും അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. അനന്തരം സ്വദേശത്തേയ്ക്കു തിരിച്ചുവന്നു ഒരു വിവാഹവും കഴിച്ചു.

സയ്യിദ് സാഹിബിൻെറ ആത്മീയനേതൃത്വത്തിൽ ജനങ്ങൾക്കു വലുതായ വിശ്വാസമായിരുന്നു. തൻെറ ഗുരു അബ്ദുൽഅസീസിൻെറ ജാമാതാവ് മൗലാനാ അബ്ദുൽഹയ്യും, അദ്ദേഹത്തിൻെറ സഹോദരപുത്രനായ മൗലാനാ ഇസ്മാഈലും സയ്യിദ് അഹ്മദിനെ തങ്ങളുടെ ഗുരുവുമായി അംഗീകരിച്ചു. തുടർന്നു ശാഹ് കുടുംബത്തിലെ മററനേകം പേരും അദ്ദേഹത്തിന്നു ബൈഅത്ത് ചെയ്യുകയുണ്ടായി. ഇവരൊന്നിച്ചു അദ്ദേഹം നാട്ടിൻെറ വിവിധ ഭാഗങ്ങളിൽ സഞ്ചരിയ്ക്കുകയും യഥാർത്ഥ തൗഹീദുപ്രബോധനം പ്രചരിപ്പിയ്ക്കുകയും ചെയ്തു. ജനജീവിതത്തിലടിഞ്ഞുകൂടിയിരുന്ന ശിർക്കൻ നടപടികളെയും അനിസ്ലാമികാചാരങ്ങളെയും തൻെറ ഉജ്ജ്വലവും ഗംഭീരവുമായ പ്രഭാഷണങ്ങളിലൂടെ എതിർത്തു നശിപ്പിച്ചു. സയ്യിദുസാഹിബിൻെറയും റഫീഖുകളുടെയും പാദസ്പർശമേല്ക്കുന്ന ഇടങ്ങളെല്ലാം അനുഗ്രഹീതങ്ങളായി. അവരുടെ കടാക്ഷത്തിന്നു പാത്രമായ ഹൃദയങ്ങളൊക്കെ വിജ്ഞാനാമൃതംകൊണ്ടു നിറഞ്ഞു. സയ്യിദിൻെറ പ്രഭാഷണങ്ങളുടെ മാസ്മരശക്തി മനസ്സിലാക്കുവാൻ ഒററ ഉദാഹരണം മതിയാവും: ബീഹാറിലെ ഒരു പ്രഭുകുമാരനും അതിരററ ആഡംബരപ്രിയനുമായിരുന്ന മൗ: വിലായത്തലി തൻെറ ഗുരുനാഥനോടൊപ്പം സയ്യിദു സാഹിബിൻെറ സന്നിധിയിൽ വരികയുണ്ടായി. അദ്ദേഹത്തിൻെറ പ്രസംഗം കേട്ടു വിലായത്തലിയുടെ ജീവിതമാകെ പരിവർത്തിതമായി.

അവസാനം മൗലാനാ വിലായത്തലിയും കുടുംബവും സയ്യിദ്സാഹിബിൻെറ മുരീദുകളായിത്തീൎന്നു. ഇവർ ഇസ്ലാമിൻെറ പേരിൽവരിച്ച ത്യാഗത്തിനും, ചെയ്ത സമരത്തിനും തുല്യത കാണുകപ്രയാസമാണ്. സയ്യിദിൻെറ രക്തസാക്ഷിത്വത്തിനുശേഷം മുജാഹിദുപ്രസ്ഥാനം ഒരു നൂററാണ്ടുകാലം (ക്രി: 1831_1939) നിലനിൎത്തിപ്പോന്നതു പ്രസ്തുത കുടുംബമായിരുന്നു.

സയ്യിദുസാഹിബിനു ലക്ഷക്കണെക്കിൽ 'മുരീദു'മാരുണ്ടായിരുന്നു. ആയിരക്കണെക്കിനാളുകൾ അദ്ദേഹത്തിൻെറ 'തബ്ലീഗു്'വഴി ഇസ്ലാമാശ്ലേഷിച്ചു.

പഞ്ചാബിൽ സിക്കുകളുടെ മൎദ്ദനം കൊടുമ്പിരി കൊണ്ടിരുന്നകാലമായിരുന്നു അത്. കരളലിയിയ്ക്കുന്ന ആ മൎദ്ദന കഥകൾ കേട്ടു സയ്യിദു സാഹിബിൽ ചെറുപ്പന്നേ രൂഢമൂലമായിക്കിടന്നിരുന്ന ജിഹാദാവേശം ആളിപ്പിടിച്ചു. എങ്കിലും താൻ ഹജ്ജ് തീൎത്ഥാടനം ഉദ്ദേശിച്ചിരുന്നതു കൊണ്ടു അതിനാണ് അദ്ദേഹം മുൻഗണന നല്കിയത്.

ക്രി: 1821 ജൂൺ 2നു (1236 ശവ്വാൽ 1) സയ്യിദു സാഹിബിൻെറ നേതൃത്വത്തിൽ സ്ത്രീകളും കുട്ടികളുമടക്കം 400 പേർ ഹജ്ജിനായി റായെബറേലിയിൽനിന്നു ഒരു 'ഖാഫില'പുറപ്പെട്ടു. ഈ യാത്രയ്ക്കു അന്നത്തെ സാഹചര്യത്തിൽ മററൊരു പ്രാധാന്യം കൂടിയുണ്ടായിരുന്നു. നിലവിലുള്ള മതപണ്ഡിതന്മാർ കടൽയാത്രയുടെ ഭവിഷ്യത്തിൻെറ പേരിൽ ഹജ്ജ് തീൎത്ഥാടനം മുസ്ലിംകൾക്കു നിൎബ്ബന്ധമില്ലെന്നു 'ഫത്വാ' ചെയ്തിരുന്ന ഒരു കാലമായിരുന്നു അത്. ഇസ്ലാമിൻെറ നവോത്ഥാനത്തിനുവേണ്ടി നിലകൊള്ളുന്ന മുജാഹിദുപ്രസ്ഥാനത്തിനു പ്രസ്തുത 'കൊട്ടുംഫിത്ന'യെ ഉന്മൂലനംചെയ്യേണ്ടതുണ്ടായിരുന്നു. കാലത്തിൻെറ ഏററവും വലിയൊ

ആവശ്യമായിരുന്നു ഇത്. ഇതുകൊണ്ടു കൂടിയാണ് സയ്യിദ് സാഹിബ് ഹജ്ജിനു ജിഹാദിനേയ്ക്കാൾ മുൻഗണന നല്കിയത്. ഇന്ത്യയിൽനിന്നു തങ്ങളുടെ കൂടെ ഹജ്ജിനുപോകുന്നവരുടെ മുഴുവൻ ചിലവുകൾ പ്രസ്ഥാനം വഹിയ്ക്കാൻ ഒരുക്കമാണെന്നു സയ്യിദുസാഹിബും പാർട്ടിയും പ്രഖ്യാപിച്ചു. പുറപ്പാടിന്റെ സന്ദർഭത്തിൽ സയ്യിദ് അഹ്മദ് (റ) സർവ്വശക്തനായ റബ്ബിനോടു ഇങ്ങിനെ അർത്ഥിച്ചു:

"അത്യുദാരനായ രക്ഷകർത്താവേ! നിന്റെ സൃഷ്ടികളിൽ ഇത്രയും പേർ ഇയ്യുള്ളവന്റെ സഹയാത്രികരായിരിയ്ക്കുന്നു. ഈ പാവത്തിന്റെ മേൽ ദയ കാണിച്ചാലും! നിന്റെ കരുണാകടാക്ഷങ്ങളുടെ 'ബക്ത്തു'കൊണ്ടു ഞങ്ങളെയെല്ലാം ഏററവും നല്ല മാർഗ്ഗത്തിലൂടെ ഉദ്ദിഷ്ടലക്ഷ്യത്തിലേയ്ക്കു നയിച്ചാലും!"

ജനങ്ങൾ നാനാ ഭാഗത്തുനിന്നും സയ്യിദ്സാഹിബിന്റെ സംഘത്തിൽ വന്നുചേർന്നു. കല്ക്കത്തയിൽനിന്നു പത്തു കപ്പലുകളിലായിട്ടാണ് സംഘം പുറപ്പെട്ടത്. അവരുടെ കപ്പൽചാർജ്ജ്തന്നെ 13,808 റുപ്പയായി. 2 വർഷവും 11 മാസവും കഴിഞ്ഞു, (ഹി: 1239 ശഅബാൻ 29നു, ഈ ഖാഫില സ്വദേശത്ത് തിരിച്ചുവന്നു. ഈ യാത്രയിൽ പ്രസ്ഥാനത്തിനു ഒരു ലക്ഷത്തോളം റുപ്പ ചിലവായി. എന്നിട്ടും ബൈത്തുൽമാലിൽ 10,000 റുപ്പ ബാക്കിയുണ്ടായിരുന്നു.

ഹജ്ജ് തീർത്ഥാടനത്തിനുശേഷം അക്രമികളായ സിക്കുകൾക്കെതിരെ വ്യവസ്ഥാപിതമായ 'ജിഹാദി'നു ഒരുക്കം കൂട്ടി. ഒരു വർഷവും പത്തു മാസവുംകൊണ്ടു സുസംഘടിതമായ ഒരു സമരനിര സജ്ജീകരിക്കപ്പെട്ടു.

ക്രി: 1826 ജനുവരി 18 (ഹി: 1241 ജുമാദൽ ഉഖ്റാ 7) ന്ന ഉദ്ദേശം 550 മുജാഹിദുകളുൾക്കൊള്ളുന്ന ആദ്യത്തെ ഖാഫില ഹിജ്രയുടെ മാർഗ്ഗത്തിൽ കാൽ വച്ചു. വെറും 5000 രൂപയാണ് അവരുടെ വശമുണ്ടായിരുന്നത്. റായ ബറേലിയിൽനിന്നു പുറപ്പെട്ട പ്രസ്തുതസംഘത്തിന്ന പെഷവാറിലേയ്ക്കാണ് പോവേണ്ടിയിരുന്നതു്. പഞ്ചാബുവഴിയ്ക്കുള്ള മാർഗ്ഗം സിക്കുകാർ തടഞ്ഞിരുന്നതുകൊണ്ടു മറെറാരു ദുർഘടമാർഗ്ഗമാണ് അവർ അവലംബിച്ചത്. അങ്ങനെ പൈദാഹം, രോഗം, മണൽക്കാററ്, ഗിരിമാർഗ്ഗപ്രതിബന്ധങ്ങൾ എന്നു വേണ്ട, നാനാതരം ദുർഘടങ്ങളെയും താണ്ടിക്കടന്നു പത്തു മാസത്തിന്നുള്ളിൽ പെഷവാറിലെത്തിച്ചേർന്നു.

അതിർത്തിപ്രദേശത്തെയാണ് മുജാഹിദുകൾ തങ്ങളുടെ കേന്ദ്രമായി തിരഞ്ഞെടുത്തത്. സിക്കുകളുടെ മർദ്ദനമുറകൾ എല്ലാ അതിരുവരമ്പുകളെയും അതിക്രമിച്ചിരുന്നു. പാവപ്പെട്ട മുസ്ലിംകളാണ് അവരുടെ അക്രമങ്ങൾക്കു പ്രധാനമായും ഇരയായിരുന്നത്. അതിനാൽ ജിഹാദിൻെറ ആരംഭം സിക്കുകളോടാവട്ടെ എന്നു മുജാഹിദുകൾ തീരുമാനിച്ചു. വാസ്തവത്തിൽ കോളണിക്കൊള്ളക്കാരായ വെള്ളക്കാരായിരുന്നു അവരുടെ സാക്ഷാലുന്നം. പക്ഷേ, ഇസ്ലാമിൻെറ ബദ്ധവൈരികളായ വിദേശികളോടു സമരം നടത്തുന്നത് മുസ്ലിംകളെ സിക്കുമർദ്ദനത്തിൽ നിന്നു മോചിപ്പിച്ച ശേഷമാവാമെന്നു അവർ നിശ്ചയിച്ചു. ഇതായിരുന്നു അതിർത്തിപ്രദേശത്തെ തങ്ങളുടെ ഹെഡ്കോർട്ടേഴ്സാക്കാനുള്ള കാരണങ്ങളിലൊന്നു്.

അങ്ങനെ ഹി: 1242 ജുമാദൽ ഊലാ 20 അർദ്ധരാത്രിയിൽ ഈ ഒരു പിടി മുജാഹിദുകൾ തങ്ങളേല്ലാരും

എത്രയോ ഇരട്ടി സംഘബലമുള്ള ശത്രുക്കളുമായി ജിഹാദാരംഭിച്ചു. ഈ യുദ്ധത്തിൽ 700 കാഫിറുകൾ വധിക്കപ്പെട്ടു. ഏതാണ്ടു അത്രതന്നെ പേക്ക പരിക്കേല്ക്കുകയും ചെയ്തു. മുസ്ലിംകളുടെ ഭാഗത്ത് 37 മുജാഹിദുകൾ രക്തസാക്ഷികളും 35 മുജാഹിദുകൾ മുറിപ്പെട്ടവരുമായി. മുജാഹിദുകൾ ശത്രുക്കളുടെ മരുന്നറ പിടിച്ചടക്കി. സിക്കനേതാവ് ബുധ്സിങ്ങ് സൈനികതാവളത്തിൽ നിന്നു ഭയന്നോടി. ഇങ്ങനെ നിരവധി സംഘട്ടനങ്ങൾ നടന്നു.

മുജാഹിദുകളുടെ ആഗമനം മൂലം അതിർത്തിപ്രദേശവും പഞ്ചാബും ഇസ്ലാമികദീപ്തിയിൽ പ്രശോഭിച്ചു. 'ഖിലാഫത്തുർറാശിദഃയ്'ടെ കർമ്മമാതൃക ഒരിയ്ക്കൽകൂടി ലോകത്തിൽ കാണായി. സയ്യിദു സാഹിബിനെ മുജാഹിദുകൾ മാത്രമല്ല, നാട്ടുകാരും അമീറുൽ മൂമിനീനായി തിരഞ്ഞെടുത്തു. 1242 ജൂമാദൽ ഊലാ 12നു എല്ലാവരും ഐക കണ്ഠ്യേന അദ്ദേഹത്തിനു ബൈഅത്തുചെയ്തു. അങ്ങനെ ഒരിസ്ലാമിക ഭരണകൂടം (ഹുകൂമത്തെ ഇലാഹിയ്യഃ) ഫലത്തിൽ സ്ഥാപിതമായി. പക്ഷേ, അതോടൊപ്പം ഏതുകാലത്തും സമുദായത്തെ നശിപ്പിച്ചിട്ടുള്ള മാരകശക്തികളും വളൎന്നു വന്നിരുന്നു. 'പള്ളിമുല്ല'കളുടെ 'കുഫ്ർ ഫത്വാ'കളും ശിഥിലന പ്രവൎത്തനങ്ങളുമൊരുഭാഗത്ത്; സൈനിക നേതാക്കളുടെ ഗോത്രപരവും അനിസ്ലാമികവുമായ പക്ഷപാതവും അനൈക്യവും മറുഭാഗത്തും. ഇതിനുപുറമെ പരിചയം കുറഞ്ഞ ഭടന്മാരുടെ ആവേശത്തള്ളിച്ചയും അച്ചടക്കരാഹിത്യവും—എല്ലാം ചേൎന്നു ഈ സംരഭത്തെ അവസാനം പരാജയത്തിലാണ് എത്തിച്ചത്. ചരിത്രപ്രസിദ്ധമായ ബാലാകോട്ടു യുദ്ധത്തിൽ അമീറുൽ മൂമിനീൻ സയ്യിദു അഹ്മദ് സാഹിബും, അദ്ദേഹത്തിൻെറ

വലങ്കയ്യായിരുന്ന മൗലാനാ ശാഹ് ഇസ്മാഈൽ സാഹിബും രക്തസാക്ഷികളായി. ക്രി: 1831 മെയ് 6 (ഹി: 1246 ദുൽഖഅ്ദഃ 24) വെള്ളിയാഴ്ച്ചയാണീ ദാരുണ സംഭവമുണ്ടായത്.

اَللّٰهُمَّ اغْفِرْ لَهُمْ وَاحْشُرْهُمْ فِيْ زُمْرَةِ الْمُجَاهِدِيْنَ فِيْ سَبِيْلِكَ!

സയ്യിദ് അഹ്മദ് ബറേൽവി (റ) യും ശാഹ് ഇസ്മാഈൽ ശഹീദും (റ) ശരീരംകൊണ്ടു രണ്ടാണെങ്കിലും ആത്മാവും അൎത്ഥവുംകൊണ്ടു ഒന്നായിരുന്നു. രണ്ടുപേരും ശാഹ്‌വലിയ്യുല്ലാഹ് (റ) വിഭാവനംചെയ്ത ഒരു നവോത്ഥാനപ്രസ്ഥാനം ഫലത്തിൽ കൊണ്ടുവരികയാണ് ചെയ്തത്. സയ്യിദ് സാഹിബിന്റെ കത്തുകളും വാമൊഴികളും ശാഹ് ഇസ്മാഈലിന്റെ 'അബഖാത്ത്, മൻസിബെ ഇമാമത്ത്, തഖ്‌വിയത്തുൽ ഈമാൻ' തുടങ്ങിയ കൃതികളും നോക്കുക: അവയിലെല്ലാം ശാഹ്‌വലിയ്യുല്ലാ(റ)ഹിന്റെ ആത്മാവാണ് വിളയാടുന്നതെന്നു കാണാം.

ബഹുജനങ്ങളുടെ മതകാര്യങ്ങളെ മാത്രമല്ല, സദാചാരം, സാമ്പത്തികം, സാമൂഹ്യം, രാഷ്ട്രീയം തുടങ്ങിയ എല്ലാം കാര്യങ്ങളെയും മുജാഹിദുപ്രസ്ഥാനം കയ്യാളുകയുണ്ടായി. ജീവിതത്തിന്റെ നാനാ തുറകളിലും ഇസ്ലാമികാടിസ്ഥാനത്തിൽ ജനങ്ങൾക്കു നേതൃത്വവും മാൎഗ്ഗദൎശനവും നല്കി. പത്തൊമ്പതാം ശതകത്തിന്റെ ആരംഭദശയിൽ ഇന്ത്യയെപ്പോലുള്ള ഒരധഃപതിച്ച നാട്ടിൽ മുസ്ലിംകൾക്കേററവും ദുസ്സാധ്യമായിരുന്ന ഒരു മഹൽകൃത്യമാണ് ആ പ്രസ്ഥാനം നിറവേററിയത്. അവർ ഇസ്ലാമിക 'ജിഹാദി'ന്നു തെയ്യാറെടുത്തു. ഭൗതിക വാദികളായ യുദ്ധനായകന്മാൎക്കു സ്വപ്നം കാണാൻ കഴിയാത്ത,

അത്രയും പാവനമായ യുദ്ധനയങ്ങളും സദാചാരമൂല്യങ്ങളുമാണ് അതിലവർ പ്രകടിപ്പിച്ചത്. തികച്ചും ദൈവമാർഗ്ഗത്തിലും ദൈവവചനത്തിൻെറ ഉന്നമനത്തിലുമായിരുന്നു അവരുടെ സമരസംരംഭമെന്നകാര്യത്തിൽ സംശയമില്ല. മുസ്ലിം നാമധാരികളുടെ അനിസ്ലാമിക ഭരണകൂടങ്ങൾക്കെതിരെ ഒരു "ഖിലാഫത്ത് അലാ മിൻഹാജിന്നുബുവ്വഃ" (പ്രവാചകമാർഗ്ഗത്തിലുള്ള ഖിലാഫത്ത്) സ്ഥാപിക്കുവാൻ അവർ കിണഞ്ഞു ശ്രമിച്ചു. ഇതിൻെറ കീഴിൽ ജനങ്ങളുടെ ധനവും സ്ത്രീകളുടെ മാനവും തികച്ചും സുരക്ഷിതമായിരുന്നു. പരിഷ്കരണകർത്താക്കളായിട്ടല്ലാതെ ഒരു ഗ്രാമത്തിലും മുജാഹിദുകൾ പ്രവേശിച്ചിട്ടില്ല. പകൽസമയത്ത് ധീരയോദ്ധാക്കളും രാത്രികാലത്ത് മികച്ച ഭക്തജനങ്ങളുമായിരുന്നു അവർ. ആകയാൽ മുജാഹിദുകളുടെ കർമ്മനയത്തിൻെറ പാവനതയെസ്സംബന്ധിച്ചിടത്തോളം യാതൊരു നിഷ്ഫപടനും സംശയത്തിനവകാശമില്ല.

ഒരു യഥാർത്ഥ മുജാഹിദിനെസ്സംബന്ധിച്ചിടത്തോളം പരാജയമെന്നൊന്നില്ല. എന്തുകൊണ്ടെന്നാൽ അയാളുടെ സാക്ഷാൽ ലക്ഷ്യം പരലോകമോക്ഷവും ദൈവപ്രീതിയുമത്രെ. ഈ ലക്ഷ്യത്തിൽ അയാൾ പരാജയപ്പെടുന്ന പ്രശ്നമേ ഉളവാകുന്നില്ല. എന്നാൽ ഇഹലോകത്ത് അയാൾക്കു സാധിക്കേണ്ടുന്ന ഒരു പ്രവർത്തനലക്ഷ്യമുണ്ടായിരിയ്ക്കും. അതു സാധിയ്ക്കുന്നതിനെ ആശ്രയിച്ചാണ് ഇവിടെ വിജയം സ്ഥിതിചെയ്യുന്നത്. ഈ അടിസ്ഥാനത്തിൽ വീക്ഷിക്കുമ്പോൾ സയ്യിദ് അഹ്മദ്ശഹീദി (റ)ൻെറയും ശാഹ് ഇസ്മാഈൽ ശഹീദി (റ)ൻെറയും പ്രസ്ഥാനം അവസാനം പരാജയത്തിലാണ് കലാശിച്ചതെന്നു കാണും. അതിൻെറ പ്രധാന

കാരണമെന്തെന്നു പരിശോധിച്ചു ഇതിൽനിന്നു പാഠം പഠിക്കേണ്ടതു് ഏതൊരു ഇസ്ലാമികപ്രവർത്തകന്റെയും ഒഴിച്ചുകൂടാത്ത കടമയത്രെ.

ഒന്നാമതായി, മുജാഹിദ്ദനേതാക്കൾ 'ജിഹാദി'നും ഇസ്ലാമികഭരണകൂടത്തിന്റെ സംസ്ഥാപനത്തിനും തിരഞ്ഞെടുത്ത കേന്ദ്രം തീരെ അപര്യാപ്തമായിരുന്നു. ഒരിസ്ലാമികവിപ്ലവം നടത്തുവാനുള്ള പ്രദേശം, ആധുനികയുഗത്തിൽ വിശേഷിച്ചും, മാനസികമായും സദാചാരപരമായും വിജ്ഞാനപരമായും ഏററവും ഉന്നതനിലവാരത്തിലുള്ളതാവണം. ഇസ്ലാമികരാഷ്ട്രമെന്നാൽ എന്തെന്നും അതിന്റെ സാന്നിദ്ധ്യത്തിൽ തങ്ങളുടെ ഉത്തരവാദിത്വം എത്രമേൽ ഇരട്ടിയ്ക്കുന്നുവെന്നും തദ്ദേശീയർ നല്ലപോലെ മനസ്സിലാക്കിയിരിയ്ക്കണം. എങ്കിൽ മാത്രമേ അവർ ഇസ്ലാമിക ഭരണവ്യവസ്ഥിതിയുടെ യഥാർത്ഥ സഹായികളാവുകയുള്ളു.

സയ്യിദ്സാഹിബിന്റെ പട്ടാളം ആത്മീയ-ധാർമ്മികരംഗങ്ങളിൽ വളരെ പുരോഗമിച്ചവരായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇവർ ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും വന്നുചേന്ന 'മുഹാജിറു'കളായിരുന്നു. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ ഇവൎക്കു കേവലം അഭയാർത്ഥികളെന്ന നിലപാടാണുണ്ടായിരുന്നതു്. എന്നാൽ അതൃത്തിപ്രദേശക്കാർ ധാർമ്മികമായും മാനസികമായും വിജ്ഞാനപരമായും തീരെ അധഃസ്ഥിതരായിരുന്നു. മുസ്ലിം നാമധാരികളും ഇസ്ലാമികഭരണരീതിയെ നാവുകൊണ്ടു പുകഴ്ത്തുന്നവരുമെന്ന അടിസ്ഥാനത്തിൽ അവരെ മുജാഹിദ്ദനേതാക്കൾ വിശ്വസിച്ചു. അതിനാൽ ചെന്നപാടെ അവർ യുദ്ധം തുടങ്ങുകയും കൈയിൽ വന്ന

പ്രദേശങ്ങളിലെല്ലാം ഇസ്ലാമിക ഭരണരീതി നടപ്പിൽ വരുത്തുകയും ചെയ്തു. ഈ മുസ്ലിം നാമധാരികൾക്കാകട്ടെ, ഇസ്ലാമിക ഖിലാഫത്തിൻെറ കനത്ത ഭാരം താങ്ങാൻ കരുത്തുണ്ടായിരുന്നില്ല. സ്വല്പകാലം ഇവർ സഹിച്ചിരുന്നു അനന്തരം രാജ്യദ്രോഹം പ്രഖ്യാപിക്കുകയും ചെയ്തു. തന്നാട്ടുകാർ മുജാഹിദ്നേതാക്കൾക്കെതിരെ ഗൂഢാലോചനനടത്തുകയും അവരെകൊന്നുകളകയുമാണ് ചെയ്തത്. നമസ്കാരവേളയിൽ സുജൂദിലും റുകൂഇലുമാണ് ചില നേതാക്കളെ അതൃത്തിയിലെ മുസ്ലിം നാമധാരികൾ വധിച്ചത്. ഇതിൻെറയെല്ലാം പിന്നിൽ ശക്തിയായി പ്രവത്തിച്ചിരുന്നതു ശപിയ്ക്കപ്പെട്ട 'മുല്ലായിസ'ത്തിൻെറ കറുത്ത കൈകളായിരുന്നു. മുജാഹിദ്നേതാക്കൾ മദ്ഹബില്ലാത്തവരും 'സിൻദീഖു'കളുമാണെന്നു അവർ നാട്ടനീളെ പ്രോപഗണ്ട നടത്തി. കെട്ടുകെട്ടായി കുഫ്ർഫത്വകളിറക്കി. ബഹുജനങ്ങൾ ഈ 'മുല്ല'കളുടെ കെണിയിലകപ്പെടുകയും ചെയ്തു.

രണ്ടാമതായി, മുജാഹിദ്പ്രസ്ഥാനത്തിൻെറ യഥാർത്ഥ ശത്രു ബ്രിട്ടനായിരുന്നു. ശത്രുവിൻെറ ശക്തിയും പ്രസ്ഥാനത്തിൻെറ ശക്തിയും തമ്മിൽ ഒരു താരതമ്യമുണ്ടായിരുന്നില്ല. എല്ലാ കലാശാസ്ത്രങ്ങളിലും സാങ്കേതികവിജ്ഞാനീയങ്ങളിലും ഗവേഷണപരവും നിരീക്ഷണപരവുമായ വ്യുല്പത്തി നേടിയ ആ മഹാശത്രുവിനോടു അത്തരം വിഷയങ്ങളിൽ യാതൊരു പിടിപാടുമില്ലാത്ത ഈ പ്രസ്ഥാനത്തിനു പൊരുതി ജയിക്കുക സാധ്യമായിരുന്നില്ല. പത്തൊമ്പതാം ശതകത്തിലെ യൂറോപ്പിൻെറ ചരിത്രം പരിശോധിയ്ക്കുക: എങ്കിൽ നിങ്ങൾക്കു ശത്രുവിൻെറ ശക്തി നല്ലപോലെ മനസ്സിലാക്കാൻ കഴിയും. ഇരുണ്ട ദശകങ്ങൾക്കുശേഷം ഉയി

ത്തെഴുന്നേററിരിയ്ക്കുകയായിരുന്നു യൂറോപ്പ്. ലോകത്തെയാകമാനം മാററിമറിയ്ക്കാൻ കഴിയുമാറ്, അവിടുത്തെ കലാശാസ്ത്രവിദഗ്ദ്ധന്മാരും നവീനകണ്ടുപിടുത്തക്കാരും ശക്തിയാർജ്ജിച്ചുകഴിഞ്ഞിരുന്നു. തർക്കശാസ്ത്രം (*Logic*), തത്വജ്ഞാനം (*Metaphysics*), നീതിശാസ്ത്രം (*Ethics*), മനസ്തത്വശാസ്ത്രം (*Psychology*) തുടങ്ങി എല്ലാ യുക്തിവാദപരമായ ശാസ്ത്രങ്ങളിലും (*Rational Sciences*) വ്യുല്പത്തി നേടിയ ഹ്യൂം (*Hume*), കാൻറ് (*Kant,*) ഫിഷ്ററെ (*Fichte*), ഹെഗൽ (*Hegel*), കോംററെ (*Comte*), ശ്ലയിർ (*Schlier*), മാഷർ (*Macher*), മിൽ (*Mill*) തുടങ്ങിയ ശാസ്ത്രജ്ഞന്മാർ തങ്ങളുടെ പുതിയ നിഗമനങ്ങൾ ലോകസമക്ഷം ആവിഷ്ക്കരിച്ച കാലഘട്ടമായിരുന്നു അത്. ഊർജ്ജതന്ത്രത്തിൽ (*Physics*) ഗാൽവേനി (*Galvani*), വോൾട്ട (*Volta*) മുതലായ നിരീക്ഷണ പടുക്കളും, രസതന്ത്രത്തിൽ (*Chemistry*) ലാ വൈസർ *La Voisier*), പ്രീസ്റ്റ്ലി (*Priestley*), ഡേവി (*Davy*) ബെർസീലിസ് (*Berzilius*) തുടങ്ങിയ ഗവേഷകന്മാരും, ജീവശാസ്ത്രത്തിൽ (*Biology*) ലിന്നെ (*Linne*), ഹാളർ (*Haller*), ബിച്ചാട്ട് (Bichat) വോൾഫ് (*Wolff*), ആദിയായ വിചക്ഷണന്മാരും താന്താങ്ങളുടെ നവീന സംഭാവനകൾ ലോകത്തിനു അർപ്പിച്ചുകൊണ്ടിരുന്നു. സയൻസിനെ പോഷിപ്പിയ്ക്കുക മാത്രമല്ല പ്രസ്തുത ശാസ്ത്രജ്ഞന്മാർ ചെയ്തുള്ളു; പിന്നയോ, അതോടൊപ്പം, പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ച പുത്തനായൊരു സിദ്ധാന്തം ആവിഷ്ക്കരിയ്ക്കുകയും പ്രചരിപ്പിയ്ക്കുകയും ചെയ്തിരുന്നു.

ഇതേ ദശാസന്ധിയിലാണ്, ധനശാസ്ത്രത്തെ കപി സ്നീയും (*Quisney*) ടർഗോട്ടും (*Turgot*) ആഡംസ്മിത്തും (*Adamsmith*) മാൽഥൂസും (*Malthus*) മററും പുതിയ അടിസ്ഥാനങ്ങളിൽ പുനഃക്രോഡീകരിച്ചത്. കൂടാതെ, റൂസ്സോ (*Rousseau*), വോൽത്തയർ (*Voltaire*), മോണ്ടെൻ (*Montaigne*), ലാമട്രി (*La Mettrie*), കബാനീസ് (*Cabanis*), ബ്യൂഫോൺ (*Buffon*), റോബിനെ (*Robinet*) മുതലായ ഫ്രഞ്ച് ശാസ്ത്രജ്ഞന്മാരും, തോമസ് പെയ്ൻ (*Thomas Paine*), വില്യം ഗോഡ്‌വിൻ (*William Godwin*), ഡേവിഡ് ഹാർട്ട്‌ലി (*David Hartely*), ജോസഫ് പ്രിസ്റ്റ്‌ലി (*Josoph Priestley*)), എറാസ്മസ് ഡാർവിൻ (*Erasmus Darwin*) ആദിയായ ആംഗ്ലേയ വിചക്ഷണന്മാരും, ഗോയ്ഥേ (*Goethe*), ഹെർഡർ (*Herder*), ശില്ലർ (*Schiller*) ലെസ്സിങ്ങ് (*Lessing*), ഹോൾബാക്ക് (*Holbach*), തുടങ്ങിയ ജർമ്മൻ വിദഗ്ദ്ധന്മാരുമെല്ലാം വളരുന്ന നാഗരികശാസ്ത്രത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തിക്കൊണ്ടിരുന്നു. സദാചാരം, മതം, നിയമം, രാഷ്ട്ര, ധനം, വിദ്യാഭ്യാസം, കല, സാഹിത്യം, യുദ്ധതന്ത്രം, ആയുധനിർമ്മാണം, സൈനികപരിശീലനം, എന്നുവേണ്ട, എല്ലാ മണ്ഡലങ്ങളിലും പുതിയൊരു ഭൗതികസംസ്കാരസൗധം കെട്ടിപ്പടുക്കേണ്ടതിനാവശ്യമായ പരിവർത്തനം നടന്നുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ഇവയിൽനിന്നെല്ലാം കഴിയുന്നിടത്തോളം ശക്തി സംഭരിച്ച ഒരു ശത്രുവിനോടു അത്തരം യാതൊരു കഴിവുമില്ലാത്ത ഒരു പിടി ദൈവദാസന്മാർ കേവലം ഈമാന്റെ ആവേശത്തള്ളിച്ച

കൊണ്ടു പോരാടിയതുതന്നെ പത്തൊമ്പതാം നൂററാണ്ടിലെ മഹാത്ഭുതങ്ങളിലൊന്നാണ്. അവർ പരാജയപ്പെട്ടുവെങ്കിൽ അതിലൊട്ടും അസ്വാഭാവികതയോ അസാംഗത്യമോ ഇല്ലതന്നെ!

പാശ്ചാത്യൻ ജാഹിലിയ്യത്തുമായുള്ള സമരത്തിൽ മുജാഹിദ്പ്രസ്ഥാനത്തിനുണ്ടായ പരാജയത്തിൽനിന്നു ഇന്നത്തെ ഇസ്ലാമികപ്രവത്തകന്മാർ വലിയൊരു പാഠം പഠിക്കേണ്ടതുണ്ട്: സമുദായസമുദ്ധാരണാത്ഥം രംഗപ്രവേശംചെയ്യുന്നവക്കു കേവലം ദീനിയായ അറിവുകളും 'ഇത്തിബാഉസ്സുന്നത്തി'ൻെറ അഭിവാഞ്ഛയും പോര, പ്രത്യുത എല്ലാ കലാശാസ്ത്രങ്ങളിലും എല്ലാ ചിന്താമണ്ഡലങ്ങളിലും എല്ലാ സാങ്കേതിക വൈജ്ഞാനികശാഖകളിലും അവർക്കവഗാഹമുണ്ടായിരിയ്ക്കണം. കൂടാതെ അനുകരണഭ്രമത്തെ തീരെ കൈവെടിഞ്ഞ്, ഇജ്തിഹാദിൻെറയും ഗവേഷണനിരീക്ഷണത്തിൻെറയും ആത്മാവുൾക്കൊള്ളുകയും വേണം. അതായിരുന്നു 'സലഫുസ്സാലിഹി'ൻെറ പ്രത്യേകത.

## അഭിനവയുഗത്തിൻെറ സവിശേഷത

ഇതുവരെ പറഞ്ഞ പരിഷ്കത്താക്കളുടെ കാലത്ത്, ഇസ്ലാമികസൗധത്തിനകത്ത് എന്തുതന്നെ ബിദ്അത്തുകളും ജാഹിലിയ്യത്തുകളും കടത്തിവിടപ്പെട്ടിരുന്നുവെങ്കിലും, ഇസ്ലാമിക ശരീഅത്ത് യഥാസ്ഥാനത്ത് ഉറച്ചു നിന്നിരുന്നു. എന്നാൽ അഭിനവയുഗത്തിൽ ലോകത്തുനിന്നും ശരീഅത്ത് തീരെ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. ഇന്നു സുഊദി അറേബ്യയും അഫ്ഘാനിസ്ഥാനുമൊഴിച്ചുള്ള മുസ്ലിം രാഷ്ട്രങ്ങളിലൊന്നും ഇസ്ലാമിക ശരീഅത്തിനു

നിയമത്തിൻെറ പദവി നല്കപ്പെട്ടിട്ടില്ല. സുഊദി അറേബ്യയിലും അഫ്ഘാനിസ്ഥാനിലും ശരീഅത്ത് ഇപ്പോഴും നിലവിലുണ്ടെന്നു പറയാം. എന്നാൽ അവിടങ്ങളിലും അതിൻെറ സ്പിരിററിനു സാരമായ തകരാറു ബാധിച്ചിരിക്കുന്നു.

ഇസ്ലാമിക ശരീഅത്ത് ദുർബ്ബലപ്പെടുത്തുകയെന്ന ബിദ്അത്ത് ആദ്യമായി നടപ്പായതു നമ്മുടെ ഭാരതത്തിലാണ്. ആംഗ്ലയമേധാവിത്വത്തിനിവിടെ സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നതിനു തൊട്ടുമുമ്പു വരെ ഇസ്ലാമിക ശരീഅത്തായിരുന്നു ഇന്ത്യയിലെ മുസ്ലീം നിയമം. 1791-ാമാണ്ടിനുമുമ്പ് ഇവിടെ മോഷണത്തിനു കരച്ഛേദമായിരുന്നു ശിക്ഷ. അനന്തരം ബ്രിട്ടീഷുകാർ ശരീഅത്തുനിയമത്തിൽ ക്രമേണ ഭേദഗതിചെയ്തുതുടങ്ങി. 19ാം നൂററാണ്ടിൻെറ മധ്യത്തോടടുത്ത് ശരീഅത്തിനെ മുഴുവനായും അവർ റദ്ദ്ചെയ്തു. മുസ്ലിംകളുടെ വിവാഹം, വിവാഹമോചനം, പിന്തുടർച്ചാവകാശം എന്നീ മൂന്നുകാര്യങ്ങളിൽ മാത്രം മുസ്ലിംനിയമം നിലനിർത്തി. തുടർന്നു ഇന്ത്യയിലെ മുസ്ലിം സ്റ്റെയ്ററുകളെല്ലാം ബ്രിട്ടീഷുകാരെ അനുകരിച്ച്, ഇതേ മാതൃകയിൽ, തങ്ങളുടെ നിയമവ്യവസ്ഥ ഉടച്ചുവാർക്കുകയും ശരീഅത്തിനെ 'പേഴ്സനൽലാ'യിൽ പരിമിതപ്പെടുത്തുകയും ചെയ്തു. 1884ൽ ഈജിപ്ത്, അതിൻെറ നിയമം ഫ്രഞ്ച് കോഡിനൊപ്പിച്ച് പുനഃസംഘടിപ്പിക്കുകയും വിവാഹം, വിവാഹമോചനം, അനന്തരാവകാശം എന്നിവയെ സംബന്ധിക്കുന്ന വശം ഖാസിമാരുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തുകയുംചെയ്തു. 20-ാം ശതകത്തിൻെറ പൂർവ്വാർദ്ധത്തിൽ അൽബേനിയയും തുർക്കിയും ഒരടികൂടി മുമ്പോട്ടുവച്ചു. തങ്ങളുടെ രാഷ്ട്രങ്ങൾ തികഞ്ഞ സെക്കുലർ സ്റ്റെയ്ററുകളാണെന്നു പ്രഖ്യാ

പിക്കുകയും രാജ്യത്തിൻെറ നിയമവ്യവസ്ഥ ഇററലി, ഫ്രാൻസ്, സ്വിററ്സർലണ്ട്, ജമ്മനി മുതലായ രാഷ്ട്ര ങ്ങളുടെ മാതൃകയിൽ പുനഃക്രോഡീകരിക്കുകയും ചെയ്തു. മുസ്ലിം സ്വകാര്യനിയമത്തെപോലും മാററിമറിക്കുകയാ ണ് അവർ ചെയ്തത്. 1947ൽ ഇന്ത്യ സ്വാതന്ത്ര്യം നേടി. അങ്ങിനെ ഇന്ത്യൻയൂനിയൻ, പാക്കിസ്താൻ എന്നീ രണ്ടു സ്വതന്ത്രരാഷ്ട്രങ്ങൾ നില വിൽവന്നു. പാക്കിസ്താനൊരു മുസ്ലിം രാഷ്ട്രമാണ്. അവിടെ വിവാഹം, വിവാഹമോചനം തുടങ്ങിയ വിഷ യങ്ങളെസ്സംബന്ധിച്ച ശരീഅത്തുനിയമത്തിൽ പോലും, ബ്രിട്ടീഷുകാർ ചെയ്യാൻ ധൈര്യപ്പെടാതിരുന്ന മാററ ങ്ങൾ വരുത്തിയിരിയ്ക്കുയാണ്. അടുത്ത കാലത്തായി സ്വാതന്ത്ര്യം പ്രാപിച്ച ഇന്തോനേഷ്യ, മലയ, ആഫ്രി ക്കൻ രാജ്യങ്ങൾ തുടങ്ങിയ മുസ്ലിം രാഷ്ട്രങ്ങളിലൊരിട ത്തും ഇസ്ലാമികശരീഅത്തിന്നു നിയമത്തിൻെറ സ്ഥാനം നല്കപ്പെട്ടിട്ടില്ല. ഇങ്ങിനെ മുസ്ലിംകളുടെ കയ്യാൽതന്നെ ഇസ്ലാമികശരീഅത്ത് ലോകത്തുനിന്നും നിഷ്കാസിത മായിരിക്കുകയാണ്.

ഇന്നു നേതൃത്വം കയ്യടക്കിവച്ചിട്ടുള്ള ശക്തികൾക്കു ഇസ്ലാമിൻെറ പൂണ്ണതയിൽ വിശ്വാസമില്ല എന്നതത്രെ ഇതിന്നു കാരണം. "മതം മനുഷ്യനും ദൈവവും തമ്മി ലുള്ള സ്വകാര്യവേഴ്ചയാണ്, അതിന്നു രാജ്യകാര്യങ്ങളു മായി ബന്ധമില്ല," എന്നതാണ് അവരുടെ 'അഖീദഃ.' ഇത്രയും വലിയ ഒരു 'ബിദ്അത്ത്' മുമ്പൊരിക്കലും സമുദായത്തിൽ വേരൂന്നിയിട്ടില്ല. ഇതിനെതിരെ ശബ്ദമുയർത്താൻ നമ്മുടെ പണ്ഡിതന്മാർ തയാറില്ല. പ്രത്യുത പലപ്പോഴും പരോക്ഷമായും, ചിലപ്പോൾ

പ്രത്യക്ഷമായിത്തന്നെയും ഏററവും കടുത്ത ഈ ബിദ്അത്തിനെ അംഗീകരിക്കുകയാണവർ ചെയ്യുന്നത്.

ഇനി മതവിഷയമെന്നു പറയപ്പെടുന്ന കാര്യങ്ങളെസ്സംബന്ധിച്ചിടത്തോളം തന്നെ സമുദായത്തിൻെറ നില എന്താണെന്നു നോക്കുക: നോമ്പ് നമസ്കാരാദി ഇസ്ലാമികസ്തംഭങ്ങൾ പോലും ഇന്നത്തെ മുസൽമാന്മാർ പുച്ഛഭാവേന തിരസ്കരിച്ചിരിക്കുന്നു. റസൂലിൻെറയോ സഹാബത്തിൻെറയോ കാലത്തെ ചരിത്രത്തിൽ നമസ്കാരമുപേക്ഷിക്കുന്ന ഒരു മുസ്ലിമിനെ കാണുകയില്ല. അങ്ങിനെയുള്ള ഒരു മുനാഫിഖിനെപ്പോലും കാണുവാൻ പ്രയാസമാണ്. ബനൂയർബൂഉഗോത്രം ഇസ്ലാമികസ്റ്റേയ്ററിൻെറ ഖജനാവിലേയ്ക്കു തങ്ങളുടെ സക്കാത്ത് നല്കയില്ലെന്നു പറഞ്ഞതേയുള്ളൂ. അപ്പോഴേയ്ക്കും സഹാബത്ത് അവരുടെ നേരെ യുദ്ധംപ്രഖ്യാപിച്ചു. എന്നാൽ ഇരുപതാം നൂററാണ്ടിൻെറ സവിശേഷത നോക്കൂ: ആജീവനാന്തം നമസ്കരിക്കാത്ത, കുബേരനെങ്കിലും ഒററ പൈസ സക്കാത്ത് കൊടുക്കാത്ത, റമസാനിൽ ഒരു നോമ്പും അനുഷ്ഠിക്കാത്ത, അങ്ങനെ ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങൾ പോലും ഇടിച്ചുതകക്കുന്ന— ആൾക്കു മുസ്ലിമാവാമെന്നല്ല, മുസ്ലിംകളുടെ അനിഷേദ്ധ്യ നേതാവുതന്നെയാവാമെന്നുവന്നിരിയ്ക്കുയാണ്! ഇതിലും വലിയ ബിദ്അത്ത് മറെറന്താനുള്ളത്?

മുസ്ലിംകളുടെ ധാർമ്മികാധഃപതനത്തിൻെറ കഥ പറയാതിരിക്കുകയാണ് ഭേദം. വ്യഭിചാരം, മദ്യപാനം, ചൂതാട്ടം, ചീട്ടുകളി എന്നുവേണ്ട, സകല വൃത്തികേടുകളും വഷളത്തങ്ങളും ഈ സമുദായത്തിൽ നിബ്ബാധം നടമാടുന്നു. കബളത, സ്മഗ്ലിങ്ങ്, കരിഞ്ചന്ത,

പൃഷ്ഠിവെപ്പ്, കൈക്കൂലി, അഴിമതി തുടങ്ങിയ സാമൂഹ്യവിരുദ്ധചെയ്തികളിൽനിന്നു സുരക്ഷിതനായ ഒരാളെപ്പോലുമിന്നു കണികാണുവാൻ പ്രയാസമാണ്. സുന്നത്തുകളുടെ സ്ഥാനം ബിദ്അത്തുകൾ കയ്യേറിയിരിക്കുന്നു. ഭൗതികത്വം തൗഹീദിനെ കാർന്നുതിന്നുന്നു. നന്മ തിന്മയും തിന്മ നന്മയുമായി മാറിയിരിക്കുന്നു. ഭയാനകമായ ഈ അന്തരീക്ഷത്തിൽ 'ഉത്തമസമുദായത്തി'ൻെറ ഉത്തരവാദിത്വമെന്താണ്?

ഇസ്ലാമികവ്യവസ്ഥിതിയെ പുനഃസ്ഥാപിക്കുവാൻ, സമുദായത്തെ സമുദ്ധരിക്കുവാൻ, ലോകത്തെ സത്യപന്ഥാവിലേക്ക് ക്ഷണിയ്ക്കുവാൻ, അങ്ങനെ വിശ്വസാഹോദര്യം ഒരിക്കൽകൂടി നിലവിൽ കൊണ്ടുവരുവാൻ, സ്വജീവനെ പരിത്യജിച്ചും മുമ്പോട്ടു വരിക. അതാണ്, അതു മാത്രമാണ് നമ്മുടെ 'ഇസ്സത്തി'നുള്ള ഏകമാർഗ്ഗം. ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ പ്രഖ്യാപിത ലക്ഷ്യവും അതത്രെ!

ആധുനിക യുഗത്തിലെ സമുദായ സമുദ്ധാരണകൃത്യമാണ് നാമേറെറടുത്തിട്ടുള്ളതെന്നു മേൽ പ്രസ്താവിച്ചതിൽനിന്നു ഗ്രഹിച്ചുവല്ലോ. ജനജീവിതമാകുന്ന വിശാലകെട്ടിടത്തിൻെറ ഏതു വശത്തിനു തകർച്ച പററിയിട്ടുണ്ടോ അതിനെ റിപ്പേർചെയ്ത് പരിഷ്കരിക്കുകയാണ് ഇസ്ലാമികപ്രബോധനത്തിൻെറ വിവക്ഷയെന്നു നാം മുമ്പ് കണ്ടു. ഇന്നു സമുദായജീവിതത്തിൻെറ സ്വകാര്യവശവും സാമൂഹ്യവശവും തകർക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമിക ശരീഅത്ത് മുഴുവനായും റദ്ദ്ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ ഇന്നത്തെ ഇസ്ലാമികപ്രബോധനം ഈ രണ്ടു വശങ്ങളെയും ഉദ്ധരിക്കുവാൻ ഉന്നം വച്ചുകൊണ്ടാവണമെന്നു വളരെ വ്യക്തമാണ്.

ഇന്ത്യൻ ജമാഅത്തെ ഇസ്ലാമി അതിൻെറ കർമ്മപരിപാടി രൂപീകരിച്ചിട്ടുള്ളത് പ്രസ്തുത ലക്ഷ്യത്തെ മുൻനിറുത്തിയാകുന്നു. കഴിഞ്ഞകാലത്തെ പരിഷ്കർത്താക്കളൊരും ഇസ്ലാമികവ്യവസ്ഥ, അഥവാ ശരീഅത്ത് പുനസ്ഥാപിക്കാൻ ശ്രമിച്ചിട്ടില്ലെങ്കിൽ അതിൻെറ കാരണം അന്നു ശരീഅത്തു് നിലവിലുണ്ടായിരുന്നുവെന്നതാണ്. എന്നാൽ ഇന്നു ശരീഅത്തിനെ തന്നെ പുനഃസ്ഥാപിക്കേണ്ട ചുതലയാണ് നമ്മുടെമേൽ വന്നുവീണിരിക്കുന്നത്. ഈ സംഗതി ഇസ്ലാമിക പ്രവർത്തകന്മാർക്ക് വിട്ടുപോവാൻ പാടില്ല.

ജമാഅത്തെ ഇസ്ലാമിയുടെ ഇസ്ലാമികപ്രവത്തനം മന്ദഗതിയിലെങ്കിലും പുരോഗമിക്കുകയാണ്. കേരളത്തിലും ആശാജനകമായ ഒരന്തരീക്ഷം തന്നെയാണുള്ളത്. ഇവിടെ ഇസ്ലാമിൻെറ വികാസത്തിനു ധാരാളം സാധ്യതകളുണ്ടു്. ഇവിടുത്തെ മണ്ണിനു ഈ പ്രസ്ഥാനം ആയിരക്കണക്കായ കൊല്ലങ്ങൾക്കു മുമ്പുതന്നെ പരിചയപ്പെട്ടിട്ടുണ്ടു്. ചേരമാൻപെരുമാൾ എന്ന കേരള രാജാവ് പ്രവാചകൻെറ ജീവിതദശയിൽതന്നെ അറേബ്യയിൽ പോയി ഇസ്ലാംമതം അവലംബിച്ചു. താമസിയാതെ മാലിക്കബ്നുദീനാറും സഹപ്രവത്തകരും ഇവിടെ വന്നു ഇസ്ലാമിക പ്രബോധനംതുടങ്ങി. ഇവിടുത്തെ ഭരണകത്താക്കളും ജനങ്ങളും അവക്കു നല്കിയ സ്വീകരണം രാജോചിതമായിരുന്നു. കേരളമക്കൾക്കു യഥാത്ഥ ഇസ്ലാം ഒരിക്കലും അപരിചിതമല്ല. യഥാത്ഥ ഇസ്ലാം കാണുന്നപക്ഷം, മുമ്പെന്നപോലെ ഇന്നും അതാശ്ലേഷിക്കുവാൻ അവർമുമ്പോട്ടുവരുമെന്നു നമുക്കുന്യായമായും പ്രതീക്ഷിക്കാം. അതുകൊണ്ടു റഫീഖുകളെ, ഉണരുക; പ്രവത്തിക്കുക!

# മൂലഗ്രന്ഥങ്ങൾ

ഈ പുസ്തകം രചിയ്ക്കുന്നതിനുപയോഗപ്പെട്ട

**മൂല ഗ്രന്ഥങ്ങളിൽ ചിലത്**

1 വിശുദ്ധ ഖുർആൻ
2 സഹീഹുൽ ബുഖാരി
3 സഹീഹു മുസ്‌ലിം
4 സയ്യിദ് സുലൈമാൻ നദ്‌വിയുടെ 'അർസുൽ ഖുർആൻ'
5 അബ്ദുൽ വഹ്ഹാബുന്നജ്ജാറിൻെറ 'ഖസസുൽ അൻബിയ'
6 ബൈബിൾ, പഴയ നിയമവും പുതിയ നിയമവും
7 സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ 'തഫ്ഹീമുൽ ഖുർആൻ'
8 ,, 'തജ്ദീദെ വ ഇഹ്‌യായെ ദീൻ'
9 ,, 'ഇസ്‌ലാമീ ഖാനൂൻ'
10 ,, 'ബുദ്ധിയുടെ വിധി'
11 മൗലാനാ മസ്ഊദ് ആലം നദ്‌വിയുടെ 'ഹിന്ദുസ്ഥാൻ കി പഹ്‌ലീ ഇസ്‌ലാമീ തഹ്‌രീക്'
12 മൗലാനാ അബുൽ ഹസൻ അലി നദ്‌വിയുടെ 'സീറത്തെ സയ്യിദ് അഹ്മദ്'
13 വക്കം, എം. അബ്ദുൽ ഖാദിർ മൗലവിയുടെ 'സൗഉസ്സബാഹ്'
14 അസ്അദ് ഗീലാനിയുടെ 'തഹ്‌രീകെ മുജാഹിദീൻ'
15 അബ്‌ലുവൈസ് മഅ്‌ലൂഫിൻെറ 'അൽ മുൻജിദ്'

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. M297
Acc. No. A5663

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M297 45663
MUH-I

മുഹമ്മദ് ടി
ഇസ്ലാമിലെ നവോത്ഥാന
പ്രസ്ഥാനങ്ങൾ

**KOTTAYAM PUBLIC LIBRARY**

Call No M297 Acc. No 45663

Author മുഹമ്മദ് ടി

Title ഇസ്ലാമിലെ നവോത്ഥാന
പ്രസ്ഥാനങ്ങൾ